# സീറോമലബാർ വിഷൻ

സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരണം

MARCH 2025 | Vol - 5 ● Issue - 3 ● 16 Page Tabloid | www.syromalabarvision.com


# ഉപരിസ്നേഹത്താൽ പരിഹാരം ചെയ്യേണ്ട സമയം



**ദൈവത്തോടെന്നതുപോലെ തന്നെ നമ്മുടെ സഹോദരങ്ങളോടും നാം രമ്യതപ്പെടേണ്ടതുണ്ട്. ക്ഷമ ചോദിച്ചും ക്ഷമ നല്കിയും നാം ബന്ധങ്ങൾ പുനഃസ്ഥാപിക്കേണ്ടതുണ്ട്.**

**റവ. ഡോ. ജെയിംസ് കിളിയനാനിക്കൽ**

മാനവകുലം ഏവംവിധം അന്യവൽക്കരിക്കപ്പെട്ട ഒരു ലോകത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ഏകനീഢത്തിലെന്ന വണ്ണം കഴിയേണ്ട മാനവരാശി ഭിന്നതയിൽ സ്വയം നശിക്കുന്ന കാഴ്ചയാണ് ഇന്നുള്ളത്. യുദ്ധം, വർഗീയകലാപങ്ങൾ, സംഘർഷങ്ങൾ, തർക്കങ്ങൾ, വഴക്കുകൾ ഇങ്ങനെ നീളുന്നു ഭിന്നിപ്പിന്റെ രൂപഭാവങ്ങൾ. രാഷ്ട്രങ്ങളും മതങ്ങളും കുടുംബങ്ങളും വ്യക്തികളും ഭിന്നിപ്പിന്റെ രംഗവേദികളായി മാറിയിരിക്കുന്നു. സ്നേഹം പൂത്തുലയേണ്ട ഈ വസുന്ധര കണ്ണീരിന്റെ താഴ്‌വരയായി മാറുന്നു. മാനവചരിത്രം സഹോദരന്റെ രക്തംവീണ് പങ്കിലമായിക്കൊണ്ടേയിരിക്കുന്നു. നഷ്ടപ്പെട്ട പറുദീസയെക്കുറിച്ചുള്ള ഓർമകൾ ദുഃഖമായി നിഴൽ വിരിക്കുമ്പോൾ ഭാവിയെ ഭാസുരമാക്കാൻ പ്രത്യാശയുടെ പ്രഭാപൂരമായി നിലകൊള്ളേണ്ട 'സ്വർഗം' ഒരു മരീചിക മാത്രമായി അവശേഷിക്കുമോ എന്ന നിരാശ മനുഷ്യനെ വേട്ടയാടുന്നു.

എവിടെയെല്ലാമാണ് സ്നേഹത്തിന്റെ കണ്ണികൾ പൊട്ടിയത്? മനുഷ്യൻ തന്റെ പാപത്തിലൂടെ സ്രഷ്ടാവായ ദൈവവുമായുള്ള ബന്ധത്തിൽ വിള്ളൽ വീഴ്ത്തി. തന്റെ സഹജീവിയായ ഇതരമനുഷ്യരിൽ നിന്നും അകന്നു. തന്നിൽ നിന്നുതന്നെയും അവൻ അന്യവൽക്കരിക്കപ്പെട്ടവനായി. ഈ പ്രപഞ്ചം മുഴുവനോടും അവൻ ഭിന്നതയിലായി. പാപം ദൈവത്തോടും സഹോദരങ്ങളോടും തന്നോടുതന്നെയും പ്രപഞ്ചം മുഴുവനോടുമുള്ള ദ്രോഹമായിരുന്നു. ഈ ഭിന്നതയിൽ നിന്ന് ഐക്യപ്പെടലിലേക്ക്, ശത്രുതയിൽ നിന്ന് സ്നേഹത്തിലേക്ക്, അന്യവൽക്കരണത്തിൽ നിന്ന് 'സ്വന്ത' വത്ക്കരണത്തിലേക്ക് എത്തുന്നതാണ് അനുരഞ്ജനം. അനുരഞ്ജനത്തിനുള്ള അവസരമാണ് ഓരോ നോമ്പുകാലവും നമുക്ക് സമ്മാനിക്കുന്നത്. സമയം പൂർത്തിയായി. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ചു സുവിശേഷത്തിൽ വിശ്വസിക്കുവിൻ' എന്ന ദൈവസ്വരം നമ്മുടെ കാതുകളിൽ പ്രതിധ്വനിക്കുന്ന അവസരമാണ് ഇത്.

അനുരഞ്ജനം എന്നതിന് ഇംഗ്ലീഷിൽ ഉപയോഗിക്കുന്ന reconciliation എന്ന പദം ലത്തീൻ ഭാഷയിലെ reconciliatioയിൽ നിന്നും രൂപപ്പെട്ടതാണ്. അതിനർഥം നവീകരണം, പുതുക്കിപ്പണിയൽ എന്നെല്ലാമാണ്. ലത്തീനിൽത്തന്നെയുള്ള reconciliare എന്ന പദവും ഇതിന്റെ വ്യുല്പത്തിയുമായി ബന്ധപ്പെട്ടതാണ്. അതിനർഥം പുനർഐക്യം (re unite) കേടുപോക്കൽ, നന്നാക്കൽ (repair) എന്നൊക്കെയാണ്. ചുരുക്കത്തിൽ നഷ്ടപ്പെട്ട ബന്ധം വീണ്ടെടുക്കലാണ് അനുരഞ്ജനം.

അനുരഞ്ജനം പൂർണതയിലെത്താൻ ആവശ്യമായ ഘടകങ്ങളാണ് അനുതാപം, മാനസാന്തരം, പരിഹാരം, നവീകരണം എന്നിവ. അനന്തസ്നേഹവും പരമനന്മയുമായ ദൈവത്തെ പാപം മൂലം ഞാൻ വേദനിപ്പിച്ചല്ലോ എന്ന രോദനമാണ് അനുതാപത്തിന്റെ സാരാംശം. ദൈവത്തിന്റെ അനന്ത കാരുണ്യത്തെക്കുറിച്ചുള്ള ബോധ്യവും പാപത്തിന്റെ ഹീനതയെക്കുറിച്ചുള്ള ചിന്തയും ആത്മാവിന്റെ നാശത്തെക്കുറിച്ചുള്ള ദുഃഖവും അനുതാപത്തിന് ആവശ്യമാണ്. നഷ്ടപ്പെട്ട ആടിനെ കണ്ടെത്തി തോളിലേറ്റുന്ന ഇടയനിലൂടെയും തിരിച്ചുവരുന്ന തന്റെ മകനെ കണ്ട് ഓടിവന്ന് കെട്ടിപിടിച്ച് അവനായി സദ്യ ഒരുക്കുന്ന പിതാവിലൂടെയും പാപിയോടുള്ള ദൈവത്തിന്റെ മനസ് എന്താണെന്ന് ഈശോ കാണിച്ചുതരുന്നു. തന്റെ പാദങ്ങൾ കണ്ണീരുകൊണ്ട് കഴുകിയ പാപിനിയോടും കല്ലെറിയാൻ കൊണ്ടുവരപ്പെട്ട വ്യഭിചാരിണിയോടും കരുണാർദ്രസ്നേഹത്തിന്റെ ഹൃദയഭാവം ഈശോ പ്രകടമാക്കി. നമ്മുടെ ദൈവം കാരുണ്യമാണ്. അനുതപിക്കുന്ന പാപിക്ക് ക്ഷമ നല്കി ചേർത്തുനിർത്തുന്നവനാണ്. ഈ കാരുണ്യം അനുഭവിക്കാൻ സഭ പ്രത്യേകമായ വിധം ക്ഷണിക്കുകയാണ് ഓരോ നോമ്പുകാലത്തിലൂടെയും ചെയ്യുന്നത്. ദൈവകരുണയുടെ സന്ദേശവാഹകയായ വിശുദ്ധ ഫൗസ്റ്റീന പറയുന്നു' ദൗർഭാഗ്യരായ എല്ലാ ആത്മാക്കളുടെയും പാപം എന്റെ മനഃസാക്ഷിയെ ഭാരപ്പെടുത്തിയാലും ഞാൻ ദൈവത്തിന്റെ കാരുണ്യത്തെ സംശയിക്കുകയില്ല. ഹൃദയം നുറുങ്ങി ഞാൻ ആ കാരുണ്യസാഗരത്തിലേക്ക് എടുത്തുചാടും'. നമ്മുടെ പാപം നമ്മെ നിരാശപ്പെടുത്തുകയോ തകർക്കുകയോ ചെയ്യാതിരിക്കട്ടെ. ദൈവകരുണയിൽ നമുക്കു ആശ്രയിക്കാം.

പാപത്തെക്കുറിച്ചുള്ള ബോധ്യം നമ്മിൽ നിറച്ച് അനുതാപ ചൈതന്യം പകരുന്നത് പരിശുദ്ധാത്മാവാണ്. നമ്മുടെ പാപങ്ങൾ അംഗീകരിച്ച് ഏറ്റുപറഞ്ഞ് ക്ഷമ ചോദിക്കുക എന്നതിലേക്ക് അനുതാപം നമ്മെ എത്തിക്കണം. വചനം പറയുന്നതുപോലെ' നമുക്കു പാപമില്ലെന്ന് നാം പറഞ്ഞാൽ അത് ആത്മവഞ്ചനയാകും. അപ്പോൾ നമ്മിൽ സത്യമില്ലെന്നുവരും. എന്നാൽ നാം പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ അവൻ വിശ്വസ്തനും നീതിമാനുമാകയാൽ പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലും നിന്ന് നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും.' (1 യോഹ. 1:8-9) സങ്കീർത്തകൻ ഉദ്ഘോഷിക്കുന്നതുപോലെ 'അതിക്രമങ്ങൾക്കു മാപ്പും പാപങ്ങൾക്കു മോചനവും ലഭിച്ചവൻ ഭാഗ്യവാൻ' (സങ്കീ 32:1) ആകയാൽ പാപം ചെയ്ത ദാവീദ് അനുതപിച്ച് കരഞ്ഞപേക്ഷിച്ചതുപോലെ' ദൈവമേ അങ്ങയുടെ കാരുണ്യത്തിനൊത്ത് എന്നോട് ദയതോന്നണമേ. അങ്ങയുടെ കാരുണ്യാതിരേകത്തിനൊത്ത് എന്റെ അതിക്രമങ്ങൾ മായിച്ചുകളയണമേ' (സങ്കീ 51:1) എന്ന് ഹൃദയപൂർവം പ്രാർഥിക്കാൻ നമുക്ക് കഴിയട്ടെ.

അനുതാപം ഒരുവനെ മാനസാന്തരത്തിലേക്കും പുതുജീവിതത്തിലേക്കും നയിക്കുമ്പോഴാണ് അത് ഫലവത്താകുന്നത്. പാപങ്ങളുടെ ഉപേക്ഷയും ജീവിതത്തിന്റെ നവീകരണവും വീഴ്ചയുടെ പരിഹാരവും ഉൾച്ചേർന്നതാണ് മാനസാന്തരം. 'ഇന്ന് ഈ ഭവനം രക്ഷപ്രാപിച്ചിരിക്കുന്നു' എന്ന് ഈശോ പറഞ്ഞത് സക്കേവൂസ് തന്റെ സമ്പത്തിന്റെ പകുതി ദരിദ്രർക്കു കൊടുക്കുന്നുവെന്നും ആരുടെയെങ്കിലും വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ അവ നാലിരട്ടിയായി തിരിച്ചുകൊടുക്കുമെന്നുമുള്ള തീരുമാനം ഏറ്റുപറഞ്ഞപ്പോഴാണല്ലോ? പാപം ഉപേക്ഷിക്കുന്നതോടൊപ്പം കടങ്ങൾ വീട്ടിക്കൊണ്ട് വീഴ്ചകൾ പരിഹരിക്കേണ്ടതുമുണ്ട്. ഉപരിസ്നേഹത്താൽ മാത്രമേ പരിഹാരം സാധ്യമാകൂ.' ഇവൾ അധികം സ്നേഹിച്ചതുകൊണ്ട് ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു' എന്നാണല്ലോ ഈശോ പറഞ്ഞത്. (ലൂക്കാ 7:47)

സഭയുടെ മതബോധനഗ്രന്ഥം ഈ വിധം നമ്മെ പ്രബോധിപ്പിക്കുന്നു:

'ആന്തരികമായ പശ്ചാത്താപം നമ്മുടെ ജീവിതത്തിനു മുഴുവൻ മൗലികമായ ഒരു പുനരാഭിമുഖ്യം പ്രദാനം ചെയ്യുന്നു. അത് ഒരു തിരിച്ചുവരവാണ്, പൂർണഹൃദയത്തോടെ ദൈവത്തിലേക്കുള്ള മാനസാന്തരമാണ്. പാപത്തിൽ നിന്നുള്ള പിന്തിരിയലാണ്. നാം ചെയ്തിട്ടുള്ള തിന്മപ്രവൃത്തികളോടുള്ള വെറുപ്പും തിന്മയിൽ നിന്നുള്ള അകൽച്ചയുമാണ്. അതേ സമയം ദൈവത്തിന്റെ കരുണയിലുള്ള പ്രത്യാശയോടും അവിടുത്തെ കൃപാവരത്തിലുള്ള ആശ്രയബോധത്തോടും കൂടി ജീവിതത്തിൽ പരിവർത്തനം വരുത്തുവാനുള്ള ആഗ്രഹവും തീരുമാനവും അതുൾക്കൊള്ളുന്നു. ഈ മാനസാന്തരത്തോടുകൂടി രക്ഷാകരമായ ദുഃഖവും വേദനയും ഉണ്ടാകുന്നു (മതബോധനഗ്രന്ഥം 1431).

പാപം ക്ഷമിക്കാനും പാപത്തിന് യഥാവിധി പരിഹാരം ചെയ്യാനും ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളൂ. അതാണ് കാൽവരിയിൽ നാം കാണുന്നത്. ദൈവപുത്രൻ മാനവരാശിയുടെ പാപം വഹിച്ച് പരിഹാരം ചെയ്യുകയും അതു നീക്കിക്കളയുകയും ചെയ്തു. പാപക്ഷമ യാഥാർത്ഥ്യമായി. പാപത്താൽ മനുഷ്യൻ നഷ്ടമാക്കിയ പറുദീസയ്ക്കുപരി സ്വർഗീയമഹത്വം നല്കി ദൈവം മനുഷ്യനെ അനുഗഹിച്ചു. 'ദൈവം മനുഷ്യരുടെ തെറ്റുകൾ അവർക്കെതിരെ പരിഗണിക്കാതെ രമ്യതയുടെ സന്ദേശം ഞങ്ങളെ ഭരമേല്പിച്ചു കൊണ്ട് ക്രിസ്തുവഴി ലോകത്തെ തന്നോട് രമ്യതപ്പെടുത്തുകയായിരുന്നു' (2 കോറി 5:19) എന്ന് പൗലോസ് അപ്പസ്തോലൻ പ്രബോധിപ്പിക്കുന്നു. വീണ്ടും വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു:' സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളെയും അവനിലൂടെ അവിടുന്ന് തന്നോട് അനുരഞ്ജിപ്പിക്കുകയും അവൻ കുരിശിൽ ചിന്തിയ രക്തം വഴി സമാധാനം സ്ഥാപിക്കുകയും ചെയ്തു' (കൊളോ 1:20). യേശുക്രിസ്തുവിന്റെ കുരിശിലെ ബലി വഴിയാണ് മാനവരാശി ദൈവവുമായി അനുരഞ്ജനം സാധിച്ചത്. ആ ബലി ഓരോ വിശുദ്ധ കുർബാനയിലും പുനരാവിഷ്ക്കരിക്കപ്പെടുന്നു; നാം ഉപരി നവീകരിക്കപ്പെടുന്നു.! യേശുക്രിസ്തുവിന്റെ ബലി ധ്യാനിച്ചുകൊണ്ടായിരിക്കണം നമ്മുടെ പാപത്തെക്കുറിച്ച് അനുതപിക്കേണ്ടത്. കുരിശിലെ അവിടുത്തെ മുറിവുകൾ

**ശേഷം പേജ് 4-ൽ**

## എഡിറ്റോറിയൽ

# അനുരഞ്ജനം: സൗഖ്യത്തിലേക്കും നവീകരണത്തിലേക്കുമുള്ള ആത്മീയയാത്ര

നമ്മുടെ വിശ്വാസയാത്രയിൽ, അനുരഞ്ജനം ദൈവത്തിന്റെ അതിരറ്റ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും ആഴമായ സാക്ഷ്യമായി നിലകൊള്ളുന്നു. മാനസാന്തരം ഒരു അനിവാര്യഘട്ടമാണെങ്കിലും അനുരഞ്ജനത്തിലൂടെയാണ്, ആത്മാവിനും ദൈവത്തിനും ഇടയിൽ മാത്രമല്ല, നമ്മുടെ ഉള്ളിലും നമ്മുടെ ബന്ധങ്ങളിലും യഥാർഥ സൗഖ്യവും നവീകരണവും സംഭവിക്കുന്നത്. നമ്മുടെ ആത്മീയവഴികളിലും ദൈനംദിനജീവിതത്തിലും അനുതാപത്തെ നവീകരണത്തിലേക്ക് നയിക്കുന്ന പാലമാണ് അനുരഞ്ജനം.

പുതിയ നിയമത്തിൽ, പാപികൾ, ചുങ്കക്കാർ, പാർശ്വവത്ക്കരിക്കപ്പെട്ടവർ എന്നിവരിലേക്ക് എത്തിച്ചേരുന്നതിലൂടെ, അനുതപിക്കാൻ മാത്രമല്ല, ദൈവത്തിന്റെ പരിവർത്തനാത്മക സ്നേഹം അനുഭവിക്കാനും അവരെ പ്രേരിപ്പിച്ചുകൊണ്ട് ഈശോ തന്റെ പ്രവൃത്തിയിൽ അനുരഞ്ജനം നിരന്തരം പ്രകടമാക്കി. ധൂർത്തപുത്രന്റെ ഉപമ (ലൂക്ക 15:11-32) ഇത് മനോഹരമായി ചിത്രീകരിക്കുന്നു: പിതാവ് മകന്റെ പശ്ചാത്താപം സ്വീകരിക്കുക മാത്രമല്ല, ആ കുടുംബത്തിൽ അവനുണ്ടായിരുന്ന സ്ഥാനത്തു അവനെ പൂർണമായും പുനഃസ്ഥാപിക്കുകയും ചെയ്യുന്നു. ഇതാണ് അനുരഞ്ജനത്തിന്റെ കാതൽ: കേവലം ക്ഷമ മാത്രമല്ല, പൂർണമായ പുനഃസ്ഥാപനമാണത്.

മറ്റുള്ളവരുമായുള്ള നമ്മുടെ ബന്ധങ്ങളിലും അനുരഞ്ജനം അനിവാര്യമാണ്. മനുഷ്യന്റെ ബലഹീനത തെറ്റിദ്ധാരണകളിലേക്കും സംഘർഷങ്ങളിലേക്കും, കുടുംബങ്ങളെയും സമൂഹങ്ങളെയും രാഷ്ട്രങ്ങളെയും പോലും തകർക്കുന്ന മുറിവുകളിലേക്കും നയിക്കുന്നു. എന്നാൽ ഈശോ നമ്മെ സമാധാനം സ്ഥാപിക്കുന്നവരാകാൻ വിളിക്കുന്നു; ക്ഷമ ലഭിച്ചതുപോലെ ക്ഷമിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു (മത്താ 6:14-15). അനുരഞ്ജനം സ്നേഹത്തിന്റെയും ധൈര്യത്തിന്റെയും ഒരു പ്രവൃത്തിയാണെന്നും വിദ്വേഷത്തേ മറികടന്ന് സൗഖ്യത്തിലേക്കു പ്രവേശിക്കാൻ അതു നമ്മോട് ആവശ്യപ്പെടുന്നുവെന്നും ഫ്രാൻസിസ് മാർപാപ്പ പലപ്പോഴും ഊന്നിപ്പറയുന്നുണ്ട്. അനുരഞ്ജനത്തിനായി മറ്റുള്ളവരുമായി നാം കൈകോർക്കുമ്പോൾ, നാം നമ്മുടെ വിശ്വാസം പുനഃസ്ഥാപിക്കുകയും, ഭിന്നതകൾ പരിഹരിക്കുകയും ഐക്യത്തിന്റെയും സ്നേഹത്തിന്റെയും ഒരു സംസ്കാരം കെട്ടിപ്പടുക്കുകയും ചെയ്യുന്നു.

പ്രാർഥനയുടെയും ഉപവാസത്തിന്റെയും ദാനധർമ്മത്തിന്റെയും സമയമായ നോമ്പുകാലത്തിലേക്കു കടക്കുമ്പോൾ, ദൈവവുമായും തമ്മിൽത്തമ്മിലും അനുരഞ്ജനപ്പെടാൻ ഈ കാലഘട്ടം നമ്മെ നമ്മെ ഓർമപ്പെടുത്തുന്നു. മനുഷ്യവർഗത്തിനും ദൈവത്തിനും ഇടയിലുള്ള അനുരഞ്ജനത്തിന്റെ ആത്യന്തിക അടയാളമായി തന്നെത്തന്നെ സമർപ്പിച്ച ഈശോയുടെ കുരിശിലേക്കുള്ള പാതയെ പ്രതിഫലിപ്പിക്കുന്ന നോമ്പുകാലം നവീകരണത്തിലേക്കുള്ള ഒരു വിശുദ്ധ യാത്രയാണ്. പരിഹാരത്തിന്റയും ആത്മാർഥമായ അനുതാപത്തിന്റെയും പ്രവൃത്തികളിലൂടെ, ക്രിസ്തുവിന്റെ സ്നേഹം നമ്മുടെ മുറിവുകൾ സുഖപ്പെടുത്താനും നമ്മുടെ ബന്ധങ്ങൾ പുനഃസ്ഥാപിക്കാനും അനുവദിച്ചുകൊണ്ടു, ക്ഷമയുടെ കൃപയ്ക്കായി നമ്മുടെ ഹൃദയങ്ങളെ നമുക്ക് തുറക്കാം. അനുരഞ്ജനത്തിന്റെ കൂദാശ സ്വീകരിച്ചുകൊണ്ട്, തകർന്ന ബന്ധങ്ങൾ നന്നാക്കിയും കാരുണ്യത്തിന്റെ ആത്മാവിനെ സ്വീകരിച്ചും നമുക്ക് ഈ വലിയ നോമ്പിന്റെ ചൈതന്യം ജീവിക്കാൻ പരിശ്രമിക്കാം. ■


**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**സഹ രക്ഷാധികാരി**
മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, കൂരിയ ബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**മാനേജിങ് എഡിറ്റർ**
ഫാ. സെബി കൊളങ്ങര
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ. ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ

**എഡിറ്റോറിയൽ ബോർഡ്**
ഫാ. ജോജി കല്ലിങ്ങൽ
ഫാ. ആന്റണി വടക്കേകര VC
ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ
ഡോ. ചാക്കോ കാളംപറമ്പിൽ
ഡോ. കൊച്ചുറാണി ജോസഫ്
അഡ്വ. അജി ജോസഫ്
സി. ലിൻഡ മൈക്കിൾ MSMI
സി. സെലിൻ ജോർജ് MSMI
സി. ജിഷ ജോബ് MSMI

**ഡിസൈൻ & പ്രിന്റ്**: ഡോൺ ബോസ്കോ IGACT, എറണാകുളം, Ph: 0484-2806411
**ഐ.ടി. സപ്പോർട്ട്**: ജോബ് ജോസഫ്

For Editorial queries: Email: syromalabarvision@gmail.com
മാനേജിങ് എഡിറ്റർ : 9447269363, Website: www.syromalabarvision.com


## ഓർമിക്കാനൊരു ദിനം

**മാർച്ച് 2:** നോമ്പ് ഒന്നാം ഞായർ (ഇന്ന് പാതിരാമുതൽ നോമ്പാരംഭം)
**മാർച്ച് 3:** വിഭൂതി
**മാർച്ച് 18:** മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തായുടെ ചരമം (2023)
ജറുസലെമിലെ വിശുദ്ധ സിറിൽ
**മാർച്ച് 19:** വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ
**മാർച്ച് 23:** കർദ്ദിനാൾ മാർ ആന്റണി പടിയറയുടെ ചരമവാർഷികം (2000)
**മാർച്ച് 25:** മംഗളവാർത്തത്തിരുനാൾ
മാർ ആന്റണി ചിറയത്തിന്റെ മെത്രാഭിഷേകം (2006)
**മാർച്ച് 26:** പാതിനോമ്പ്
**മാർച്ച് 28:** മാർ ജാനുവാരിയൂസ് പാലാത്തുരുത്തിയുടെ ചരമം (1995)

## നാമഹേതുകതിരുനാൾ മംഗളങ്ങൾ

**മാർച്ച് 19**


ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം


ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി


ബിഷപ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ


ബിഷപ് മാർ ജോസഫ് കുന്നത്ത്


ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്


ബിഷപ് മാർ ജോസ് പൊരുന്നേടം


ബിഷപ് മാർ ജോസഫ് പണ്ടാരശ്ശേരി


ബിഷപ് മാർ ജോസഫ് അരുമച്ചാടത്ത്


ബിഷപ് മാർ ജോസ് ചിറ്റൂപറമ്പിൽ


ബിഷപ് മാർ ജോസഫ് കൊല്ലംപറമ്പിൽ


ബിഷപ് മാർ ജോസഫ് കൊല്ലംപറമ്പിൽ


ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ


ബിഷപ് മാർ ജോസഫ് കൊടകല്ലിൽ


ബിഷപ് മാർ ജോസ് കല്ലുവേലിൽ


ബിഷപ് മാർ ജോസ് പുളിക്കൽ


ബിഷപ് മാർ ജോസഫ് സ്രാമ്പിക്കൽ

**മാർച്ച് 23**



ബിഷപ് മാർ വിജയാനന്ദ് നെടുമ്പുറം

## വഴികാട്ടികൾ

# റോമിലെ വി. ക്ലമന്റ്

റവ.ഡോ. അലക്സ് കൊല്ലംകളം

അപ്പസ്തോലിക പിതാക്കന്മാരിൽ ഒരാളായ വി. ക്ലമന്റ്, വി. പത്രോസിനും ലിനൂസിനും അനാക്ലെറ്റസിനും ശേഷം റോമിലെ നാലാമത്തെ മെത്രാനായിരുന്നു. വി.പത്രോസ് ശ്ലീഹായിൽ നിന്ന് നേരിട്ടാണ് അദ്ദേഹം മെത്രാൻപട്ടം സ്വീകരിച്ചതെന്നും ശ്ലീഹായുടെ മരണശേഷം അദ്ദേഹം മറ്റ് രണ്ടുമാർപാപ്പമാരുടെയും സഹായമെത്രാനായി തുടർന്നു എന്നുമുള്ള പാരമ്പര്യം തെർത്തുല്യനും സലമീനായിലെ വി. എപ്പിഫാനിയസും അവതരിപ്പിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പാപ്പാകാലം ക്രിസ്തുവർഷം 92 മുതൽ 101 വരെയായിരുന്നു എന്ന് സഭാചരിത്രകാരനായ വി. എവുസേബിയൂസ് സാക്ഷ്യപ്പെടുത്തുന്നു (തിരുസഭാചരിത്രം 3,15,34). റോമൻ ചക്രവർത്തിയായിരുന്ന ട്രാജന്റെ (98117) മൂന്നാം ഭരണവർഷമാണ് ക്ലമന്റ് ദിവംഗതനായതെന്ന് വി. ജറോമും സാക്ഷ്യം നല്കുന്നുണ്ട് (De Viris Illustribus 15). വി. പൗലോസ് ശ്ലീഹാ ഫിലിപ്പിയിലെ സഭയ്ക്കെഴുതിയ ലേഖനം നാലാം അധ്യായം മൂന്നാം വാക്യത്തിൽ കാണുന്ന ക്ലമന്റ് റോമിലെ വി.ക്ലമന്റ് തന്നെയാണെന്ന് ഒരിജനും എവുസേബിയൂസും ജെറോമും എഴുതുന്നുണ്ടെങ്കിലും ആധുനിക ചരിത്രകാരന്മാരിൽ പലരും



ഇതിനോടു യോജിക്കുന്നില്ല. വി. ക്ലമന്റിന്റെ പേരിൽ പല കൃതികളും ആരോപിക്കപ്പെടുന്നുണ്ടെങ്കിലും കോറിന്തിലെ സഭയ്ക്കെഴുതിയ കത്ത് മാത്രമാണ് അദ്ദേഹത്തിന്റെ ആധികാരിക കൃതിയായി അംഗീകരിക്കപ്പെടുന്നത്.

തന്റെ പേര് പരാമർശിക്കാതെ 'റോമിൽ വസിക്കുന്ന ദൈവത്തിന്റെ സഭ കോറിന്തിൽ വസിക്കുന്ന ദൈവത്തിന്റെ സഭയ്ക്ക് എഴുതുന്നത്' എന്ന മുഖവുരയോടെയാണ് അദ്ദേഹം ഈ കത്ത് ആരംഭിക്കുന്നത്. വൈദികസമൂഹത്തിനെതിരെ കലാപമുയർത്താൻ ദൈവജനത്തെ പ്രേരിപ്പിച്ച അവിവേകികളും അഹങ്കാരികളുമായ ഒരു കൂട്ടം ആളുകൾ കോറിന്തോസ് സഭയുടെ ആദരണീയവും ശ്രേഷ്ഠവുമായ പേരിന് കളങ്കം വരുത്തി (അധ്യായം 1) എന്ന അദ്ദേഹത്തിന്റെ വാക്കുകളിൽ ഈ കത്ത് എഴുതപ്പെട്ട സാഹചര്യം വ്യക്തമാണ്. സഭയിൽ ഉയർന്നുവന്ന വിഭാഗീയതയുടെ പശ്ചാത്തലത്തിൽ കോറിന്തോസുകാരിൽ ചിലർ ആവശ്യപ്പെട്ടതനുസരിച്ചാണ് അദ്ദേഹം ഈ കത്ത് എഴുതിയത്. ഈ വിഭാഗീയതയ്ക്ക് കാരണം സഭാംഗങ്ങളിൽ ചിലർക്ക് വൈദികസമൂഹത്തോടുള്ള അസൂയയാണെന്ന് ക്ലെമന്റ് തിരിച്ചറിഞ്ഞു. മറ്റുള്ളവരുടെ അസൂയമൂലം പീഡനങ്ങൾ ഏല്ക്കേണ്ടിവന്ന പഴയനിയമ (ആബേൽ, യാക്കോബ്, പൂർവ്വയൗസേപ്പ്, മോശ, അഹറോനും മിറിയാമും, ദാതാനും അബീറാമും, ദാവീദ് രാജാവ്) പുതിയ നിയമ (പത്രോസ് പൗലോസ് ശ്ലീഹന്മാർ, മറ്റ് അപ്പസ്തോലന്മാർ തുടർന്നുവന്ന വിശുദ്ധർ) കഥാപാത്രങ്ങളെ അദ്ദേഹം അവതരിപ്പിക്കുന്നു. ഒപ്പം അനുസരിച്ചവർക്കും (ഏനോക്ക്, നോഹ, അബ്രാഹം, ലോത്ത്) വിശ്വസിച്ചവർക്കും (റാഹാബ്) കിട്ടിയ രക്ഷാഅനുഭവവും വിവരിക്കുന്നു. ഈ പശ്ചാത്തലത്തിൽ അസൂയ ഉപേക്ഷിച്ച് എളിമയുള്ളവരാകാൻ കോറിന്തിലെ സഭയെ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

വൈദികസമൂഹത്തിന്റെ അധികാരം അപ്പസ്തോലന്മാരിൽ നിന്നു നേരിട്ടു ലഭിച്ച അപ്പസ്തോലിക പിന്തുടർച്ചയാണെന്നും ദൈവജനത്തിന് അവരെ ചോദ്യം ചെയ്യാൻ അവകാശമില്ലെന്നും വ്യക്തമാക്കുന്ന (അധ്യായം 42-44) അദ്ദേഹം ഫീനിക്സ്പക്ഷിയുടെ ഉദാഹരണത്തിലൂടെ ശരീരങ്ങളുടെ ഉയിർപ്പ് വിശദീകരിക്കാൻ ശ്രമിക്കുന്നത് (അധ്യായം 24-25) ഏറെ ശ്രദ്ധേയമാണ്. ■

# അനുരഞ്ജനവും പരിമളതൈലവും

മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ

**അനുരഞ്ജനം നമ്മെത്തന്നെ അടിച്ചുവൃത്തിയാക്കുന്നതാണ്. നമ്മൾ അതിന് വിളക്കുകൊളുത്തണം, ചൂലെടുക്കണം, കഷ്ടപ്പെട്ടു തൂത്തുവാരണം. അനുരഞ്ജനത്തിന്റെ പാഠം നമ്മുടെ കഠിനാധ്വാനത്തിന്റെയും കഷ്ടപ്പാടിന്റെയും സന്മനോഭാവത്തിന്റെയും നിലപാടിൽനിന്നു ആരംഭിക്കണം.**



ദൈവമനുഷ്യബന്ധത്തിന്റെ വികാരനിർഭരമായ കഥ പറയുന്ന പുസ്തകമാണ് വിശുദ്ധ ഗ്രന്ഥം. മനുഷ്യനെ ദൈവം അന്വേഷിക്കുന്നതിലാണ് അനുരഞ്ജനത്തിന്റെ ആരംഭം. ഉല്പത്തി മൂന്നാം അധ്യായത്തിൽ ആദിമാതാപിതാക്കൾ പിശാചിന്റെ പ്രലോഭനത്തിൽ അകപ്പെട്ട് പാപം ചെയ്തതിന്റെ ഫലമായി അവർ പറുദീസായിൽ

വലിയ ഇടയന്റെ ഹൃദയത്തിൽനിന്ന്

നിന്ന് പുറത്തായതായി നാം വായിക്കുന്നുണ്ട്. പാപം ചെയ്ത മനുഷ്യനെ അന്വേഷിക്കുന്ന ഒരു ദൈവത്തിന്റെ ഒരു കഥ ഉല്പത്തി 3:10-ൽ നാം കാണുന്നുണ്ട്. ആദാം നീയെവിടെയാണ്?

മനുഷ്യൻ ദൈവത്തെ അന്വേഷിക്കുന്നതാണ് അനുരഞ്ജനം എന്നു പറയുന്നതിനെക്കാൾ വിശുദ്ധ ഗ്രന്ഥം പറയുന്നത് മനുഷ്യൻ നഷ്ടപ്പെടുന്നതിൽ ആകുലപ്പെടുകയും സങ്കടപ്പെടുകയും സംഘർഷത്തിലാവുകയും ചെയ്യുന്ന ദൈവത്തിന്റെ കഥയാണ്. അനുരഞ്ജനത്തിന്റെ ഏറ്റവും മനോഹരമായ കഥകൾ ലൂക്കാ സുവിശേഷത്തിലെ 15-ാം അധ്യായത്തിലാണുള്ളത്. അവിടെ മൂന്നുകഥകളാണ് ഈശോ പഠിപ്പിക്കുന്നത്. ഈ മൂന്നുകഥകളും അനുരഞ്ജനത്തിന്റെ വ്യത്യസ്തമാനങ്ങൾ വ്യക്തമാക്കുന്നവ കൂടിയാണ്.

കാണാതെ പോയ നാണയത്തിന്റെ കഥയാണ് അതിലൊന്ന്. പത്തു നാണയങ്ങളുള്ള ഒരു സ്ത്രീക്ക് അതിലൊന്ന് നഷ്ടപ്പെടുന്നു. അവൾ അതോർത്ത് വളരെയധികം ആകുലചിത്തയാകുന്നു കാരണം കീ കോയിനാണ് നഷ്ടപ്പെട്ടിരിക്കുന്നത്. അതുണ്ടെങ്കിലേ മറ്റ് ഒമ്പതു നാണയങ്ങൾക്കും മൂല്യമുള്ളൂ. ദൈവവുമായുള്ള ആത്മബന്ധത്തിന്റെ നാണയമാണത്. ആ സ്ത്രീ നാണയം അന്വേഷിക്കുന്ന രീതി വലിയൊരു കാഴ്ചപ്പാട് നമുക്ക് നല്കുന്നുണ്ട്. അവൾ നാണയം അന്വേഷിക്കുന്നത് പുറത്തല്ല അകത്താണ്. അനുരഞ്ജനം നമ്മെത്തന്നെ അടിച്ചുവൃത്തിയാക്കുന്നതാണ്. നമ്മൾ അതിന് വിളക്കുകൊളുത്തണം, ചൂലെടുക്കണം, കഷ്ടപ്പെട്ടു തൂത്തുവാരണം. അനുരഞ്ജനത്തിന്റെ പാഠം നമ്മുടെ കഠിനാദ്ധ്വാനത്തിന്റെയും കഷ്ടപ്പാടിന്റെയും സന്മനോഭാവത്തിന്റെയും നിലപാടിൽ നിന്നു ആരംഭിക്കണം.

ലൂക്കാ 15-ാം അധ്യായത്തിലെ രണ്ടാമത്തെ ഉപമ കാണാതെ പോയ ആടിന്റെ കഥയാണ്. ഇതിൽ നാലു തുടങ്ങി ഏഴുവരെയുള്ള വചനങ്ങൾ ഏറെ അർത്ഥവത്തായ, അനുരഞ്ജനത്തിന്റെ നിലപാട് വ്യക്തമാക്കുന്നുണ്ട്. നൂറാടുകളിൽ ഒന്നുമാത്രമാണ് നഷ്ടമായത്. ബാക്കി 99 എണ്ണമുണ്ട്. പക്ഷേ നഷ്ടപ്പെട്ടത് വിലപിടിച്ചവയാണെന്ന് ഇടയന് അറിയാം. അതുകൊണ്ടാണ് 99 നെയും വിട്ടിട്ട് കാണാതെ പോയതിനെ അന്വേഷിക്കാൻ ഇടയൻ എക്സ്ട്രാ മൈൽ യാത്ര നടത്തുന്നത്.

ചിലരാണെങ്കിൽ പറയും പോയതു പോയി, ബാക്കിയുള്ളതുകൊണ്ട് സമാധാനിക്കാമെന്ന്. പക്ഷേ ഇടയന്റേത് ആ നിലപാടായിരുന്നില്ല. 99 നെയും വിട്ടിട്ട് അയാൾ കാണാതെപോയ ഒന്നിനെ അന്വേഷിക്കുന്നു. മുൾപ്പടർപ്പിൽ കുരുങ്ങികിടക്കുന്ന ആടിനെ കണ്ടപ്പോൾ ഇടയനുണ്ടായ സന്തോഷം പറഞ്ഞറിയിക്കാനാവാത്തതായിരുന്നു. അതിന്റെ മുറിവുവച്ചുകെട്ടി തോളിലേറ്റി തന്റെ ഇടയക്കൂട്ടത്തിലേക്ക് അയാൾ മടങ്ങിവരുന്നു. ഈശോയുടെ മനോഹരമായ ചിത്രങ്ങളിലൊന്ന് ആടിനെ തോളിലേറ്റി സന്തോഷത്തോടെ നില്ക്കുന്നതാണ്. ഈശോ പഠിപ്പിച്ച ഉപമകളിൽ ഏറ്റവും മനോഹരമായ ഉപമ ഇതാണെന്നാണ് ചില ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായം. അനുരഞ്ജനത്തെ എത്ര ഔദാര്യത്തോടെയാണ് ഇടയൻ കാണുന്നതെന്നും അനുരഞ്ജനത്തിന്റെ തിരിച്ചുവരവിൽ ഇടയൻ അനുഭവിക്കുന്ന സന്തോഷവും സന്മനോഭാവവും എന്താണെന്നും ഇവിടെ നമുക്ക് വ്യക്തമാകുന്നു.

സുവിശേഷത്തിലെ മനോഹരമായ കഥകളിൽ മറ്റൊന്നാണ് ധൂർത്തപുത്രന്റേത്. നഷ്ടപ്പെട്ട നാണയത്തിന്റെയും കാണാതെപോയ ആടിന്റെയും കഥയ്ക്കുശേഷമാണ് ലൂക്കാ സുവിശേഷകൻ ഈ കഥ പറയുന്നത്. ഈ അധ്യായത്തിന്റെ നാഡിമിടിപ്പു തന്നെ ഈ കഥയാണ്. അപ്പനൊപ്പം നില്ക്കുന്നത് ഒരു തരം അടിമത്തമായിട്ടാണ് ആ മകൻ കാണുന്നത്. അപ്പൻ മക്കനെ ഉപദേശിച്ചതായിട്ട് ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും അങ്ങനെ സംഭവിച്ചിരിക്കാൻ സാധ്യതയുണ്ടെന്ന് നമുക്ക് അനുമാനിക്കാവുന്നതേയുള്ളൂ. തനിക്കുള്ളതു പിടിച്ചുവാങ്ങി അവൻ ദൂരദേശത്തേക്ക് പോയി. ദൂരദേശം എന്ന പ്രയോഗത്തിന് പിന്നിൽ ബൈബിൾ പണ്ഡിതന്മാർ കാണുന്ന ഒരു വലിയ അകൽച്ചയുണ്ട്. പാപമെല്ലാം അകൽച്ചകളാണ്. ദൈവത്തിൽ നിന്നുള്ള, മാതാപിതാക്കളിൽ നിന്നുള്ള, സഹോദരങ്ങളിൽ നിന്നുള്ള അകൽച്ചയാണത്.

പിതൃസ്വത്തായി കിട്ടിയതു മുഴുവൻ അവൻ ധൂർത്തടിച്ച് നശിപ്പിച്ചു. പാപമെന്ന് പറയുന്നത് ദൈവകൃപയുടെ നശിപ്പിക്കലാണ്. എനിക്കു ദൈവം നല്കിയ ബുദ്ധിയും സൗന്ദര്യവും ആരോഗ്യവും കഴിവുകളും എല്ലാം നശിപ്പിക്കുന്നതാണ് പാപം. ധൂർത്തപുത്രൻ പോയ നാട്ടിൽ കഠിനമായ ക്ഷാമം ഉണ്ടായപ്പോൾ അവനെയും അതു ബാധിച്ചു. ആഹാരത്തിനു പോലും വകയില്ലാതെ ജീവിച്ചുവെങ്കിലും പിതാവിന്റെ അടുക്കലേക്ക് പോകാൻ അവനു മനസ്സുണ്ടായിരുന്നില്ല. അവസാനമാണ് അവന് സുബോധമുണ്ടായത്. സുബോധമുണ്ടായി എന്ന പ്രയോഗത്തിന് പരിശുദ്ധാത്മാവിന്റെ ഇടപെടലുണ്ടായി എന്നാണ് മനസ്സിലാക്കേണ്ടത്.

പരിശുദ്ധാത്മാവ് ഇടപെടാതെ പശ്ചാത്താപം ഉണ്ടാവുകയില്ല. അനുരഞ്ജനവും പശ്ചാത്താപവും പരിശുദ്ധാത്മാവിന്റെ ഇടപെടലാണ്, വരദാനമാണ്. അതിന്റെ ഫലമായിട്ടാണ് അവൻ അപ്പന്റെ ഭവനത്തിലേക്ക് തിരികെ വന്നത്. അപ്പൻ കതകുതുറന്ന് അവനെ സ്വീകരിച്ചു. അവൻ വീടിനു പുറകിൽ കൂടിയല്ല മുമ്പിൽക്കൂടിയാണ് വന്നത്. ഭയമുണ്ടായിരുന്നു, പക്ഷേ അപ്പൻ ഓടിച്ചെന്ന് അവനെ കെട്ടിപ്പുണർന്നു. സ്വഭവനത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. നമ്മെകാത്തിരിക്കുന്ന പിതാവിന്റെ ഭവനത്തിലേക്ക് തിരിച്ചുചെല്ലാനുള്ള നമ്മുടെ ധൈര്യമാണ് അനുരഞ്ജനത്തിന് ഏറ്റവും ആവശ്യം.

അനുരഞ്ജനം പൂർണമാകുന്നത് ദൈവത്തോടുള്ള കൂട്ടായ്മയിലാണ്. പക്ഷേ അതിന്റെ വളർച്ച നമ്മളുമായി ബന്ധപ്പെട്ട എല്ലാവരോടും നമ്മൾ പുലർത്തുന്ന താഴ്മയുടെ കെട്ടുബന്ധമാണ്. മാതാപിതാക്കൾ, സഹോദരങ്ങൾ, അയൽക്കാർ, വൈദികർ, സമർപ്പിതർ, നമ്മൾ കടപ്പെട്ടവർ എല്ലാവരുമായി നാം ആഴമുള്ള ഹൃദയബന്ധം സ്ഥാപിച്ചെടുക്കണം. നാർദീൻ തൈലം കർത്താവിന്റെ പാദത്തിങ്കൽ ഒഴിച്ച് മറിയത്തെക്കുറിച്ച് ലൂക്കാ സുവിശേഷകൻ പറയുന്നുണ്ടല്ലോ ആ സുഗന്ധാഭിഷേകം ഭവനമെങ്ങും പരിമളം പരത്തി. അവൾ പൊട്ടിച്ചെറിഞ്ഞത് അഹന്തയുടെ ബോട്ടിലുകളാണ്, അഹന്തയുടെ കുപ്പി പൊട്ടിച്ചെറിയുമ്പോൾ അത് വീടിനുള്ളിൽ പരിമളംപരത്തി. അനുരഞ്ജനം പരിമളക്കുപ്പിയുടെ പൊട്ടിച്ചൊഴിക്കലാണ്.

അനുരഞ്ജനത്തിന്റെ പരിമളക്കുപ്പി പൊട്ടിച്ചൊഴിക്കാനും അനുതാപത്തോടെ കർത്താവിന്റെ പാദത്തിങ്കൽ മറിയം കെട്ടിപ്പിടിച്ചു കരഞ്ഞതുപോലെ പാപങ്ങളെയോർത്ത് മനസ്തപിക്കാനും സഹോദരങ്ങളുമായുള്ള ബന്ധം കുറെക്കൂടി ഊഷ്മളമാക്കാനും ഈ നോമ്പുകാലത്ത് നമുക്ക് ശ്രമിക്കാം. അതിനായി പ്രാർഥിക്കാം. നഷ്ടപ്പെട്ടതു കണ്ടുകിട്ടാൻ കാത്തിരിക്കുന്ന ഒരു ദൈവമാണ് നമുക്കുള്ളതെന്ന ആഴമായബോധ്യം നിരാശയിൽ നിന്ന് മുക്തമായി പ്രത്യാശയോടെ മുന്നോട്ടുപോകുന്നതിന് നമുക്ക് സഹായകരമാകട്ടെ. ■

---

കൂരിയബിഷപ്പിന്റെ സന്ദേശം

# സൂര്യാസ്തമയം കടന്നുപോകരുതാത്ത പിണക്കങ്ങൾ

ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ

**ക്ഷമിക്കണം എന്ന് പറയുന്നത് ദൈവാത്മാവും ക്ഷമിക്കരുത് എന്ന് പറയുന്നത് ദുരാത്മാവുമാണ്. ക്ഷമിച്ചുകൊണ്ട് പ്രാർഥിക്കുകയും സ്നേഹിക്കുകയും ചെയ്യുമ്പോൾ ഏറെ ഹൃദയസന്തോഷം അനുഭവിക്കാൻ നമുക്ക് സാധിക്കും.**



ഇടവക വികാരിയായി ശുശ്രൂഷ ചെയ്തിരുന്ന അവസരത്തിൽ ഉണ്ടായ ഒരു സംഭവം വർഷങ്ങൾ പലതുകടന്നുപോയിട്ടും ഇപ്പോഴും മനസ്സിൽ മായാതെ നിറഞ്ഞുനില്ക്കുന്നു.

ഇടവകയിൽ ശുശ്രൂഷ ആരംഭിച്ചശേഷമുള്ള ആദ്യത്തെ കർമ്മങ്ങളിലൊന്ന് ഒരു ശ്രാദ്ധ കുർബാനയായിരുന്നു. ഒരു മധ്യവയസ്കൻ മരിച്ചതിന്റെ ഒന്നാം ചരമവാർഷികത്തോട് അനുബന്ധിച്ചുള്ള അനുസ്മരണക്കുർബാനയായിരുന്നു അത്. കുർബാനയ്ക്കുശേഷം വീട്ടിലെ പ്രാർഥനയ്ക്കായി ചെന്നു. വീട്ടിലെ കർമ്മങ്ങളും പ്രാർഥനയും ഭക്ഷണവും കഴിഞ്ഞപ്പോൾ പരേതന്റെ ഭാര്യ, 'ഒരു കാര്യം പറയാനുണ്ട്' എന്ന് പറഞ്ഞ് ആളുകൾക്കിടയിൽ നിന്ന് എന്നെ മാറ്റിക്കൊണ്ടുപോയി. അതിനിടയിൽ അവർ കരയാനും തുടങ്ങി.

സംഭവം ഇതായിരുന്നു. ഭർത്താവ് മരിച്ചദിവസം ഇരുവരും കലഹിച്ചാണ് രാത്രിയിൽ കിടന്നുറങ്ങിയത്. പരസ്പരം സംസാരിക്കാൻ മനസുവരാതെയും പരസ്പരം മുഖം കൊടുക്കാതെയും അവർ ഉറങ്ങാൻ കിടന്നു. പ്രഭാതത്തിൽ ഭാര്യ അടുക്കളജോലിക്കായി എണീറ്റുപോയി. പതിവുസമയത്ത് ഭർത്താവ് എണീറ്റ് ഓഫീസിൽ പോകുന്നതിനുള്ള ഒരുക്കമൊന്നും കാണാത്തതിനാൽ അടുക്കളയിൽ നിന്നുകൊണ്ട് അവൾ ദേഷ്യത്തോടെ സംസാരിച്ചുതുടങ്ങി.

നിങ്ങൾക്ക് ഉത്തരവാദിത്വബോധമില്ല എന്റെയും കുഞ്ഞുങ്ങളുടെയും കാര്യത്തിൽ ശ്രദ്ധയില്ല, മടിയനാണ് എന്നെല്ലാമായിരുന്നു ആരോപണങ്ങൾ. അവയ്ക്കൊന്നിനും അയാളിൽ നിന്ന് പ്രതികരണം ഉണ്ടാവാതിരുന്നപ്പോൾ അടുത്തുചെന്ന് പറയാമെന്ന് വിചാരിച്ചു കോപത്തോടെ ചെന്നുനോക്കുമ്പോഴാണ് മനസിലായത് ഭർത്താവ് ജീവനറ്റ് കിടക്കുകയാണെന്ന്.

ഹൃദയസ്തംഭനം മൂലമാണ് അയാൾ മരിച്ചത് എന്നായിരുന്നു പോസ്റ്റുമോർട്ടം റിപ്പോർട്ട്. ആ സ്ത്രീ കരച്ചിലോടെ പറഞ്ഞു: 'അച്ചാ, എല്ലാവരും മരിക്കുമെന്ന് അറിയാമെങ്കിലും ഈ നിലയിൽ ഭർത്താവ് മരിച്ചത് എനിക്ക് സഹിക്കാൻ കഴിയുന്നില്ല. ഇതെന്നെ വല്ലാതെ തളർത്തിക്കളഞ്ഞു. മരിക്കുന്നതിന് മുമ്പ് എനിക്ക് അദ്ദേഹത്തോട് രമ്യതപ്പെടാൻ കഴിഞ്ഞില്ല എന്നതുമാത്രമല്ല മരിച്ചുകിടന്ന അദ്ദേഹത്തോടു പോലും അനാദരവ് ഞാൻ കാട്ടിയല്ലോ എന്നോർക്കുമ്പോൾ എന്റെ സങ്കടം കെട്ടടങ്ങുന്നതേയില്ല. എന്റെ മനസിന് ഒരു സമാധാനവുമില്ല. അച്ചൻ എനിക്കുവേണ്ടി പ്രത്യേകം പ്രാർഥിക്കണം'.

ഈ സ്ത്രീയുടെ സംഭാഷണം കേട്ടപ്പോൾ ഒരു ധ്യാനകൂടിയ പ്രതീതിയാണ് എനിക്കുണ്ടായത്. എത്രയോ തവണ എത്രയോ പേരോട് ശണ്ഠംകൂടിയിട്ടുണ്ട് എന്നാണ് എന്റെ ചിന്ത പോയത്. ചില പിണക്കങ്ങൾ ആഴ്ചകളും മാസങ്ങളും വരെ നീണ്ടുപോയിട്ടുമുണ്ട്.

എന്നാൽ ഈ സംഭവത്തിനു ശേഷം എന്റെ മനോഭാവത്തിൽ മാറ്റമുണ്ടായി. ഇപ്പോൾ ആരോടെങ്കിലും പിണക്കം തോന്നിയാൽ അനുരഞ്ജനകൂദാശ സ്വീകരിക്കാൻ ആധ്യാത്മികപിതാവിന്റെ അടുക്കൽ പോവുക എന്നതാണ് ഞാൻ ഉടനടി ചെയ്യുന്നത്. അത് മനസിൽ അവരോട് ക്ഷമിക്കാൻ സഹായിക്കുന്നു. വല്ലാത്ത ആശ്വാസം അനുഭവപ്പെടുകയും ചെയ്യുന്നു. അതൊരുപ്രത്യേക ആത്മീയ അനുഭവമാണ്.

സുവിശേഷത്തിൽ ഈശോ നമ്മെ അനുസ്മരിപ്പിക്കുന്ന സത്യം ഇതാണ്. മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും. മറ്റുള്ളവരോട് നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കുകയില്ല (മത്താ 6:14-15). മരിച്ചാലും മറക്കില്ല എന്നുപറഞ്ഞു കൊണ്ട് വെറുപ്പ് ഉള്ളിൽ സൂക്ഷിക്കുന്ന ചിലരെ കാണാനിടയായിട്ടുണ്ട്. അക്കൂട്ടത്തിൽ ഭാര്യഭർത്താക്കന്മാരും മാതാപിതാക്കളും മക്കളും സഹോദരങ്ങളും എല്ലാം ഉൾപ്പെടുന്നുണ്ട്. ഇതൊരു പൈശാചിക പ്രലോഭനമാണ്.

ക്ഷമിക്കണം എന്ന് പറയുന്നത് ദൈവാത്മാവും ക്ഷമിക്കരുത് എന്ന് പറയുന്നത് ദുരാത്മാവുമാണ്. ക്ഷമിച്ചുകൊണ്ട് പ്രാർഥിക്കുകയും സ്നേഹിക്കുകയും ചെയ്യുമ്പോൾ ഏറെ ഹൃദയസന്തോഷം അനുഭവിക്കാൻ നമുക്ക് സാധിക്കും. ഈശോ സ്വജീവിതത്തിലൂടെ കാണിച്ചുതന്ന മാതൃക നാം അനുകരിക്കണം. ബോധപൂർവ്വം ദുരാരോപണങ്ങൾ ഉന്നയിച്ചു തന്നെ കുരിശിലേറ്റിയവരോട് ഈശോ ക്ഷമിച്ചു.

പിതാവേ അവരോട് ക്ഷമിക്കണം. അവർ ചെയ്യുന്നത് എന്തെന്നാൽ അവർ അറിയുന്നില്ല (ലൂക്കാ 23:34). യോഗ്യതയോടെയുള്ള പരിശുദ്ധബലിയർപ്പണത്തിന് ഏറ്റവും ആവശ്യഘടകമാണ് അനുരഞ്ജനം. 'അനുരഞ്ജിതരായിത്തീർന്നിടാം നവമൊരുപീഠം ഒരുക്കീടാം' എന്ന് ആലപിച്ചുകൊണ്ടുള്ള കുർബാനയുടെ ആമുഖഗീതം ഈ സത്യമാണ് വിളിച്ചോതുന്നത്. വിശുദ്ധ പൗലോശ്ലീഹായുടെ ഒരാഹ്വാനം ഇത്തരുണത്തിൽ നമുക്ക് ധ്യാനവിഷയമാകട്ടെ. നിങ്ങളുടെ കോപം സൂര്യനസ്തമിക്കുന്നതുവരെ നീണ്ടുപോകാതിരിക്കട്ടെ. സാത്താന് നിങ്ങൾ അവസരം കൊടുക്കരുത് (എഫേ 4: 26-27). ■

# ക്ഷമ; സൗഖ്യത്തിലേക്കുള്ള വഴി

റവ. ഡോ. ടോം പന്നലകുന്നേൽ MSFS




**ക്ഷമിക്കുന്നതിലൂടെ ഒരേ സമയം മനസ്സിന്റെയും ശരീരത്തിന്റെയും ആരോഗ്യം വീണ്ടെടുക്കാൻ കഴിയും. ക്ഷമിക്കുക എന്നത് ഒരാൾ തന്റെ തന്നെ ഹൃദയത്തിന് നല്കുന്ന സ്നേഹസമ്മാനമാണ്. ക്ഷമിക്കുമ്പോൾ അതിന്റെ ഗുണം ഏറ്റവും അധികം ലഭിക്കുന്നത് ക്ഷമിക്കുന്ന ആൾക്കുതന്നെയാണ്.**

ക്ഷമിക്കുക എന്ന വാക്കിന്റെ അർഥം വിട്ടുകളയുക എന്നാണ്. എന്താണ് വിട്ടുകളയുന്നത്? എന്നെ ദ്രോഹിച്ചവനെ തിരിച്ചു ദ്രോഹിക്കാനുള്ള എന്റെ ആഗ്രഹം ഞാൻ ഉപേക്ഷിക്കണം. കടങ്ങൾ ഇളച്ച് കൊടുക്കുക. നീരസം ഉപേക്ഷിക്കുക. എന്നെല്ലാം അതിന് അർഥമുണ്ട്.

ഒരാൾ മറ്റൊരുവനെ ദ്രോഹിച്ചാൽ സ്വാഭാവികമായും അവനോട് പ്രതികാരം ചെയ്യണം എന്ന ചിന്ത മനസിലുണ്ടാവും. മനുഷ്യരുടെയിടയിൽ മാത്രമല്ല മൃഗങ്ങളുടെ ഇടയിലും ഇപ്രകാരമുള്ള പ്രതികാരചിന്തയുണ്ട്. ഒരു പട്ടിയെ ദ്രോഹിച്ചാൽ അത് നമുക്കുനേരെ കുരച്ചുചാടാനും കടിക്കാനുമുള്ള സാധ്യതയുണ്ട്. എന്നാൽ മനുഷ്യൻ മൃഗങ്ങളെക്കാൾ വളരെ ഉയരത്തിലാണ്. അതുകൊണ്ട് തന്നോട് ദ്രോഹം ചെയ്തവനോട് ക്ഷമിക്കാനുള്ള കഴിവ് അവനുണ്ട്. അവൻ ക്ഷമിക്കേണ്ടവനുമാണ്.

ക്ഷമ സൗഖ്യത്തിലേക്കുള്ള യാത്രയാണ്. ക്ഷമിക്കാൻ കഴിയാത്തതിനാൽ അനേകായിരങ്ങൾ ഇന്ന് വിഷാദരോഗത്തിനും ഉത്കണ്ഠയ്ക്കും മാനസികപിരിമുറുക്കങ്ങൾക്കും അടിമകളാകുന്നുണ്ട്. ഹൃദ്രോഗം, ഉദരരോഗം, അൾസർ, സന്ധിവേദന എന്നിവയ്ക്കെല്ലാം ഒരു കാരണം ക്ഷമിക്കാൻ കഴിയാത്ത അവസ്ഥയാണെന്ന് ചില പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ക്ഷമിക്കുന്നതിലൂടെ ഒരേ സമയം മനസ്സിന്റെയും ശരീരത്തിന്റെയും ആരോഗ്യം വീണ്ടെടുക്കാൻ കഴിയും. ക്ഷമിക്കുക എന്നത് ഒരാൾ തന്റെ തന്നെ ഹൃദയത്തിന് നല്കുന്ന സ്നേഹസമ്മാനമാണ്. ക്ഷമിക്കുമ്പോൾ അതിന്റെ ഗുണം ഏറ്റവും അധികം ലഭിക്കുന്നത് ക്ഷമിക്കുന്ന ആൾക്കുതന്നെയാണ്.

ക്ഷമിക്കുന്ന ആൾ പരാജയപ്പെട്ടു, ദ്രോഹിച്ച ആൾ ജയിച്ചു എന്ന് ആരെങ്കിലും കരുതിയാൽ അവർക്കു തെറ്റി. ബലഹീനർക്ക് ക്ഷമിക്കുവാനുള്ള കഴിവില്ലെന്നും ക്ഷമിക്കുക എന്നത് ശക്തരുടെ അടയാളമാണെന്നുമാണ് മഹാത്മാഗാന്ധി പറയുന്നത്.

ക്ഷമിക്കുക എന്നത് തെറ്റിനെയോ തെറ്റ് ചെയ്തവരെയോ ന്യായീകരിക്കുകയല്ല. മറിച്ച് ഒരു പുതിയ തുടക്കത്തിന് ആരംഭം കുറിക്കുകയാണ്. അത് വെറും ഒരു വികാരമല്ല ഉറച്ച ഒരു തീരുമാനമാണ്. എല്ലാ ദിവസവും എടുക്കേണ്ടിവരുന്ന ഒരു തീരുമാനം. "ജീവിതം ക്ഷമയുടെ ഒരു സാഹസികതയാണ്" എന്ന നോർമൻ കസിൻസിന്റെ വാക്കുകൾ എത്രയോ സത്യമാണ്. വിദ്വേഷവും പകയും ദേഷ്യവും മനസ്സിൽ വച്ചുകൊണ്ട് ഭൂതകാലത്തിൽ ജീവിക്കുന്നവരാകാതെ പുതിയ കാഴ്ചപ്പാടുകളോടെ ഭാവിയിലേക്ക് പ്രയാണം ചെയ്യാൻ ക്ഷമിക്കുന്നത് അനിവാര്യമാണ്.

പലരും എന്നോട് പറഞ്ഞിട്ടുണ്ട്, ക്ഷമിക്കണം എന്ന് ആഗ്രഹമുണ്ട്. പലപ്പോഴും ശ്രമിച്ചിട്ടുമുണ്ട്. പക്ഷേ സാഹചര്യങ്ങൾ വരുമ്പോൾ ക്ഷമിക്കാൻ സാധിക്കുന്നില്ല എന്ന്. അങ്ങനെയുള്ളവർക്കായി ക്ഷമിക്കാനുള്ള ഒരു മാതൃക പറഞ്ഞുതരാം. REACH MODEL എന്നാണ് ഇത് അറിയപ്പെടുന്നത്.

### 1. സംഭവം ഓർമിക്കുക

എന്നെ ദ്രോഹിച്ച എല്ലാ വ്യക്തികളെയും ഞാൻ ഓർക്കുന്നു. അവരുടെ ഓരോരുത്തരുടെയും പേരിന്റെ അടിയിൽ അവർ എന്നോടു ചെയ്തിട്ടുള്ള ദ്രോഹങ്ങൾ കുറിക്കുന്നു. ക്ഷമിക്കുവാൻ അധികം പ്രയാസമില്ലാത്ത വ്യക്തികളെയും സംഭവങ്ങളെയും ആദ്യം പരിഗണിക്കുക. അവസാനം ഏറ്റവും വിഷമം ഉള്ള വ്യക്തികളെയും സംഭവങ്ങളെയും എടുക്കുക.

### 2. ദ്രോഹിച്ചവരോട് സഹാനുഭൂതി കാണിക്കുക

ഇത് മറ്റൊരുവന്റെ വ്യക്തിത്വവുമായി താദാത്മ്യം നേടാനുള്ള കഴിവാണ്. ഓരോ വ്യക്തികൾക്കും അവർ വളർന്നുവന്ന സാഹചര്യങ്ങളും അനുഭവങ്ങളും ഉണ്ട്. അത്തരത്തിലുള്ള സാഹചര്യങ്ങളും അനുഭവങ്ങളും ആണ് അവരുടെ വ്യക്തിത്വത്തെ ഒരു പരിധിവരെ നിർണയിക്കുന്നത്. എല്ലാ വ്യക്തികളിലും നന്മയും തിന്മയും ഉണ്ട്. നമ്മുടെ ഇടയിൽ ഏറ്റവും നല്ലവരിലും എന്തെങ്കിലും തിന്മയും ഏറ്റവും മോശക്കാരിൽ എന്തെങ്കിലും നന്മയുമുണ്ട് എന്ന സത്യം മനസിലാക്കുമ്പോൾ നാം സഹാനുഭൂതിയിൽ നിറയും

### 3. പരക്ഷേമകാംക്ഷ ക്ഷമയിലൂടെ

ഇതിന് മൂന്നു തലങ്ങളുണ്ട്.

(a) നിങ്ങൾക്കു തെറ്റുപറ്റിയ ഒരു സാഹചര്യം പരിഗണിക്കുക. ആ തെറ്റിന് മാപ്പുലഭിച്ചപ്പോൾ നിങ്ങൾക്കുണ്ടായ സന്തോഷത്തിന്റെ അനുഭവം ഓർത്തുകൊണ്ട് നിങ്ങളെ ദ്രോഹിച്ച ആളോടു ക്ഷമിക്കുക. ആ വ്യക്തി ക്ഷമ അർഹിക്കുന്നുണ്ടോ ഇല്ലയോ എന്നത് വിഷയമല്ല. അർഹിക്കാത്ത ക്ഷമ നിങ്ങൾ സ്വീകരിച്ചതുപോലെ നിങ്ങളുടെ ക്ഷമ അർഹിക്കാത്തവർക്കും ക്ഷമ കൊടുക്കുക..

(b) തങ്ങൾക്കു തന്നെ ക്ഷമിക്കുവാൻ പ്രയാസം ആയതിനാൽ ദൈവത്തിന്റെ സഹായം തേടുക.

(c) നിങ്ങളെ ദ്രോഹിച്ച വ്യക്തിക്കുവേണ്ടി പ്രാർഥിക്കുക.

### 4. പരസ്യമായി ക്ഷമിക്കാൻ തയ്യാറാവുക

നിങ്ങൾക്ക് വിശ്വസിക്കാവുന്ന ഒരു വ്യക്തിയോട് നിങ്ങളെ മുറിപ്പെടുത്തിയ അനുഭവത്തെക്കുറിച്ചും മുറിപ്പെടുത്തിയ വ്യക്തിയോട് ക്ഷമിക്കുവാനുള്ള ആഗ്രഹത്തെക്കുറിച്ചും പങ്കുവയ്ക്കുക. ഇത് ആത്മീയഗുരുവോ സുഹൃത്തോ മനശ്ശാസ്ത്രജ്ഞനോ ആരുമാകാം. അതുപോലെ ചെയ്യാവുന്ന മറ്റൊരു കാര്യം ദ്രോഹിച്ച വ്യക്തിക്ക് കത്തെഴുതുക എന്നതാണ്. (അയച്ചുകൊടുക്കാൻ വേണ്ടിയല്ല നിങ്ങളുടെ വികാരം പ്രകടിപ്പിക്കാൻ ഒരു മാർഗമെന്ന നിലയിൽ മാത്രം ഇതിനെ കണ്ടാൽ മതിയാവും). അല്ലെങ്കിൽ ആ വ്യക്തിയോട് ഞാൻ ക്ഷമിക്കുന്നു എന്ന ഒരു സർട്ടിഫിക്കറ്റ് ഉണ്ടാക്കുക.

### 5. ക്ഷമയെ മുറുകെപിടിക്കുക

ക്ഷമിച്ചു കഴിയുമ്പോൾ വലിയ സ്വാതന്ത്ര്യവും സന്തോഷവും ഉണ്ടാകുന്നു. എന്നാൽ കുറെനാളുകൾ കഴിയുമ്പോൾ പകയുടെയും ദേഷ്യത്തിന്റെയും ചിന്തകൾ തിരികെവരാനുള്ള സാധ്യതയുമുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ അവനവരോടുതന്നെ പറയുക, "ഞാൻ ക്ഷമിച്ചതാണ്. എനിക്ക് ദേഷ്യത്തിന്റെ വികാരങ്ങൾ ആവശ്യമില്ല" എന്ന്. അങ്ങനെ ക്ഷമയിൽ നിലനില്ക്കാൻ പരമാവധി ശ്രമിക്കുക. ■

ഒന്നാം പേജ് തുടർച്ച

ദൈവത്തിന്റെ സ്നേഹത്തിന്റെ അടയാളങ്ങളാണ്. ആ മുറിവുകൾ രക്ഷയുടെ ഗ്യാരണ്ടിയാണ്, അവ സൗഖ്യത്തിന്റെ ഉറവിടമാണ്, നമ്മുടെ പാപത്തിന്റെ ഗൗരവം വിളിച്ചറിയിക്കുന്ന അടയാളങ്ങളുമാണ്. അനുതാപം ലഭിക്കുന്നില്ലെങ്കിൽ നാം നോക്കേണ്ടത് കുരിശിലെ യേശുവിന്റെ മുറിപ്പാടുകളിലേക്കാണ്, ദൈവസ്നേഹത്തെക്കുറിച്ചു സംശയമുദിക്കുമ്പോൾ നാം ദൃഷ്ടി തിരിക്കേണ്ടത് തുളയ്ക്കപ്പെട്ട ഹൃദയത്തിലേക്കാണ്. സഹനത്താൽ ക്ലേശിക്കുമ്പോൾ കണ്ണുകൾ ഉയർത്തേണ്ടതും അവിടേയ്ക്കുതന്നെ.

അനുതാപത്തിന്റെയും പരിഹാരത്തിന്റെയും പ്രവൃത്തികളാണ് ദാനധർമ്മം, ഉപവാസം, പ്രാർഥന എന്നിവയും ഇതര പ്രായശ്ചിത്തപ്രവൃത്തികളും. വിശുദ്ധ കൂദാശകളുടെ സ്വീകരണം, ഭക്തകൃത്യങ്ങളുടെ അനുഷ്ഠാനം, സുകൃതങ്ങളുടെ അഭ്യസനം ഇവയൊക്കെയും കൃപാവരത്തിൽ വളരാനും നവീകരണജീവിതം ഫലദായകമാക്കാനും സഹായകമാണ്.

ദൈവത്തോടെന്നതുപോലെ തന്നെ നമ്മുടെ സഹോദരങ്ങളോടും നാം രമ്യതപ്പെടേണ്ടതുണ്ട്. ക്ഷമ ചോദിച്ചും ക്ഷമ നല്കിയും നാം ബന്ധങ്ങൾ പുനഃസ്ഥാപിക്കേണ്ടതുണ്ട്. കുടുംബത്തിലും സമൂഹത്തിലും തൊഴിൽ മേഖലകളിലും എല്ലാം ഇത് ആവശ്യമാണ്. നീതിയുടെയും സത്യത്തിന്റെയും പാത പിന്തുടർന്നുകൊണ്ടായിരിക്കണം നവീകരണജീവിതം നയിക്കേണ്ടത്. നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെ വച്ചു ഓർത്താൽ കാഴ്ചവസ്തു അവിടെ ബലിപീഠത്തിനു മുമ്പിൽ വച്ചിട്ട് സഹോദരനുമായി രമ്യതപ്പെടുക. പിന്നെ വന്നു കാഴ്ചയർപ്പിക്കുക (മത്താ 5:24) എന്ന വചനം സഹോദരനുമായുള്ള രമ്യതപ്പെടലിന്റെ ആവശ്യകത വിളിച്ചറിയിക്കുന്നു. കാരുണ്യത്തിന്റെ സത്പ്രവൃത്തികൾ അനുഷ്ഠിക്കുന്നതിൽ നമുക്ക് ഉത്സുകരാകാം. വചനം ഓർമിപ്പിക്കുന്നു, കരുണയ്ക്കു പകരം കരുണ കാണിക്കുന്നത് ധാന്യബലിക്കു തുല്യമാണ്; ഭിക്ഷ കൊടുക്കുന്നവൻ കൃതജ്ഞതാബലി അർപ്പിക്കുന്നു. ദുഷ്ടതയിൽ നിന്നു ഒഴിയുന്നതു കർത്താവിന് പ്രീതികരമാണ്. അനീതി വർജിക്കുന്നത് പാപപ്പരിഹാരബലിയാണ്' (പ്രഭാ 35: 3-5). തിരുവചനം വീണ്ടും ഓർമിപ്പിക്കുന്നു' നന്മ ചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്കുവയ്ക്കുന്നതിലും ഉപേക്ഷ വരുത്തരുത്. അത്തരം ബലികൾ ദൈവത്തിന് പ്രീതികരമാണ്' (ഹെബ്രാ 13:16).

ആകയാൽ അനുതാപാർദ്രമായ ഹൃദയത്തോടെ നമുക്കായി മരിച്ച രക്ഷകനും നാഥനുമായ മിശിഹായെ ധ്യാനിച്ചുകൊണ്ട് ഐക്യത്തിന്റെ പാതയിലേക്കു നമുക്കു ചുവടുവയ്ക്കാം. ഭിന്നതകൾ മറന്ന് മിശിഹായുടെ ശരീരത്തിലെ അവയവങ്ങൾ എന്ന നിലയിൽ നമുക്ക് സ്നേഹത്തിന്റെ സാക്ഷികളാകാം. അനുരഞ്ജനമെന്നാൽ എല്ലാം സ്നേഹത്തിൽ നവീകരിക്കപ്പെടലാണ്. സ്നേഹത്തിനുമാത്രം ചെയ്യാൻ കഴിയുന്ന കാര്യമാണ് ഐക്യപ്പെടൽ. നോമ്പുകാലം അതിനുള്ള അവസരമായിരിക്കട്ടെ. ■

# മരണത്തിന്റെ മരണക്കഥ പറയുന്ന വിശ്വാസപ്രമാണം

റവ. ഡോ. തോമസ് തടത്തിൽ പുത്തൻവീട്ടിൽ

വിശുദ്ധ ഗ്രന്ഥത്തിലെ ആദ്യത്തെ അധ്യായങ്ങൾ അനുസരിച്ച് മനുഷ്യൻ മരിക്കാൻ വിധിക്കപ്പെട്ടവനാണ്. എവിടെ ജീവിതമുണ്ടോ അവിടെ മരണവും ഉണ്ട്. ജീവിക്കുക എന്നാൽ മരിക്കുക എന്നാണ് അർഥം മനുഷ്യന്റെ മരണം ദൈവത്തിന്റെ തീരുമാനമാണ് മരിക്കാതിരിക്കാൻ ഉള്ള സാധ്യത ഉണ്ടായിരുന്നവനാണ് മനുഷ്യൻ (posse non mori). പക്ഷേ, അവൻ അവനിലേക്ക് മാത്രമായി ചുരുങ്ങിയപ്പോൾ മരിച്ചേ തീരൂ എന്നത് അവന്റെ നിയോഗമായി മാറി. ഇനിമേൽ മനുഷ്യന് മരിക്കാതിരിക്കാൻ കഴിയില്ല (non posse non mori). മരണത്തിന്റെ കൽപ്പന മനുഷ്യന് കൈമാറിക്കൊണ്ട് ദൈവം മനുഷ്യന്റെ ഉണ്മയുടെ ഭൂമികയിൽ പ്രവേശിച്ചതിന്റെ ആഖ്യാനമാണ് വിശുദ്ധ ഗ്രന്ഥത്തിലെ ഈ ഭാഗം നമുക്ക് മുൻപിൽ അവതരിപ്പിക്കുന്നത്. പക്ഷേ മരണത്തിന്റെ കൽപ്പനയുമായി ഒന്നാമത്തെ ഇടപെടൽ നടത്തിയ ദൈവം അവിടം കൊണ്ട് എല്ലാം അവസാനിപ്പിച്ചില്ല. ദൈവം രണ്ടാമത് ഒരു ഇടപെടൽ കൂടി നടത്തി. ഈ രണ്ടാമത്തെ ഇടപെടലിന്റെ ആഖ്യാനമാണ് പുതിയനിയമം (New Testament) നമ്മുടെ മുമ്പിൽ ആവിഷ്കരിക്കുന്നത്. ഈ രണ്ടാമത്തെ ഇടപെടൽ നടന്നത് ഈശോയിലൂടെ ആയിരുന്നു. അവൻ ശൂന്യവൽക്കരണത്തിന്റെ വഴി തിരഞ്ഞെടുത്തു.

മനുഷ്യനായി പിറന്നു. മരണത്തിന്റെ കൽപ്പനയുടെ ആന്തരികതയിലേക്ക് അവൻ പ്രവേശിച്ചു. അതായത്, അവനും മരിക്കാൻ തീരുമാനിച്ചു. യഥാർഥത്തിൽ മരിച്ചു. അങ്ങനെ മരണത്തിന്റെ ഉള്ളിലേക്ക് അവൻ കടന്നു മരണത്തെ അതിന്റെ ഉള്ളിൽ നിന്ന് തന്നെ രൂപാന്തരപ്പെടുത്തി. ഉയർപ്പിക്കപ്പെടാൻ വേണ്ടി അവൻ മരിച്ചു. അങ്ങനെ മരണത്തിന്റെ ദുഷ്പ്പേര് മാറ്റി.

പകരം അതിന് ഒരു സൽപ്പേര് നേടിക്കൊടുത്തു. അങ്ങനെ മനുഷ്യന്റെ അസ്തിത്വത്തിന് ഈശോ പുതിയൊരു ചക്രവാളം തുറന്നു. മരിച്ച് ചീഞ്ഞ് പോകേണ്ടവനല്ല മനുഷ്യൻ. മറിച്ച്, അവൻ ചിത്രശലഭം പോലെ ക്രിസ്തുനിർമ്മിത ചക്രവാളത്തിലേക്ക് പറന്ന് ഉയരേണ്ടവനാണ്. ഏതാണ് ആ പുതിയ ക്രിസ്തു നിർമ്മിത ചക്രവാളം? അതിന്റെ പേരാണ് സ്വർഗം. ഈ ഭൂമിക്ക് പുറത്തുള്ള ഒരു സ്ഥലമല്ല സ്വർഗം. ദൃശ്യമായ ഈ സൃഷ്ടി പ്രപഞ്ചത്തിന് പുറത്തുള്ള ഒരു സ്ഥലമല്ല. മറിച്ച്, സ്വർഗം എന്നാൽ അത് ഒരു വ്യക്തിയാണ്. ആ വ്യക്തിയുടെ പേര് ഈശോ മിശിഹാ എന്നാണ്. ഈശോ എന്ന വ്യക്തിയാണ് സ്വർഗം (വിശുദ്ധ അഗസ്റ്റിൻ).

അവനാകുന്ന സ്വർഗത്തിലേക്കാണ് മനുഷ്യനും മനുഷ്യന്റെ ചരിത്രവും പ്രയാണം ചെയ്തു കൊണ്ടിരിക്കുന്നത്. അവനിൽ ആയിരിക്കുന്നവർ വിധിക്കപ്പെടുന്നില്ല. കാരണം, അവൻ നമ്മുടെ മേൽ വീഴാനിരുന്ന വിധി വാചകങ്ങളെ എന്നെന്നേക്കുമായി തിരുത്തിക്കുറിച്ചു.

അവന്റെ സ്നേഹത്തിന്റെ ആഴവും കാരുണ്യത്തിന്റെ പ്രഭയും കൊണ്ട് അവൻ നമ്മുടെ ഉണ്മയുടെ പ്രാരംഭത്തെയും അവസാനത്തെയും സ്വന്തമാക്കിയിരിക്കുന്നു.



ജീവിക്കുക എന്നാൽ മരിക്കുക എന്നാണ് അർഥം മനുഷ്യന്റെ മരണം ദൈവത്തിന്റെ തീരുമാനമാണ് മരിക്കാതിരിക്കാൻ ഉള്ള സാധ്യത ഉണ്ടായിരുന്നവനാണ് മനുഷ്യൻ. പക്ഷേ, അവൻ അവനിലേക്ക് മാത്രമായി ചുരുങ്ങിയപ്പോൾ മരിച്ചേ തീരൂ എന്നത് അവന്റെ നിയോഗമായി മാറി.

സ്നേഹത്തിലാണ് അവൻ നമ്മെ സൃഷ്ടിച്ചത്. സൃഷ്ടിക്കുന്നതിനു മുൻപ് തന്നെ നമ്മെ സ്നേഹിച്ചു. സ്നേഹിച്ചതിനുശേഷമാണ് സൃഷ്ടിച്ചത് (ജ്ഞാനം 11, 24).

അതേ സ്നേഹംകൊണ്ട് മരണത്തിനു ശേഷവും അവൻ നമ്മെ ചേർത്തുപിടിക്കുന്നു. വെളിപാട് 1, 7 നാം ഇങ്ങനെ വായിക്കുന്നു: 'ഇതാ അവൻ വരുന്നു'. പരിശുദ്ധ ത്രീത്വത്തിലെ രണ്ടാമത്തെ ആളായ പുത്രനായ ഈശോ മിശിഹായെ കുറിച്ചാണ് ഈ പറയുന്നത്.

മനുഷ്യനായി തീർന്ന് നമ്മളുടെ സഹോദരനായി നമ്മളോടൊപ്പം ഈ മണ്ണിൽ ജീവിച്ച ഈശോമിശിഹാ. അവൻ ഒരേസമയം ദൈവവും മനുഷ്യനും ആണെന്ന് വിശ്വാസ പ്രമാണത്തിൽ നാം ഏറ്റുപറയുന്നുണ്ട്. മനുഷ്യാവതാരത്തിലൂടെയാണ് അവൻ നമ്മുടെ സഹോദരനായി മാറിയത്.

ഇതേ ഈശോയെയാണ് വിധിദിവസത്തിൽ അഭിമുഖീകരിക്കാൻ നാം കാത്തിരിക്കുന്നത്. അന്ന് അവൻ നമ്മോട് ഓരോരുത്തരോടും പറയും 'ഇതാ ഭയപ്പെടേണ്ട'. ഇതാണ് ഈശോയുടെ രണ്ടാം ആഗമനവുമായി ചേർത്തുവച്ചുകൊണ്ട് നിഖ്യാവിശ്വാസ പ്രമാണം നമ്മുടെ മുമ്പിൽവെക്കുന്ന പ്രത്യാശയുടെ സന്തോഷവാർത്ത.

മരണം മരിച്ചു പോയിരിക്കുന്നു എന്ന പ്രഖ്യാപനത്തിന്റെ വിവരണം ആണിത്. നിത്യ ജീവന്റെ ചക്രവാളം ഈശോമിശിഹായിലൂടെ നമുക്ക് നൽകപ്പെട്ടിരിക്കുന്നു എന്നതാണ് ആ പ്രത്യാശ. ■

# വിശുദ്ധ കുർബാന അനുരഞ്ജനവേദി

ലിറ്റർജി

ഫാ.കുര്യാക്കോസ് മൂഞ്ഞേലി എംസിബിഎസ്

ദൈവവും മനുഷ്യനും തമ്മിലും മനുഷ്യർ തമ്മിൽത്തമ്മിലും പ്രപഞ്ചത്തോടും അനുരഞ്ജനപ്പെട്ട് പിതാവായ ദൈവത്തിന് ആത്മാവിലും സത്യത്തിലും അർപ്പിക്കുന്ന പരമമായ ആരാധനയാണ് വിശുദ്ധ കുർബാനയർപ്പണം. ദൈവാരാധന നടത്തുന്ന ഒരു കൂട്ടായ്മയായി മനുഷ്യകുലത്തെ രൂപാന്തരപ്പെടുത്തുവാൻ വന്ന ഈശോയുടെയും (മത്താ. 4/17) ഈശോയ്ക്ക് വഴിയൊരുക്കുവാൻ വന്ന സ്നാപക യോഹന്നാന്റെയും (മത്താ. 3/3) ഈശോയുടെ ഉത്ഥാനശേഷം വചനപ്രഘോഷണം ആരംഭിച്ച പത്രോസിന്റെയും (അപ്പ 2/38) പ്രഘോഷണങ്ങളുടെ അന്തസ്സത്ത പശ്ചാത്താപവും അനുരഞ്ജനവുമാണ്. ദൈവത്തോടും സഹോദരങ്ങളോടും പ്രപഞ്ചത്തോടുമുള്ള അനുരഞ്ജനം ക്രിസ്തീയജീവിതത്തിൽ അനുദിനം നടക്കേണ്ട ഒരു പ്രക്രിയ ആണ്.

വിശുദ്ധ ഗ്രന്ഥത്തിൽ നിറഞ്ഞുനില്ക്കുന്ന അനുരഞ്ജനസന്ദേശം വിശുദ്ധ കുർബാനയിലും നിറഞ്ഞുനില്ക്കുകയാണ്.' അനുരഞ്ജിതരായ്ത്തീർന്നിടാം' എന്ന ആഹ്വാനത്തോടെ ആരംഭിക്കുന്ന വി. കുർബാന ദൈവ-മനുഷ്യസമാഗമത്തിലും ഐക്യത്തിലും എത്തിച്ചേർന്ന് സമാപിക്കുന്നു. നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ കാഴ്ചവസ്തു അവിടെ ബലിപീഠത്തിനു മുമ്പിൽവച്ചിട്ട് പോയി സഹോദരനോട് രമ്യതപ്പെടുക. പിന്നെ വന്ന് കാഴ്ചയർപ്പിക്കുക' (മത്താ 5:24) എന്നാണല്ലോ ഈശോയുടെ ആഹ്വാനം. ആ ആഹ്വാനമാണ് ആരംഭത്തിൽ തന്നെ ആരാധനാസമൂഹത്തെ വിശുദ്ധ കുർബാന ഓർമിപ്പിക്കുന്നത്.



ദൈവവുമായുള്ള അനുരഞ്ജനത്തിന്റെ ഫലമായി ലഭിക്കുന്ന പാപമോചനത്തിന്റെ പ്രതീകമായി ധൂപാർപ്പണം ഈ ഭാഗത്തു നിലകൊള്ളുന്നു. ദൈവത്തിന്റെ കൃപയിലും കരുത്തിലും നാം ആശ്രയിക്കുന്നു എന്ന് ഏറ്റുപറയുകയാണിവിടെ.

യോഹന്നാൻ തന്റെ സുവിശേഷത്തിൽ പറയുന്നു, 'അപ്പക്കഷണം സ്വീകരിച്ചതിനെ തുടർന്ന് സാത്താൻ അവനിൽ പ്രവേശിച്ചു' (13/27). ഈ ഒരു തകർച്ചയിലേക്കു ആരാധനാസമൂഹം വീഴാതിരിക്കാൻ' വിശുദ്ധ കുർബാന വിശുദ്ധർക്കുള്ളതാകുന്നു' എന്ന കാർമികന്റെ ആഹ്വാനത്തിലൂടെ സഭ പരിശ്രമിക്കുകയാണ്. ദൈവത്തോടും മനുഷ്യരോടും വന്നുപോയിട്ടുള്ള ബന്ധത്തകർച്ചയെ തിരുത്തി വിശുദ്ധിയോടെ വിശുദ്ധരഹസ്യങ്ങൾ സ്വീകരിക്കുവാൻ കുർബാനയാഘോഷിക്കുന്ന സമൂഹത്തെ സഹായിക്കുന്നു. അതിനായി ജനത്തെ ഒരുക്കുന്ന ഒരു പ്രക്രിയ തന്നെ നമ്മുടെ കുർബാനയിൽ കാണാൻ കഴിയും. അതാണ് അനാഫൊറയ്ക്ക് ശേഷം വരുന്ന വിഭജനശുശ്രൂഷയും അനുരഞ്ജനശുശ്രൂഷയും.

അനുരഞ്ജനശുശ്രൂഷ രണ്ടു ഭാഗങ്ങളായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. ആരാധനാസമൂഹത്തെ പിതാവായ ദൈവവുമായി അനുരഞ്ജിപ്പിക്കാൻ തക്കവിധമാണ് ആദ്യഭാഗം ക്രമീകരിച്ചിരിക്കുന്നത്. ഈ ഭാഗത്ത് പുരോഹിതപ്രാർഥന, അനുതാപസങ്കീർത്തനങ്ങൾ, ധൂപാർപ്പണശുശ്രൂഷ എന്നിവയാണുള്ളത്. ഇവിടെ നമ്മുടെ ബലിപീഠത്തിൽ സന്നിഹിതനായിരിക്കുന്ന സ്വർഗവാസികളുടെ സമാധാനവും ഭൂവാസികളുടെ പ്രത്യാശയുമായിരിക്കുന്ന മിശിഹായെ ദർശിച്ച് ശാന്തിയും സമാധാനവും നല്കി ദൈവമഹത്വത്തിനായി ജീവിക്കാനുള്ള കൃപ യാചിച്ചുകൊണ്ട് ദൈവവുമായി അനുരഞ്ജനപ്പെടാനുള്ള താല്പര്യത്തോടെ സങ്കീർത്തനം ആലപിക്കുന്നു. അനുരഞ്ജനത്തിന്റെ ആദ്യപടി സ്വന്തം പാപങ്ങൾക്ക് പൊറുതി ലഭിക്കുകയാണല്ലോ. ദൈവവുമായുള്ള അനുരഞ്ജനത്തിന്റെ ഫലമായി ലഭിക്കുന്ന പാപമോചനത്തിന്റെ പ്രതീകമായി ധൂപാർപ്പണം ഈ ഭാഗത്തു നിലകൊള്ളുന്നു. ദൈവത്തിന്റെ കൃപയിലും കരുത്തിലും നാം ആശ്രയിക്കുന്നു എന്ന് ഏറ്റുപറയുകയാണിവിടെ.

അനുരഞ്ജനശുശ്രൂഷയുടെ രണ്ടാം ഭാഗത്ത് കാറോസൂസ, അനുരഞ്ജന കൂദാശ, പാപമോചന പ്രാർഥന എന്നിവയാണുള്ളത്. ദൈവവുമായുള്ള അനുരഞ്ജനത്തിന്റെ മുൻവ്യവസ്ഥയും പിൻവ്യവസ്ഥയും മനുഷ്യർ തമ്മിലുള്ള അനുരഞ്ജനമാണ്. അത് ലക്ഷ്യമാക്കിയുള്ള പ്രാർഥനകളും പ്രായോഗികനിർദേശങ്ങളുമാണ് ഈ ഭാഗത്ത് നിറഞ്ഞുനില്ക്കുന്നത്. സഹോദരങ്ങളുമായുള്ള അനുരഞ്ജനം ദിവ്യകാരുണ്യസ്വീകരണത്തിന് അനിവാര്യമാണെന്ന് ഈ ഭാഗം നമ്മെ ഓർമിപ്പിക്കുന്നു. പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപവും സഹോദരങ്ങളുമായുള്ള അനുരഞ്ജനവും ദൈവൈക്യത്തിന് അത്യന്താപേക്ഷിതമാണല്ലോ?

രണ്ടു അനുരഞ്ജനശുശ്രൂഷകളുടെ മധ്യത്തിൽ വിഭജനശുശ്രൂഷ വരുമ്പോൾ അതും വലിയൊരു സന്ദേശം ആരാധനാസമൂഹത്തിന് നല്കുന്നുണ്ട്. ദൈവത്തിനും മനുഷ്യർക്കും വേണ്ടി മുറിയപ്പെടാനും ചിന്തപ്പെടാനും തയ്യാറുള്ളവർക്കു മാത്രമേ വിശുദ്ധ കുർബാന സ്വീകരണവും കുർബാനയർപ്പണവും 'ശിക്ഷാവിധിക്ക് ഹേതുവാകാതെ കടങ്ങളുടെ പൊറുതിക്കു പാപങ്ങളുടെ മോചനത്തിനും കാരണമാ'കൂ. ■

# തോമാശ്ലീഹായുടെ ഭാരതത്തിലെ രണ്ടാമത്തെ പ്രേഷിതയാത്ര

ലിറ്റർജിക്കൽ റിസർച്ച് സെന്റർ പഠനപരമ്പര

**ക്രിസ്തുവിന് മുൻപ് ഏതാണ്ട് ആറാം നൂറ്റാണ്ടു മുതൽ വിദേശങ്ങളിൽ നിന്നും കച്ചവടക്കാരും യാത്രികരും കേരള തീരത്ത് എത്തിയിരുന്നു. കേരളത്തിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങൾ കരമാർഗമായി തെക്കേ ഇന്ത്യ വഴി സിന്ധു നദി താഴ് വാരത്തിലൂടെ മധ്യേഷ്യയിലേക്ക് പോയിരുന്നു.**

റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ

റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനവും, 'ലോകത്തിന്റെ തന്നെ തലസ്ഥാനവും', മെഡിറ്ററേനിയൻ ലോകത്തിന്റെ കേന്ദ്രവുമായ റോമായിൽ നിന്നും ആരംഭിക്കുന്ന ഒരു പാത കിഴക്കേ റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനമായ അന്ത്യോഖ്യ, റോമാ പേർഷ്യ അതിർത്തിയിലുള്ള എദേസ, പേർഷ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ സെലൂഷ്യ റ്റെസിഫോൺ, സാഗ്രസ് പർവതം, മേദിയായിലെ എക്ബട്ടണ എന്നിവ കടന്ന് മെർവ് എന്ന പട്ടണത്തിൽ എത്തി അവിടെ നിന്ന് ഒരു വഴി ചൈനയിലേക്കും മറ്റേ വഴി ഇന്ത്യയിലേക്കും പോയിരുന്നു. ചൈനയിലേക്ക് പോയിരുന്ന പാതയെ 'സിൽക്ക് പാത' എന്നും ഇന്ത്യയിലേക്ക് വന്നിരുന്ന പാതയെ 'കുരുമുളക് അഥവാ സുഗന്ധവ്യഞ്ജന പാത' എന്നും വിദേശീയർ വിളിച്ചിരുന്നു. ഇന്ത്യയിലേക്കുള്ള വഴി വടക്കേ ഇന്ത്യയിലെ പ്രധാന പട്ടണമായ ഗുജറാത്തിലെ ബറുച്ചിലും അവിടെ നിന്ന് തുടർന്ന് പോന്ന് മലബാർ തീരത്തെ മുസീറിസിലും എത്തിയിരുന്നു. ക്രിസ്തുവർഷം 48 വരെ തോമാശ്ലീഹ ഇൻഡോ പാർത്യ രാജ്യത്തിന്റെ ഭാഗമായ വടക്കു പടിഞ്ഞാറ് പ്രദേശത്ത് സുവിശേഷം അറിയിച്ചതിനു ശേഷം ജെറുസലേമിലേക്ക് തിരിച്ചു പോയി. തുടർന്ന് തന്റെ രണ്ടാമത്തെ പ്രേഷിത യാത്രയുടെ ഭാഗമായി ക്രിസ്തുവർഷം 52-ൽ കേരളത്തിലെ മുസിറിസിൽ എത്തി.

ക്രിസ്തുവിന് മുൻപ് ഏതാണ്ട് ആറാം നൂറ്റാണ്ടു മുതൽ വിദേശങ്ങളിൽ നിന്നും കച്ചവടക്കാരും യാത്രികരും കേരളതീരത്ത് എത്തിയിരുന്നു. കേരളത്തിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങൾ കരമാർഗമായി തെക്കേ ഇന്ത്യ വഴി സിന്ധുനദി താഴ് വാരത്തിലൂടെ മധ്യേഷ്യയിലേക്ക് പോയിരുന്നു. കേരളത്തിൽ നിന്നും സുഗന്ധദ്രവ്യങ്ങളും മറ്റും പ്രധാനമായും കൊണ്ടുപോയിരുന്നത് മെഡിറ്ററേനിയൻ പ്രദേശത്തേക്ക് ആയിരുന്നു. മെഡിറ്ററേനിയൻ പ്രദേശത്ത് ഇവ എത്തിക്കാൻ ഇവിടെ നിന്നും യാത്ര - ചരക്ക് മാർഗ്ഗങ്ങൾ ഉണ്ടായിരുന്നു. ക്രിസ്തുവർഷം ആദ്യനൂറ്റാണ്ടുകളിൽ ഈ മാർഗം ഏറ്റവും പ്രയോജനപ്പെടുത്തിയിരുന്നത് റോമാക്കാരായിരുന്നു. അവരായിരുന്നു കേരളത്തിൽ നിന്നുള്ള കുരുമുളക് തുടങ്ങിയുള്ള സുഗന്ധവ്യഞ്ജനങ്ങൾ മെഡിറ്ററേനിയൻ പ്രദേശത്തെ പട്ടണങ്ങളായ ഫ്ലോറൻസ്, നേപ്പിൾസ്, റോം, ജനോവ, ലിവോർണോ, അലക്സാണ്ടറിയ തുടങ്ങിയ സ്ഥലങ്ങളിൽ എത്തിച്ചിരുന്നത്. ഈ കച്ചവടത്തിന് അവർ യഹൂദരുടെ സഹായവും തേടിയിരുന്നു. കേരളത്തിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങൾക്ക് വിദേശങ്ങളിൽ വലിയ പ്രിയമായിരുന്നു. അതുകൊണ്ടാണ് കുരുമുളക് നമ്മുടെ നാട്ടിൽ പഴയകാലത്ത് അറിയപ്പെട്ടിരുന്നത് യവനപ്രിയ (യവനർക്ക് പ്രിയപ്പെട്ടത്) എന്നായിരുന്നു. കേരളവും മെഡിറ്ററേനിയൻ ലോകത്തെ പ്രധാന പട്ടണമായ അലക്സാണ്ടറിയായും തമ്മിലുള്ള ബന്ധമാണ് തോമസിന്റെ ഇന്ത്യയിലേക്കുള്ള വരവ് എളുപ്പമാക്കി തീർത്തത്. ഈ രണ്ട് പട്ടണങ്ങൾ (അലക്സാണ്ടറിയായും മുസീറിസും) തമ്മിലുള്ള ബന്ധം അങ്ങോട്ടും ഇങ്ങോട്ടും ഉള്ള യാത്രയ്ക്ക് സഹായകമായി. ക്രിസ്തുവർഷം 44-ൽ ക്ലവുഡിയൂസിന്റെ ഭരണകാലത്ത് റോമിലേക്ക് തെക്കേ ഇന്ത്യയിൽ നിന്നും പ്രതിനിധികളെ അയക്കുന്നത് റോമൻ ചരിത്രത്തിൽ ഉണ്ട്. ചരിത്രത്തിന്റെ പിതാവായ ഹെറോഡോട്ടസ് ഫിനീഷ്യക്കാർക്ക് ചെങ്കടൽവ്യാപാര'ത്തിലൂടെ കേരളത്തിൽ നിന്നും ലഭിച്ചിരുന്ന മീറ, കറുവ, കാസിയ എന്നിവയെക്കുറിച്ച് എഴുതുന്നുണ്ട്. ചന്ദ്രഗുപ്തന്റെ കൊട്ടാരത്തിൽ പാടലിപുത്രത്തിൽ ഏഴ് വർഷം ഗ്രീക്ക് ചക്രവർത്തിയായ സെലൂക്കസ് നിക്കാദറിന്റെ പ്രതിനിധിയായി താമസിച്ച ചേര രാജാക്കന്മാരെ പറ്റി എഴുതുന്നത് കാണാം.

Periplus of the Erythrean Sea യുടെ കർത്താവിന്റെ അഭിപ്രായത്തിൽ കേരളത്തിലെ പുറക്കാടും മുസീറിസും ആയിരുന്നു ഏറ്റവും കൂടുതൽ കുരുമുളക് യൂറോപ്പിലേക്ക് കയറ്റി അയച്ചിരുന്നത്. ഒന്നാം നൂറ്റാണ്ടിലെ റോമൻ എഴുത്തുകാരനായിരുന്ന പ്ലീനി കേരളത്തിലേക്കുള്ള സമുദ്രമാർഗത്തെയും മലബാർ പ്രദേശത്തെയും അവിടെ ലഭ്യമാകുന്ന വസ്തുക്കളെയും കുറിച്ച് വിവരിക്കുന്നുണ്ട്. മുസിറിസിലും കൊല്ലത്തും കിടക്കുന്ന യവന കപ്പലുകളെ പറ്റി അദ്ദേഹം എഴുതുന്നുണ്ട്. തോമാശ്ലീഹായുടെ ഭാരതത്തിലെ രണ്ടാമത്തെ പ്രേഷിതയാത്രയെക്കുറിച്ച് 'തോമായുടെ നടപടികൾ' എന്ന ഗ്രന്ഥം കൃത്യമായി വിവരിക്കുന്നുണ്ട്. വടക്കേ ഇന്ത്യ ഉൾപ്പെടുന്ന ഗുണ്ടഫർ ചക്രവർത്തിയുടെ പാർത്യ രാജ്യത്ത് നടത്തിയ ശ്ലീഹായുടെ ഒന്നാമത്തെ പ്രേഷിത യാത്രയാണ് ഒന്നുമുതൽ ആറു വരെ അധ്യായങ്ങളിൽ കാണുന്നത്. ഏഴ് മുതൽ 13 വരെയുള്ള അധ്യായങ്ങൾ കേരള ഉൾപ്പെടുന്ന തെക്കേ ഇന്ത്യയിലെ പ്രേഷിത യാത്രയുടെ കാര്യമാണ്. തോമാശ്ലീഹാ രൂപം കൊടുത്ത സഭാ സമൂഹത്തെ നയിക്കുന്നതിന് സാന്റിപൂസ് എന്ന ഡീക്കനെ ഭരമേല്പിച്ച ശേഷം ശ്ലീഹാ സുവിശേഷപ്രഘോഷണത്തിന് മറ്റൊരു രാജ്യത്തിലേക്ക് പോയി എന്നാണ് തോമായുടെ നടപടികൾ ഏഴാം അധ്യായത്തിന്റെ അവസാനത്തിൽ വായിക്കുന്നത്. അത് തെക്കേ ഇന്ത്യയിലെ മസ്ദായ് എന്ന ചക്രവർത്തിയുടെ രാജ്യമാണ്. ഈ രാജ്യത്തെ വിവിധ പ്രദേശങ്ങളിലും അദ്ദേഹം സുവിശേഷം പ്രസംഗിക്കുകയും അനേകം അത്ഭുതങ്ങൾ പ്രവർത്തിക്കുകയും അനേകരെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തു. രാജപുത്രനും ഭാര്യയും പട്ടാള മേധാവിയുടെ ഭാര്യയും എല്ലാം സുവിശേഷം സ്വീകരിച്ച വലിയ വ്യക്തികളിൽ ചിലർ മാത്രമാണ്. ഇതെല്ലാം രാജാവിന്റെ അനിഷ്ടത്തിനും ക്രോധത്തിനും കാരണമായി. തന്മൂലം മസ്ദായി തോമസിനെ വധിക്കാൻ പടയാളികളെ ഏൽപ്പിക്കുകയാണ്. അവർ തോമസിനെ വധിക്കുന്നത് ഈ ഗ്രന്ഥത്തിന്റെ പന്ത്രണ്ടാം അധ്യായത്തിൽ കാണാം. അങ്ങനെ തോമാശ്ലീഹാ ഇന്ത്യയിലെ തന്റെ പ്രേഷിത വേല മൈലാപ്പൂരിലെ രക്തസാക്ഷിത്വം കൊണ്ട് മുദ്രവച്ചു. ■

# അൽമായ മിഷനറിമാരാകുക എന്നത് ഒരു ദൈവവിളിയാണ്

ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ

1965 നവംബർ 18-ന് വിശുദ്ധ പോൾ ആറാമൻ പാപ്പ പുറപ്പെടുവിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അപ്പോസ്തോലിക പ്രവർത്തനമെന്ന ഡിക്രിയിൽ, അൽമായരുടെ അപ്പസ്തോലേറ്റ് ആയ അപ്പസ്തോലികം ആക്റ്റുവോസിറ്റം (അപ്പോസ്തോലിക പ്രവർത്തനം) പ്രകാരം, മിഷനറിമാരായി അല്മായരുടെ പ്രേഷിതവിളിയെ കുറിച്ച് ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.

സഭയിൽ, ശുശ്രൂഷയിൽ വൈവിധ്യമുണ്ടെങ്കിലും ദൗത്യത്തിൽ ഏകത്വമുണ്ട്. യേശുക്രിസ്തു അപ്പസ്തോലന്മാർക്കും അവരുടെ പിൻഗാമികൾക്കും തന്റെ നാമത്തിലും ശക്തിയിലും പഠിപ്പിക്കാനും വിശുദ്ധീകരിക്കാനും ഭരിക്കാനുമുള്ള ഉത്തരവാദിത്തം നൽകി. എന്നാൽ ക്രിസ്തുവിന്റെ പൗരോഹിത്യ, പ്രവാചക, രാജകീയ ദൗത്യങ്ങളിൽ അല്മായർ പങ്കുചേരുന്നു, അതിനാൽ സഭയിലും ലോകത്തിലും മുഴുവൻ ദൈവജനത്തിന്റെയും ദൗത്യത്തിൽ അവർക്ക് അവരുടേതായ പങ്കുണ്ട്. മനുഷ്യരെ സുവിശേഷവൽക്കരിക്കാനും വിശുദ്ധീകരിക്കാനും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളിലൂടെയാണ് അവർ യഥാർഥത്തിൽ അപ്പസ്തോലിക പ്രവർത്തനം നടത്തുന്നത്. ഈ രീതിയിൽ, അവരുടെ ഐഹികമായ പ്രവർത്തനം വഴി അവർ ക്രിസ്തുവിന് പരസ്യമായി സാക്ഷ്യം വഹിക്കുകയും മനുഷ്യരുടെ രക്ഷയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അൽമായർ, ലോകത്തിന്റെയും അതിന്റെ ആശങ്കകളുടെയും നടുവിൽ, അവരുടെ ജീവിതാവസ്ഥയ്ക്ക് അനുസൃതമായി ജീവിക്കുന്നതിനാൽ, ക്രിസ്തുവിന്റെ തീക്ഷ്ണതയോടെ പുളിമാവ് പോലെ ലോകത്തിൽ അവരുടെ അപ്പോസ്തലിക ദൗത്യം നിർവഹിക്കുവാൻ ദൈവം അവരെ വിളിച്ചിരിക്കുന്നു (AA 2).



**രക്ഷയുടെ ദിവ്യസന്ദേശം ലോകമെമ്പാടുമുള്ള എല്ലാ മനുഷ്യരും അറിയുകയും അംഗീകരിക്കുകയും ചെയ്യുന്നതിനായി പ്രവർത്തിക്കാനുള്ള പരമപ്രധാന ഉത്തരവാദിത്തം എല്ലാ ക്രിസ്ത്യാനികളിലും നിക്ഷിപ്തമാണ്.**

അൽമായർക്ക് പ്രേഷിതപ്രവർത്തനത്തിനുള്ള അവകാശവും കടമയും മാമ്മോദീസയിലൂടെ ലഭിച്ചു, സൈഥര്യലേപനത്തിലൂടെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ശക്തിപ്പെടുത്തപ്പെട്ടു, കർത്താവ് തന്റെ പ്രേഷിതദൗത്യത്തിലേക്ക് അവരെ നിയോഗിക്കുന്നു. അൽമായർ രാജകീയ പൗരോഹിത്യത്തിലും വിശുദ്ധ ജനമായും വേണ്ടി അവർ സമർപ്പിക്കപ്പെട്ടിരിക്കുന്നു (cf. 1 പത്രോസ് 2:4-10). അവർ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും ആത്മീയ ത്യാഗങ്ങൾ അർപ്പിക്കാൻ മാത്രമല്ല, ലോകമെമ്പാടും ക്രിസ്തുവിന് സാക്ഷ്യം വഹിക്കാനും അവർ ആഗ്രഹിക്കുന്നു.

വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയിലൂടെ ഒരാൾ പ്രേഷിതത്വത്തിൽ ഏർപ്പെടുന്നു. ഏക സത്യദൈവത്തെയും അവൻ അയച്ച യേശുക്രിസ്തുവിനെയും അവർ അറിയേണ്ടതിനും (cf. യോഹന്നാൻ 17:3), ദൈവത്തിന്റെ രാജ്യത്തിന്റെ വരവിലൂടെ അവന്റെ മഹത്വം പ്രചരിപ്പിക്കാനും എല്ലാ മനുഷ്യർക്കും നിത്യജീവൻ നേടാനും എല്ലാ വിശ്വാസികളും നിർബന്ധിതരാകുന്നു. അതിനാൽ, രക്ഷയുടെ ദിവ്യസന്ദേശം ലോകമെമ്പാടുമുള്ള എല്ലാ മനുഷ്യരും അറിയുകയും അംഗീകരിക്കുകയും ചെയ്യുന്നതിനായി പ്രവർത്തിക്കാനുള്ള പരമപ്രധാന ഉത്തരവാദിത്തം എല്ലാ ക്രിസ്ത്യാനികളിലും നിക്ഷിപ്തമാണ്.

മുകളിൽ പറഞ്ഞ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട്, സീറോ മലബാർ സഭ അൽമായർക്കായി ഒരു മിഷനറി സംഘടന രൂപീകരിക്കുക എന്ന ചരിത്രപരമായ ചുവടുവയ്പ്പുമായി മുന്നോട്ട് പോകുന്നു. സഭയിൽ നടക്കുന്ന ത്വരിതഗതിയിലുള്ള പ്രതിഭാസമായ കുടിയേറ്റം, കുടിയേറ്റക്കാരെ ആഗോള സുവിശേഷവൽക്കരണത്തിനായുള്ള മിഷനറിമാരായി രൂപീകരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

അതേസമയം, നിരവധി മിഷനറി പ്രവർത്തനങ്ങൾ ആരംഭിച്ചുകൊണ്ട് അൽമായർ ഇതിനകം തന്നെ സ്വയം സംഘടിച്ചിട്ടുണ്ട്. അവയിൽ ചിലത് ചുവടെ ചേർത്തിരിക്കുന്നു: ബൈബിൾ അച്ചടിയും വിതരണവും; മിഷൻ ഫെസ്റ്റ്; കാറ്റെക്കിസ്റ്റുകൾ, കെറിഗ്മാറ്റിക്സ്, ഡിഡാക്കിസ്റ്റുകൾ എന്നിവർക്കുള്ള രൂപീകരണവും പരിശീലന പരിപാടിയും; ജെറിക്കോ പ്രാർത്ഥന, രാത്രി ജാഗരണം, ലോകത്തിനും ഇന്ത്യക്കും വേണ്ടി കിടപ്പുരോഗികൾ ഉൾപ്പെടെ നടത്തുന്ന മധ്യസ്ഥ പ്രാർത്ഥന, അതിഥി തൊഴിലാളികൾ, വൃദ്ധർ, യുവാക്കൾ, കുട്ടികൾ; പുതിയ ക്രൈസ്തവ സമൂഹങ്ങളുടെ എന്നിവരുടെ ഇടയിലുള്ള ശുശ്രൂഷകൾ. മിഷനുവേണ്ടിയുള്ള വിശുദ്ധ വസ്തുക്കളുടെയും മറ്റു സാധനങ്ങളുടെയും ശേഖരണം മിഷനറിമാർക്കും ദേവാലയങ്ങൾക്കും മറ്റു ഭവനങ്ങൾക്കുമായുള്ള സ്പോൺസർമാർ; ഹോം മിഷനും ഓൺലൈൻ ട്യൂഷനും; അപ്പോളജിസ്റ്റുകൾ, തെരുവീഥിയിലെ സുവിശേഷ പ്രഘോഷണം, പ്രോലൈഫർമാർ, ക്രിസ്റ്റീൻ, ജീസസ് യൂത്ത്, മീഡിയ മിനിസ്ട്രി, ബ്ലിസ്, ബൈബിൾഓൺ പോലുള്ള മൊബൈൽ ആപ്ലിക്കേഷനുകൾ; തുടങ്ങിയവ.

വ്യത്യസ്തങ്ങളായ മിഷൻ പ്രവർത്തനങ്ങളിലൂടെ ദൈവരാജ്യസ്ഥാപനത്തിനായി നമ്മുടെ അൽമായർ ചെയ്യുന്ന ദൈവരാജ്യ വ്യാപന പ്രക്രിയയെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് നമുക്ക് പ്രാർഥിക്കാം. ■

# മാനസികാരോഗ്യപരിപാലനം നവയുഗ കാലഘട്ടത്തിൽ

മെന്റൽ ഹെൽത്ത് കോർണർ

റവ. ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിൽ

ആരോഗ്യം എന്നാൽ ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും, സാമൂഹികവും, ആത്മീയവുമായ സൗഖ്യാവസ്ഥയാണ്. രോഗത്തിന്റെ അഭാവം മാത്രമല്ല എന്ന ലോകാരോഗ്യസംഘടനയുടെ നിർവചനം ഇവിടെ അർഥവത്താണ്. ആരോഗ്യം എന്ന പദത്തിൽ മാനസികാരോഗ്യം അന്തർലീനമായിരിക്കുന്നു. അതുകൊണ്ടാണ് മാനസികാരോഗ്യ പരിപാലനം പ്രാഥമികാരോഗ്യ പരിപാലനത്തിൽ ഉൾച്ചേർത്തിരിക്കുന്നത്. ലോകാരോഗ്യസംഘടനയുടെ വീട്തോറുമുള്ള ഒരു പഠനമനുസരിച്ച് ഏത് സമൂഹത്തിലും ഒരു ശതമാനം പേർ ഗൗരവപൂർണമായ മനോരോഗമുള്ളവരാണെന്നും, പത്ത് ശതമാനം പേർ ലഘുവായ മനോരോഗമുള്ളവരാണെന്നും കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ കൂടുതൽ ജനങ്ങൾ ഗ്രാമങ്ങളിലാണ് താമസിക്കുന്നത്. മനോരോഗ ചികിത്സാ സൗകര്യങ്ങൾ നഗരങ്ങളിലാണ് കൂടുതലുള്ളത്. വളരെയധികം രോഗികൾക്ക് എത്രയും പെട്ടെന്ന് ചികിത്സ ലഭ്യമാകുന്നതിൽ ഇത് തടസം സൃഷ്ടിക്കാറുണ്ട്.



### സൈക്കോസിസ് ഡിസോർഡറുകൾ

പിളർന്ന മനസ് എന്ന അർഥമുള്ള സ്കിസോഫ്രീനിയ മനോരോഗങ്ങളിൽ ഏറ്റവും തീവ്രവും ദുരൂഹത നിറഞ്ഞതുമാണ്. നൂറിലൊരാൾക്ക് എന്ന തോതിൽ സമൂഹത്തിൽ കണ്ടുവരുന്ന ഈ രോഗാവസ്ഥ പ്രകടമാക്കാൻ തുടങ്ങുന്നതു കൗമാരകാലത്താണ്. തുടക്കത്തിലേ തിരിച്ചറിഞ്ഞ് ചികിത്സിച്ചില്ലെങ്കിൽ ജീവിതെ താറുമാറാക്കുന്ന മാറാവ്യാധിയായി ഇത് മാറും. സംശയങ്ങൾ, പേടി, അശരീരി ശബ്ദങ്ങൾ കേൾക്കൽ, ചിന്തകളും പ്രവൃത്തികളും മറ്റാരോ നിയന്ത്രിക്കുന്നുണ്ടെന്ന തോന്നൽ, സാമൂഹ്യ സമ്പർക്കത്തിൽ നിന്ന് ഒഴിഞ്ഞ് മാറൽ എന്നിങ്ങനെ യാഥാർഥ്യബോധവും ഉൾക്കാഴ്ചയും നഷ്ടമായി അലഞ്ഞുനടക്കുന്ന അവസ്ഥയിലേക്ക്വരെ രോഗി എത്തിപ്പെടാം. ഡെല്യൂഷൻ എന്നറിയപ്പെടുന്ന മിഥ്യാവിശ്വാസങ്ങളും ഹാലൂസിനേഷൻ എന്നറിയപ്പെടുന്ന നേരല്ലാത്ത പഞ്ചേന്ദ്രിയ അനുഭവങ്ങളും, ചിന്തകളുടെ ഒഴുക്കിനുണ്ടാകുന്ന തകരാറുകളും, സംഭാഷണത്തിലുണ്ടാകുന്ന വ്യതിയാനങ്ങളും, ഉൾവലിയാനുള്ള പ്രവണത കാണിക്കുന്നതുമെല്ലാം രോഗലക്ഷണങ്ങളാണ്.

ആഴത്തിൽ വേരൂന്നിയ മിഥ്യാധാരണകളാണ് പൊതുവെ സംശയരോഗം എന്നറിയപ്പെടുന്ന ഡെല്യൂഷണൽ ഡിസോർഡർ എന്ന അവസ്ഥയുടെ മുഖമുദ്ര. പങ്കാളിയുടെ ചാരിത്രത്തെയും, വ്യക്തിവിരോധം മൂലം തന്നെ നശിപ്പിക്കാനൊരുമ്പെടുന്ന അയൽക്കാരനെയോ, തന്നെ മോഹിക്കുന്ന സിനിമാതാരത്തെയോ, ദേഹമാസകലം ഇഴഞ്ഞുനടക്കുന്ന ചെറുപ്രാണികളെയോ ഒക്കെ പറ്റിയാകാം ഈ മിഥ്യാധാരണകൾ വരുന്നത്.

### വിഷാദരോഗങ്ങൾ

രണ്ടാഴ്ചയിലധികം നിലനിൽക്കുന്ന സങ്കടഭാവം, ആസ്വദിച്ചുചെയ്തിരുന്ന പ്രവൃത്തികളോടുപോലും താല്പര്യമില്ലായ്മ, തീവ്രമായ ക്ഷീണം, അതുപോലെ അശുഭചിന്തകൾ, കുറ്റബോധം, ശ്രദ്ധപതർച്ചകൾ, ആത്മവിശ്വാസക്കുറവ്, ആത്മഹത്യാപ്രവണത, വിശപ്പിലും ഉറക്കത്തിലും ശരീരത്തിനുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, ലൈംഗിക താല്പര്യകുറവ്, രോഗത്തിന്റെ തീവ്രാവസ്ഥയിൽ സൈക്കോട്ടിക് ലക്ഷണങ്ങളായ ഡെല്യൂഷൻ, ഹാലൂസിനേഷൻ എന്നിവയും കാണാറുണ്ട്. സമൂഹത്തിൽ മുപ്പതുശതമാനത്തോളം പേരിൽ കണ്ടുവരുന്ന ഈ രോഗാവസ്ഥ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിൽ രണ്ട് മടങ്ങ് കൂടുതലാണ്. ബൈപോളാർ ഡിസോർഡർ, ഇരട്ടമുഖമുള്ള രോഗാവസ്ഥയാണ്. വിഷാദവും ഉന്മാദവും മാറിമാറിയോ, ഉന്മാദ അവസ്ഥകൾ മാത്രമായോ പ്രകടമാകുന്നു.

### ന്യൂറോസിസ് ഡിസോർഡറുകൾ

ഒബ്സസീവ് കംപൽസീവ് ഡിസോർഡർ എന്ന രോഗം ബാധിച്ചവർക്ക് അടക്കും ചിട്ടയും വൃത്തിയും അടക്കിവാഴുന്ന ജീവിതമാണ്. കൂടെക്കൂടെ തികട്ടിവരുന്ന നിയന്ത്രണാതീതമായ ചിന്തകളാണിവിടെ സംഭവിക്കുന്നത്. ഈ ചിന്തകളെ തടയുവാൻ ശ്രമിക്കുമ്പോൾ വിജയത്തിലെത്തുന്നില്ല, അങ്ങനെ അവയുണ്ടാക്കുന്ന ഉൽകണ്ഠ ഒഴിവാക്കാനുള്ള വഴിയായി കംപൽഷനുകൾ എന്നറിയപ്പെടുന്ന, ആവർത്തിച്ചുചെയ്യുന്ന ചില പ്രവൃത്തികൾ ഇത്തരക്കാർ സ്വീകരിക്കുന്നു. മറ്റ് ഉൽകണ്ഠാരോഗങ്ങളും, ഫോബിയ പോസ്റ്റ് ട്രോമാറ്റിക് സ്ട്രെസ് ഡിസോർഡർ തുടങ്ങിയവയും ഇവയിൽപെടുന്നു.

### നൂതന ചികിത്സാമുന്നേറ്റങ്ങളും കർമ്മപദ്ധതികളും

ന്യൂറോ സൈക്കോളജി, ബിഹേവിയറൽ ജനിറ്റിക്, ബിഹേവിയറൽ സയൻസ്, ബയോ എഞ്ചിനീയറിംഗ് എന്നിവയെ കൂട്ടിയിണക്കികൊണ്ട് രൂപം കൊടുത്ത 'ഒപ്റ്റോജനറ്റിക്' എന്ന വിഭാഗം, വിഷാദം, ഉൽകണ്ഠ തുടങ്ങിയവയിൽ ഏറെ പ്രയോജനപ്പെടുന്നതാണ്. ന്യൂറോ സയൻസ് വികസിപ്പിച്ചെടുത്ത ക്രാനിയൽ മാഗ്നറ്റിക് സ്റ്റിമുലേഷൻ, ഡയറക്ട് കറന്റ് സ്റ്റിമുലേഷൻ, ബ്രെയിൻ പോളസൈഡ് സ്റ്റിമുലേഷൻ എന്നീ സങ്കേതങ്ങൾ ലഘുമനോരോഗങ്ങൾക്ക് സാന്ത്വനമേകുന്നവയാണ്. പരമ്പരാഗത ചികിത്സകൾ ഫലിക്കാതെ വരുന്ന രോഗികളിൽ ഇത്തരത്തിലുള്ള നോൺ ഇൻവൈസീവ് തെറാപ്പികൾ ചെയ്തപ്പോൾ രോഗത്തിന്റെ കാഠിന്യം കുറഞ്ഞുവരുന്നതായും, പാർശ്വഫലങ്ങൾ ഇല്ലാത്തതായും സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിൽ നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. പരീക്ഷണഘട്ടങ്ങളിലൂടെ കടന്നുപോകുന്ന 'ജീൻതെറാപ്പി' മനോരോഗ ചികിത്സയിൽ പുതിയ ദിശാബോധം നൽകുമെന്ന് പ്രതീക്ഷിക്കാം.

മാനസികാരോഗ്യപരിപാലനം സങ്കീർണമായ ഒരു കർമപദ്ധതിയാണ്. സമൂഹത്തിലെ വിവിധതലങ്ങളിലുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും കൂട്ടായ്മകൊണ്ടുമാത്രമേ ലക്ഷ്യം പൂർത്തീകരിക്കാനാകൂ. മനുഷ്യജീവന്റെ അനന്യതയെയും മാഹാത്മ്യത്തെയും പ്രഘോഷിക്കുന്ന തിരുസഭക്കും സഭാസ്ഥാപനങ്ങൾക്കും ഇവിടെ വിലമതിക്കാനാവാത്ത പങ്ക് നിർവ്വഹിക്കാനുണ്ട്. ■

# പ്രവൃത്തികളും വാക്കുകളും

പ്രബോധനപാത

റവ. ഡോ. ബിൽജു വാഴപ്പിള്ളി

**മരിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്റെ ആത്മാവിൽ എല്ലാവരുമായും പങ്കിടാൻ ആഗ്രഹിക്കുന്ന രക്ഷയുടെ ദാനം നല്കപ്പെടുന്നത് ഇന്ന് സഭയിൽ കൂദാശകളിലൂടെയാണ്. കൂദാശപരികർമങ്ങൾ സ്വകാര്യ ചടങ്ങുകളല്ല, മറിച്ച് സഭയുടെ ആഘോഷങ്ങളാണ് എന്ന ബോധ്യം ശുശ്രൂഷകനുണ്ടാകണം.**

2024 ഫെബ്രുവരി 2ന് കൂദാശകളുടെ സാധുതാപരമായ പരികർമത്തിനു അവശ്യമായ ഘടകങ്ങളെ കുറിച്ച് ഇതുവരെ സഭയിൽ നൽകപ്പെട്ട ദൈവശാസ്ത്രപരമായ പ്രബോധനങ്ങൾ സമ്യക്കായും വ്യക്തമായും പ്രതിപാദിക്കുന്ന വിശ്വാസപ്രബോധനത്തിനുള്ള ഡിക്കാസ്റ്ററി പ്രസിദ്ധീകരിച്ച സുപ്രധാന കുറിപ്പാണ് Gestis Verbisque (പ്രവൃത്തികളും വാക്കുകളും).

### പ്രസക്തി

കൂദാശകൾ അസാധുവായി ആഘോഷിക്കപ്പെടുന്ന സാഹചര്യങ്ങൾ വർദ്ധിക്കുന്നതിൽ റോമിലെ മെത്രാൻ സംഘം, പ്രത്യേകിച്ച് വിശ്വാസതിരുസംഘത്തിലെ മെത്രാന്മാർ, ആശങ്ക പ്രകടിപ്പിച്ചു. കൂദാശകളുടെ ദ്രവ്യത്തിലോ (Matter) രൂപത്തിലോ (Form) കാർമികരായ വൈദികർ വരുത്തിയ ഗുരുതരമായ മാറ്റങ്ങൾ, ആ കൂദാശകളുടെ പരികർമങ്ങളെ അസാധുവാക്കി. അതിൽ ഉൾപ്പെട്ടവരെ കണ്ടെത്തി മാമോദീസയുടെയോ സ്ഥൈര്യലേപനത്തിന്റെയോ പരികർമം ആവർത്തിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഇത്തരം പ്രവൃത്തികൾ നയിച്ചു. കൂടാതെ വിശ്വാസികളിൽ ഗണ്യമായ ഒരു വിഭാഗം, തങ്ങൾ സ്വീകരിച്ച കൂദാശകൾ അസാധുവായിരുന്നു എന്ന് തിരിച്ചറിഞ്ഞപ്പോൾ, അവരുടെ ദുഃഖം ശരിയായി പ്രകടിപ്പിച്ചു. ചില ഉദാഹരണങ്ങൾ ഈ സുപ്രധാന കുറിപ്പ് നമ്മുടെ വിചിന്തനത്തിനായി നൽകുന്നുണ്ട്: മാമ്മോദീസക്കു സഭ നിഷ്കർഷിച്ചു നൽകിയിട്ടുള്ള ഫോർമുലക്കു പകരം സ്രഷ്ടാവിന്റെ നാമത്തിൽ ഞാൻ നിങ്ങളെ മാമോദീസ മുക്കുന്നു, നിങ്ങളുടെ അപ്പന്റെയും അമ്മയുടെയും നാമത്തിൽ ഞങ്ങൾ നിങ്ങളെ മാമോദീസ മുക്കുന്നു. ഇത്തരത്തിലുള്ള ഫോർമുലകൾ ഉപയോഗിച്ച് സ്നാനമേറ്റ ചില പുരോഹിതന്മാർ പോലും അത്തരമൊരു ഗുരുതരമായ സാഹചര്യം സ്വയം കണ്ടെത്തി, അവരുടെ പൗരോഹിത്യ സ്വീകരണത്തിന്റെയും അതുവരെ അവർ പരികർമം ചെയ്ത കൂദാശകളുടെയും അസാധുത്വം വേദനാജനകമായി കണ്ടെത്തി. ഇവയെല്ലാം ഈ സുപ്രധാന കുറിപ്പിന്റെ പ്രസക്തിയിലേക്കു വിരൽ ചൂണ്ടുന്നതാണ് (നമ്പർ 23).

### പ്രധാന പ്രബോധനങ്ങൾ

ക്രിസ്തു സ്ഥാപിച്ചവയാണ് കൂദാശകൾ. രക്ഷയുടെ രഹസ്യത്തിന്റെ ജീവനുള്ള അനുഭവം നടപ്പിലാക്കുന്നത് നമുക്ക് ഗ്രഹിക്കാവുന്ന അടയാളങ്ങളിലൂടെയാണ്. ദൈവിക ജീവനിൽ നമുക്ക് പങ്കാളിത്തം സാധ്യമാക്കുന്ന പ്രവർത്തനങ്ങളാണ് കൂദാശകൾ. അവ പുതിയതും നിത്യവുമായ ഉടമ്പടിയിലെ ദൈവത്തിന്റെ പ്രധാന പ്രവൃത്തികൾ ആണ്.

കൂദാശകൾ സാധുവായി പരികർമം ചെയ്യുന്നതിന് അവശ്യം വേണ്ടുന്ന ഘടകങ്ങളാണ് ദ്രവ്യവും രൂപവും (Matter and Form), പരികർമിയും സ്വീകർത്താവും (Minister and Recipient) സഭയുടെ ഉദ്ദേശശുദ്ധിയും (Intention of the Church). ദ്രവ്യവും രൂപവുമായി ബന്ധപ്പെട്ടത് കൂദാശ പരികർമം ചെയ്യുന്ന ശുശ്രൂഷകന്റെ ഉദ്ദേശ്യമാണ്. തീർച്ചയായും, ശുശ്രൂഷകന് 'സഭ ചെയ്യുന്ന കാര്യങ്ങളെങ്കിലും ചെയ്യുക എന്ന ഉദ്ദേശ്യം' ഉണ്ടായിരിക്കണം. ശുശ്രൂഷകന്റെ ഉദ്ദേശ്യം സ്വീകർത്താവിന്റെ മനോഭാവത്തോടൊപ്പം കൂദാശയുടെ ആന്തരികവും ആത്മനിഷ്ഠവുമായ ഘടകത്തെ പ്രതിനിധീകരിക്കുന്നു. കൂദാശകളുടെ സാധുവായ പരികർമത്തിനായി സഭ ഔദ്യോഗികമായി അംഗീകരിച്ചു തന്ന തക്സ ഇതെല്ലാം ഉൾക്കൊള്ളുന്നവയാണ്.

ഇക്കാരണത്താൽ, അവശ്യഘടകങ്ങളുടെ ഗുരുതരമായ മാറ്റം ശുശ്രൂഷകന്റെ യഥാർഥ ഉദ്ദേശ്യത്തെക്കുറിച്ച് സംശയം ജനിപ്പിക്കുന്നു. ഇത് പരികർമം ചെയ്യപ്പെടുന്ന കൂദാശയുടെ സാധുതയെ ഇല്ലാതാക്കുന്നു. കാരണം, സഭ ചെയ്യുന്നത് ചെയ്യാനുള്ള ഉദ്ദേശ്യം ദ്രവ്യത്തിന്റെ ഉപയോഗത്തിലും സഭ സ്ഥാപിച്ച രൂപത്തിലും പ്രകടമാണ്. ഇവയിൽ സർഗ്ഗാത്മകതയുടെ പേരിൽ ഇഷ്ടാനുസരണം മാറ്റങ്ങൾ വരുത്തി കൂദാശ പരികർമം ചെയ്യുന്നത് വാസ്തവത്തിൽ ആ കൂദാശയെ തന്നെ അസാധുവാക്കുന്നു; അതിനാൽ, അവ ഒരിക്കലും കൃപ നല്കുകയുമില്ല. ഇക്കാരണത്താൽ, നിയമാനുസൃതം നല്കപ്പെട്ട കൂദാശകളുടെ തക്സയിൽ ഒന്നും ചേർക്കാനോ നീക്കം ചെയ്യാനോ മാറ്റാനോ പാടില്ല. വിശ്വസ്തതയോടെ അവ പരികർമം ചെയ്യാൻ കാർമികൻ ശ്രദ്ധിക്കേണ്ടതാണ്.

തിരുവെഴുത്തുകളിലും പാരമ്പര്യത്തിലും വേരൂന്നിയതിനാൽ, കൂദാശകളുടെ ദ്രവ്യവും രൂപവും (Matter and Form), ഒരിക്കലും വ്യക്തികളുടെയോ പ്രത്യേക സമൂഹങ്ങളുടെയോ ഇച്ഛയനുസരിച്ച് നിർണയിക്കാൻ കഴിയില്ല. ആരുടെയെങ്കിലും ഇഷ്ടത്തിനനുസരിച്ച് ഈ ഘടകങ്ങളെ നിർണ്ണയിക്കുക എന്നതല്ല സഭയുടെ ഉത്തരവാദിത്തം, മറിച്ച് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് വിധേയമായി അവയെ ആധികാരികമായി ചൂണ്ടിക്കാണിക്കുക എന്നതാണ്.

മെത്രാനും അദ്ദേഹത്തോടൊപ്പം സഹകരിക്കുന്ന പുരോഹിതന്മാരും ആരാധനാക്രമ ആഘോഷങ്ങൾക്ക് നേതൃത്വം നൽകുന്നു. അതേസമയം, ആഘോഷത്തിൽ അധ്യക്ഷത വഹിക്കുന്ന ശുശ്രൂഷകൻ, ശിരസായ ക്രിസ്തുവിന്റെ വ്യക്തിത്വത്തിലും (in persona Christi captitis) സഭയുടെ നാമത്തിലും (in nominae Ecclesia) ആണ് പ്രവർത്തിക്കുന്നത്. സഭയാകുന്ന ശരീരത്തിന്റെ ശിരസ് ക്രിസ്തുവാണ്. ക്രിസ്തു മാത്രമാണ് എല്ലാ കൂദാശകളുടെയും പരികർമത്തിന്റെ യഥാർഥ അധ്യക്ഷനും പരികർമിയും എന്ന് മറക്കാതിരിക്കാം.

കൂദാശകൾ പരികർമം ചെയ്യുന്ന ശുശ്രൂഷകർ എന്ന നിലയിൽ ഓരോ പുരോഹിതനും തികഞ്ഞ സ്നേഹത്തോടെ ഉറച്ച വിശ്വാസത്തോടെ കൂദാശകൾ പരികർമം ചെയ്യാൻ ശ്രദ്ധാലുക്കളാകണം. മരിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്റെ ആത്മാവിൽ എല്ലാവരുമായും പങ്കിടാൻ ആഗ്രഹിക്കുന്ന രക്ഷയുടെ ദാനം നല്കപ്പെടുന്നത് ഇന്ന് സഭയിൽ കൂദാശകളിലൂടെയാണ്. കൂദാശപരികർമങ്ങൾ സ്വകാര്യ ചടങ്ങുകളല്ല, മറിച്ച് സഭയുടെ ആഘോഷങ്ങളാണ് എന്ന ബോധ്യം ശുശ്രൂഷകനുണ്ടാകണം. ഓരോ കൂദാശയുടെയും ദ്രവ്യത്തിലും രൂപത്തിലും സഭ സ്ഥാപിച്ച കാര്യങ്ങളോടു നമുക്ക് ആദരവോടും ബഹുമാനത്തോടും സമീപിക്കാം. ഓരോ രൂപതാധ്യക്ഷനും തന്റെ രൂപതയിൽ കൂദാശകൾ സാധുവായി പരികർമം ചെയ്യപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചറിയാനും ഈ മേഖലയിൽ സംഭവിച്ചിട്ടുള്ള വ്യതിയാനങ്ങളെ തിരിച്ചറിഞ്ഞു സത്വര നടപടികൾ കൈക്കൊള്ളാനും ഈ കുറിപ്പ് പ്രത്യേകം ഉദ്ബോധിപ്പിക്കുന്നു. ■

# ദൈവത്തിന്റെ പരിശുദ്ധി– അകലവും അടുപ്പവും

**'ഞാൻ ദൈവമാണ്, മനുഷ്യനല്ല. നിങ്ങളുടെ ഇടയിൽ വസിക്കുന്ന പരിശുദ്ധൻ തന്നെ' (ഹോസിയാ 11:9)**

ബൈബിൾ സംശയങ്ങൾ

റവ. ഡോ. ജോയി ഫിലിപ്പ് കാക്കനാട്ട് സിഎംഐ



ഇസ്രായേലിന്റെ ദൈവത്തിന്റെ വ്യതിരിക്തതയും അതുല്യതയും എന്തിലാണെന്നു വ്യക്തമാകുന്ന വചനഭാഗമാണ് ഹോസിയാ 11:1-11. യാഹ്‌വെയും ഇസ്രായേലും തമ്മിലുള്ള ഉടമ്പടിബന്ധത്തെ രക്ഷിതാവും മകനും തമ്മിലുള്ള ബന്ധമായിട്ടാണ് പ്രവാചകൻ ചിത്രീകരിച്ചരിക്കുന്നത്. സ്നേഹത്തോടെയുള്ള രക്ഷിതാവിന്റെ വിളിയെ അനുസരിക്കാതെ മറുതലിച്ചുപോയ മകനെ ഉപേക്ഷിക്കാതെ തിരികെ കൊണ്ടുവരാൻ വേദനയനുഭവിക്കുന്ന രക്ഷിതാവായാണ് യാഹ്‌വ പ്രവാചകന് വെളിപ്പെടുത്തുക. തന്നെ മറുതലിച്ച മകനെ വീണ്ടെടുക്കാനായി ഉള്ളിൽ തീവ്രവേദനയനുഭവിക്കുന്ന രക്ഷിതാവിന്റെ ചിത്രത്തിലൂടെ, വിഗ്രഹാരാധനയ്ക്കടിമപ്പെട്ട് അകന്നുപോയ ഇസ്രയേലിനെ കൂടെനിർത്താനും വീണ്ടെടുക്കാനും വ്യഗ്രതപ്പെടുന്ന കാരുണ്യമാണ് ഇസ്രയേലിന്റെ പരിശുദ്ധന്റെ അതുല്യതയെന്നാണു പ്രവാചകദർശനം. എന്താണ് ദൈവത്തിന്റെ ഉള്ളിലെ വ്യഗ്രതയുടെ കാരണം? ഒരുതരത്തിലും തന്നോട് അനുഭാവം കാണിക്കാത്ത ഉടമ്പടിസമൂഹത്തോടുള്ള അരിശവും അതിനവരെ ശിക്ഷിക്കാനുള്ള നിയമബോധവും, ഉടമ്പടി അവസാനിപ്പിച്ച് അവരെ സൊദോം-ഗോമോറാ ദേശങ്ങൾപോലെ ഉന്മൂലനം ചെയ്യുന്നതിലെ സങ്കടവും തമ്മിലുള്ള ആന്തരിക സംഘർഷമാണത്. നീതിന്യായവും കാരുണ്യവും തമ്മിലുള്ള ഈ മാറ്റുരയ്ക്കലിലെ വിജയമാണ് ഇസ്രായേൽ-യാഹ്‌വെ ബന്ധത്തിന്റെ ഭാവി നിർണയിക്കുക.

ദൈവത്തിന്റെ പരിശുദ്ധിയെന്നത് അവിടുത്തെ അപരത്വത്തെയും പരമാധികാരത്തെയുമാണ് സൂചിപ്പിക്കുന്നത്. ഇതു നമ്മൾ മനസ്സിലാക്കുന്നത് സാധാരണയായി മനുഷ്യനിൽനിന്നും അവന്റെ വ്യാപാരങ്ങളിൽനിന്നും അകലെയായിരിക്കുന്ന ദൈവസ്വഭാവമായിട്ടാണ്. അതുകൊണ്ടാണല്ലോ, ദൈവം മോശയോട് പറഞ്ഞത്, 'നീ നില്ക്കുന്ന സ്ഥലം വിശുദ്ധമാണ്, നീ ഇവിടെ എന്റെ അടുത്തേക്കു വരുന്നതിനുമുൻപ് കാലിലെ ചെരിപ്പുകൾ അഴിച്ചു മാറ്റുക'യെന്ന്. എന്നാൽ, ഹോസിയാ പ്രവാചകൻ മറ്റൊരു ദർശനമാണ് മുന്നോട്ടുവെയ്ക്കുന്നത്. ദൈവം തന്റെ പരമാധികാരം പ്രകടമാക്കുന്നത് ശിക്ഷിക്കുന്നതിലല്ല, അർഹതപ്പെട്ട ശിക്ഷപോലും ഇളച്ചുകൊടുത്താണ്. ഒരു പരമാധികാരിക്കു മാത്രമേ, അർഹിക്കപ്പെട്ട ശിക്ഷ വെട്ടിച്ചുരുക്കാനോ, നടപ്പിലാക്കുന്നത് നീട്ടിവയ്ക്കാനോ, റദ്ദുചെയ്യാനോ സാധിക്കൂ. ഹോസിയാ മുന്നോട്ടുവച്ച ദൈവശാസ്ത്രം വളരെ ആഴമുള്ളതാണ്. ദൈവത്തിന്റെ അതുല്യത അന്വേഷിക്കേണ്ടത് ഉഗ്രകോപം പ്രകടിപ്പിക്കുന്നതിലല്ല, മറിച്ച് കരുണയോടുള്ള അവന്റെ താല്പര്യത്തിലാണ്. അതുകൊണ്ടാണല്ലോ, നാം വിശ്വസി വിശ്വസിക്കുന്ന ദൈവത്തിന്റെ അടിസ്ഥാന സ്വാഭാവം കരുണയാണെന്നു പറയുക. അവിടുത്തെ കോപം തിരസ്കരിക്കപ്പെട്ട സ്നേഹത്തിന്റെ ദുഃഖമാണ്. ദൈവത്തിന്റെ നീതിബോധവും കരുണയും തമ്മിലുള്ള സംവാദത്തിൽ അവസാന വാക്ക് കരുണയാണ്. തെറ്റുചെയ്ത് ശിക്ഷ അർഹിക്കുന്നവർക്കു പരിവർത്തനത്തിനുള്ള ഒരു രണ്ടാമൂഴമാണത്, അല്ലാതെ അനന്തമായി തെറ്റിൽ തുടരാനുള്ള ലൈസൻസല്ല. കിട്ടിയ അവസരം മുതലാക്കി, തെറ്റിൽ നിന്ന് പിന്തിരിയുന്നതാണ് ബുദ്ധി.

ഹോസിയാ ദർശനം മുന്നോട്ടുവയ്ക്കുന്ന, തന്നിൽനിന്നും അകലുന്ന മനുഷ്യനെ രക്ഷിക്കുവാനായി ഉള്ളിൽ വേദനയനുഭവിക്കുന്ന ദൈവത്തെക്കുറിച്ചുള്ള ചിത്രം പൂർത്തിയാകുന്നത് ഈശോമിശിഹായിലാണ്. യോഹന്നാൻ സുവിശേഷകൻ പറയുന്നതുപോലെ, 'തന്നിൽ വിശ്വസിച്ച ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു' (3:16). ദൈവകാരുണ്യത്തിന്റെ മാംസം ധരിക്കലാണല്ലോ ഈശോമിശിഹാ. വചനം മാംസമായി മനുഷ്യരുടെ ഇടയിൽ വസിച്ചു. നമ്മുടെയിടയിൽ കൂടാരമടിച്ച ചരിത്രപുരുഷനായ ഈശോ, ഉത്ഥാനശേഷം ദിവ്യകാരുണ്യ സാന്നിധ്യമായി, ഉത്ഥിതചൈതന്യമായി എല്ലാ മനുഷ്യർക്കും സമീപസ്ഥനായ പരിശുദ്ധനാണ്. ഈ പരിശുദ്ധനിലുള്ള വിശ്വാസമാണ് ക്രിസ്തുമതത്തിന്റെ അടിസ്ഥാനവും സാക്ഷ്യവും. ■

# രൂപതാ പ്രൊക്കുറേറ്ററും ഫിനാൻസ് കൗൺസിലും

CANON LAW

ഫാ. മാത്യു ശൗര്യാംകുഴി



ഈശോയുടെ മൗതിക ശരീരമായി വിളിച്ചു ചേർക്കപ്പെട്ട ദൈവജനമാണ് സഭ. ഇത് ഒരു ആത്മീയ സമൂഹമാണ് എങ്കിലും സഭാമക്കൾക്ക് ആവശ്യമായ ആത്മീയ ശുശ്രൂഷകൾ നിർവഹിക്കുന്നതിന് വേണ്ടി പലപ്പോഴും സാമ്പത്തിക കാര്യങ്ങളിലും ഇടപെടേണ്ടതായി വരുന്നുണ്ട്. പ്രേഷിതപ്രവർത്തനത്തിനും കൂദാശകളുടെ പരികർമ്മത്തിനും മറ്റു വ്യത്യസ്തമായ ശുശ്രൂഷകൾക്കും സമ്പത്ത് അനിവാര്യമാണ്. അതുകൊണ്ട് ഭൗതികവസ്തുക്കൾ സമ്പാദിക്കുവാനും സൂക്ഷിക്കുവാനും വിനിമയം ചെയ്യുവാനുമുള്ള അവകാശം സഭയ്ക്ക് ഉണ്ട് (can. 1007). ഒരു രൂപതയുടെ അതിർത്തിക്കുള്ളിലുള്ളതും എന്നാൽ രൂപതാ മെത്രാന്റെ ഭരണാധികാരത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ എല്ലാ സഭാവസ്തുക്കളുടെയും ഭരണമേൽനോട്ടം വഹിക്കേണ്ട ചുമതല അദ്ദേഹത്തിനുണ്ട്. രൂപതയിൽ തന്റെ കീഴിലുള്ള എല്ലാ നൈയാമിക വ്യക്തികളുടെയും ഭൗതിക സമ്പത്തിനെ സംബന്ധിച്ചും അദ്ദേഹം മേൽനോട്ടം വഹിക്കേണ്ടതാണ് can. 1022 §1). ഒരു രൂപതയിലെ സാമ്പത്തിക കാര്യങ്ങൾ കൃത്യതയോടും സുതാര്യതയോടും കൂടി കൈകാര്യം ചെയ്യുന്നതിൽ രൂപതാ മെത്രാനെ സഹായിക്കാനായി പരസ്പര പൂരകങ്ങളായ രണ്ട് തരത്തിലുള്ള സംവിധാനങ്ങൾ ആണ് കാനൻ നിയമത്തിൽ ഉള്ളത്: (1) രൂപതാ പ്രൊക്കുറേറ്റർ, (2) ഫിനാൻസ് കൗൺസിൽ.

രൂപതാധ്യക്ഷനാണ് രൂപതാ പ്രൊക്കുറേറ്ററെ നിയമിക്കുന്നത്. സാമ്പത്തിക കാര്യങ്ങളിൽ വിദഗ്ദ്ധനും സത്യസന്ധനുമായ ഏതൊരു ക്രൈസ്തവ വിശ്വാസിയേയും ആലോചന സമിതിയോടും ഫിനാൻസ് കൗൺസിലിനോടും ആലോചിച്ചതിനുശേഷം രൂപതാപ്രൊക്കുറേറ്ററായി നിയമിക്കാവുന്നതാണ് (can. 262 §1). ഇവിടെ വൈദഗ്ദ്ധ്യം എന്ന് പറയുമ്പോൾ, അക്കാദമിക നിലവാരത്തേക്കാൾ പ്രായോഗിക ജ്ഞാനത്തെയും സാഹചര്യങ്ങളെ വിലയിരുത്തി കൃത്യസമയത്ത് ഉചിതമായ തീരുമാനങ്ങൾ എടുക്കാനുള്ള കഴിവിനെയുമാണ് പരിഗണിക്കേണ്ടത്. മൂന്നു വർഷമാണ് നിയമന കാലാവധി എങ്കിലും പിന്നീട് നീട്ടി നൽകാവുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്ന പ്രൊക്കുറേറ്ററെ കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് തക്കഗൗരവമുള്ള കാര്യങ്ങളില്ല എങ്കിൽ നീക്കം ചെയ്യാൻ പാടുള്ളതല്ല. ഏതെങ്കിലും അസാധാരണ സാഹചര്യത്തിൽ നീക്കം ചെയ്യണമെങ്കിൽ തന്നെ രൂപതാ ആലോചനാ സമിതിയിലും ഫിനാൻസ് കൗൺസിലിലും രൂപതാമെത്രാൻ ആലോചിക്കേണ്ടതുണ്ട് (can. 262 §2, Part. Law Art. 13).

രൂപതാപ്രൊക്കുറേറ്ററുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും അവകാശങ്ങളെ കുറിച്ചും ഫിനാൻസ് കൗൺസിലുമായുള്ള ബന്ധത്തെക്കുറിച്ചും കൃത്യമായ മാർഗനിർദ്ദേശങ്ങൾ നൽകേണ്ടത് രൂപതാധ്യക്ഷനാണ്. ഈ നിർദ്ദേശങ്ങൾക്കനുസരിച്ച് രൂപത മുഴുവനും ഉള്ള സഭാ വസ്തുക്കളുടെ മേൽനോട്ടം വഹിക്കുന്നതും അവയുടെ സംരക്ഷണവും സുരക്ഷയും വർദ്ധനവും ഉറപ്പുവരുത്തുന്നതും ഇക്കാര്യങ്ങളിൽ സ്ഥലം അഡ്മിനിസ്ട്രേറ്റർമാരിൽ നിന്നുണ്ടാകുന്ന വീഴ്ചകൾക്ക് പരിഹാരം കാണുന്നതും പ്രൊക്കുറേറ്ററുടെ ഉത്തരവാദിത്തമാണ്. വാർഷിക കണക്കുകൾ അവതരിപ്പിക്കുന്നതിന് പുറമേ രൂപതാധ്യക്ഷൻ ആവശ്യപ്പെടുന്ന അവസരങ്ങളിലും കണക്ക് ബോധിപ്പിക്കേണ്ടതാണ് (can. 262 §34).

രൂപതാആലോചന സമിതിയോട് ആലോചിച്ചതിനു ശേഷം അനുയോജ്യരായ വിദഗ്ധ വ്യക്തികളെ ഉൾപ്പെടുത്തി ഫിനാൻസ് കൗൺസിൽ രൂപീകരിക്കുന്നത് രൂപതാമെത്രാനാണ്. കൗൺസിൽ അംഗങ്ങൾക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകളെക്കുറിച്ച് പ്രത്യേകമായി ഒന്നും പറയുന്നില്ല എങ്കിലും, സാധിക്കുമെങ്കിൽ സിവിൽ നിയമത്തിൽ കൂടി അവഗാഹം ഉള്ള വ്യക്തികളെ ഉൾപ്പെടുത്തണമെന്ന് കാനൻനിയമം നിർദേശിക്കുന്നു (can. 263 §1). എന്നാൽ രൂപതാധ്യക്ഷന് നാലാം കരിംതല വരെ രക്തബന്ധമോ ചാർച്ചാ ബന്ധമോ ഉള്ളവരെ ഈ കൗൺസിലിൽ ഉൾപ്പെടുത്താൻ പാടില്ല (can. 263 §3). രൂപതയുടെ പ്രധാനപ്പെട്ട സാമ്പത്തിക കാര്യങ്ങളിൽ തീരുമാനമെടുക്കാൻ രൂപതാധ്യക്ഷൻ ഫിനാൻസ് കൗൺസിലിൽ ആലോചിക്കേണ്ടതാണ് (can. 263 §4). ഫിനാൻസ് കൗൺസിലിന്റെ അനുവാദം ആവശ്യമുണ്ട് എന്ന് പ്രത്യേകം എടുത്തു പറയാത്ത സാഹചര്യങ്ങളിൽ ഫിനാൻസ് കൗൺസിൽ ഒരു ആലോചന സമിതി മാത്രമായിരിക്കും. സാമ്പത്തിക വർഷത്തിന്റെ അവസാനം വരവ് ചെലവ് കണക്കുകൾ പാസാക്കുന്നതും അടുത്ത വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുന്നതും ഫിനാൻസ് കൗൺസിൽ ആണ്. ഫിനാൻസ് കൗൺസിലിന്റെ അധ്യക്ഷൻ എപ്പോഴും രൂപതാധ്യക്ഷൻ ആയിരിക്കും. രൂപതാപ്രൊക്കുറേറ്റർ ഫിനാൻസ് കൗൺസിൽ അംഗമായിരിക്കും (can. 263). ■

ഫാമിലി കോർണർ

# സ്നേഹം കൊണ്ടൊരു കൂടാരം

**നിസ്വാർത്ഥമായി സ്നേഹിക്കണമെങ്കിൽ ആ സ്നേഹത്തിന് കരുണയെന്ന ഭാവം കൂടിയുണ്ടായിരിക്കണം. കരുണയുണ്ടെങ്കിലേ പങ്കാളിയുടെയോ മക്കളുടെയോ കുറവുകളോടോ പരിമിതികളോടോ സഹിഷ്ണുത പുലർത്താനാവൂ. കുറവുകളെ കരുണയോടെ വിക്ഷിക്കുക. നിറിപ്പുകഞ്ഞുതുടങ്ങുന്ന പ്രശ്നങ്ങളെ എണ്ണയൊഴിച്ചുകത്തിക്കുന്നതിന് പകരം വെള്ളമൊഴിച്ചുകെടുത്താൻ കരുണയ്ക്ക് കഴിയും.**



കുടുംബജീവിതത്തിന്റെ അടിസ്ഥാനം സ്നേഹമാണ്. സ്നേഹത്തിന്റെ കാര്യത്തിലുള്ള ഏറ്റക്കുറച്ചിലുകളാണ് കുടുംബജീവിതത്തിൽ അസ്വസ്ഥതകൾക്ക് കാരണമാകുന്നത്. അത് ദമ്പതികൾ തമ്മിലായാലും മക്കളും മാതാപിതാക്കളും തമ്മിലായാലും.

ജീവിതത്തിലെ ഏതൊക്കെയോ ചില നിമിഷങ്ങളിൽ, സന്ദർഭങ്ങളിൽ ഇണ തന്നെ സ്നേഹിക്കുന്നില്ലേ എന്ന് സംശയിച്ചുപോകുന്നവരുണ്ട്. ഇതേ സംശയം മക്കളിലുമുണ്ടാകാറുണ്ട്. മാതാപിതാക്കൾ ശാസിക്കുകയോ തെറ്റുകൾക്ക് ശിക്ഷണം നല്കുകയോ ആഗ്രഹിച്ചത് സാധിച്ചുകൊടുക്കുകയോ ചെയ്യാത്തപ്പോഴെല്ലാം അവരുടെ വിചാരം മാതാപിതാക്കൾ തങ്ങളെ സ്നേഹിക്കുന്നില്ല എന്നാണ്.

ഉപാധികളോടെയുള്ള സ്നേഹവും സ്വാർത്ഥപൂരിതമായ സ്നേഹവുമാണ് ഈ പ്രശ്നം നേരിടുന്നത്. യഥാർഥ സ്നേഹം ഒരിക്കലും സ്വാർത്ഥം അന്വേഷിക്കുന്നില്ല എന്നാണ് തിരുവചനം പറയുന്നത്. അപരന്റെ നന്മയും ക്ഷേമവുമാണ് നിസ്വാർഥമായ സ്നേഹത്തിന്റെ ലക്ഷ്യം.

സ്നേഹം എത്രത്തോളം നിസ്വാർത്ഥമാകുന്നുവോ അത്രത്തോളം സ്നേഹം ശുദ്ധമാകും. സ്നേഹത്തിന്റെ അഭാവമാണ് വെറുപ്പ് സൃഷ്ടിക്കുന്നത്. സ്നേഹത്തിന്റെ അസാന്നിധ്യമാണ് പരസ്പരം അകലം സൃഷ്ടിക്കുന്നത്. കുടുംബത്തിൽ ഉണ്ടാകുന്ന വഴക്കുകളുടെയും വാഗ്വാദങ്ങളുടെയും പിന്നിലുള്ളത് സ്നേഹക്കുറവാണ്.

പക്ഷേ ഏതെങ്കിലും ഒരു കാരണത്തിന്റെ പേരിലായിരിക്കും വഴക്കുകൾ ഉടലെടുക്കുന്നത്. ഉള്ളിൽ പരസ്പരം സ്നേഹമുണ്ടെങ്കിൽ ആ കാരണം പോലും സൗമ്യതയോടെ പരിഹരിക്കാനാവും. എന്നാൽ സ്നേഹമില്ലെങ്കിലോ നിസാരമായ കാരണവും വലിയ വഴക്കുകളിലേക്ക് രൂപംമാറും. സ്നേഹത്തോടെ നോക്കുമ്പോൾ

ദമ്പതികൾ തമ്മിലും മക്കളും മാതാപിതാക്കളും തമ്മിലുമുള്ള സ്നേഹം ഒരു നിശ്ചിതകാലയളവിലേക്കുള്ളതല്ല. സ്നേഹത്തിന് ഒരിക്കലും പ്രായപരിധിയോ കാലപരിധിയോ ഇല്ല. സ്നേഹം എന്നേക്കുമുള്ളതാണ്. എന്നേക്കുമായി സ്നേഹിക്കും എന്ന വാഗ്ദാനമാണ് വിവാഹാവസരങ്ങളിൽ ദമ്പതികൾ അൾത്താരയ്ക്ക് മുമ്പിൽ നില്ക്കുമ്പോൾ നല്കുന്നത്. എന്നാൽ ചിലരിലെങ്കിലും അത്തരം വാഗ്ദാനങ്ങൾ ജലരേഖകളായി മാറും.

പക്ഷേ അവരുടെ വിവാഹജീവിതം പുറമേയ്ക്ക് നിലനില്ക്കുകയും ചെയ്യും. അകംകേടായ പുറമേയ്ക്ക് തിരിച്ചറിയാൻ കഴിയാത്തവിധത്തിലുള്ള ഫലവൃക്ഷങ്ങൾ പോലെയാണ് അത്തരം ദാമ്പത്യങ്ങൾ. എന്നേയ്ക്കുമായി സ്നേഹിക്കുന്നതിന് ആവശ്യമായിരിക്കുന്നത് ധൈര്യമാണ്. നിന്നെ ഏത് അവസ്ഥയിലും എപ്പോഴും സ്നേഹിക്കും എന്ന വാഗ്ദാനം ധൈര്യം ആവശ്യപ്പെടുന്നുണ്ട്. ധൈര്യമില്ലാതെ ഒരു സ്നേഹവും നിലനില്ക്കുകയില്ല. ഇന്നുമുതൽ മരണം വരെ എന്നതാണല്ലോ നമ്മുടെ വിവാഹവാഗ്ദാനം. മരണംവരെയെത്തിച്ചേരുന്ന ഉടമ്പടിയിൽ സ്നേഹം പരീക്ഷിക്കപ്പെടുന്ന പല സാഹചര്യങ്ങളുമുണ്ടായേക്കാം. പക്ഷേ അപ്പോഴെല്ലാം സ്നേഹിക്കും എന്ന തീരുമാനത്തിലും വാഗ്ദാനത്തിലും എത്തിച്ചേരുന്നതിന് ധൈര്യം വേണം.

നിസ്വാർത്ഥമായി സ്നേഹിക്കണമെങ്കിൽ ആ സ്നേഹത്തിന് കരുണയെന്ന ഭാവം കൂടിയുണ്ടായിരിക്കണം. കരുണയുണ്ടെങ്കിലേ പങ്കാളിയുടെയോ മക്കളുടെയോ കുറവുകളോടോ പരിമിതികളോടോ സഹിഷ്ണുത പുലർത്താനാവൂ. കുറവുകളെ കരുണയോടെ വീക്ഷിക്കുക. നീറിപ്പുകഞ്ഞുതുടങ്ങുന്ന പ്രശ്നങ്ങളെ എണ്ണയൊഴിച്ചുകത്തിക്കുന്നതിന് പകരം വെള്ളമൊഴിച്ചുകെടുത്താൻ കരുണയ്ക്ക് കഴിയും.

വെറുപ്പിന്റെ രാഷ്ട്രീയം എവിടെയും ചർച്ച ചെയ്യപ്പെടുന്ന കാലഘട്ടം കൂടിയാണ് ഇത്. നമ്മുടെ കുടുംബങ്ങളും ആ വഴിയെ പോകാതിരിക്കുക. വെറുപ്പിന് പകരം സ്നേഹത്തിന്റെ ഭാഷ രചിക്കാൻ കുടുംബങ്ങൾക്ക് സാധിക്കണം. ഒറ്റയായ ശ്രമങ്ങളല്ല കൂട്ടായ ശ്രമങ്ങളാണ് ഇതിനാവശ്യം. ഒറ്റയ്ക്കൊരാൾക്കും സംഘഗാനം ആലപിക്കാനാവില്ലല്ലോ. സംഘഗാനത്തിന്റെ സൗന്ദര്യമാണ് കുടുംബജീവിതത്തിനുമുള്ളത്. പല സ്വരങ്ങളിൽ ഒരേ താളത്തിലും ഈണത്തിലും ഒരേ ഗാനം ആലപിക്കുന്നതിന്റെ സുഖം മറ്റെവിടെയാണ് കിട്ടുക? ■

# ക്രിസ്തുവിനെ നോക്കി ചിരിച്ചവൾ

ദൈവത്തിന്റെ കണ്ണാടികൾ

Sr. Cecilia Maria



മരണം എത്രത്തോളം ഹൃദ്യമായ അനുഭവമാണ് എന്ന ചോദ്യത്തിന് ഉത്തരമായി ഉയർത്തിക്കാണിക്കാവുന്നത് ഒരു ഫോട്ടോയാണ്. അർജന്റീനയിലെ കന്യാസ്ത്രീയായിരുന്ന സിസ്റ്റർ സിസിലിയാ മരിയയുടെ ഫോട്ടോ. എത്ര വലിയ വിശുദ്ധരാണെങ്കിലും അവരാരും മരിക്കുന്ന നേരത്ത് ഇതുപോലെ ചിരിച്ചിട്ടുണ്ടായിരുന്നില്ല. പക്ഷേ അവിടെയാണ് ആ പുഞ്ചിരിയുടെ പ്രസക്തിയും അത്ഭുതവും.

പുഞ്ചിരിയോടെ മരണത്തിന് പോലും പുതിയ കാവ്യം രചിച്ചുകൊണ്ട് സിസ്റ്റർ സിസിലിയ കടന്നുപോകുമ്പോൾ അവൾക്ക് വെറും 46 വയസുമാത്രമായിരുന്നു പ്രായം. അതും കാൻസർ രോഗബാധിതയായി ഏറെ വർഷങ്ങൾ നീണ്ട സഹനജീവിതത്തിന് ഒടുവിലായിരുന്നു ആ വേർപിരിയലും.

1973 ഡിസംബർ അഞ്ചിന് അർജന്റീനയിലെ ന്യൂക്വെൻ പ്രോവിൻസിൽ സാൻ മാർട്ടിൻ ദെ ലോസ് ആൻഡെൻലായിരുന്നു സിസിലിയായുടെ ജനനം. 24 ാം വയസിൽ നേഴ്സിംങ് പഠനത്തിന് ശേഷം നിഷ്പാദുക കർമ്മലീത്താ സമൂഹത്തിൽ അംഗമായി. ആ സമയത്ത് അവൾ സ്വീകരിച്ച പേര് തിരുമുഖത്തിന്റെ സിസിലിയ മരിയ എന്നായിരുന്നു.

എപ്പോഴും പുഞ്ചിരിയോടെ മാത്രമായിരുന്നു സിസിലിയ കാണപ്പെട്ടിരുന്നത്. വളരെ എനർജറ്റിക്കായ ഒരു കന്യാസ്ത്രീ. പോരാഞ്ഞ് വയലിൻ അവളുടെ ഹൃദയതാളവുമായിരുന്നു. എന്നാൽ അതുപോലെ തന്നെ പ്രാർഥനയും ധ്യാനജീവിതവും അവളുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു ക്രിസ്തുവുമായുള്ള സൗഹൃദത്തിൽ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഒരു ആത്മീയതയായിരുന്നു അവൾ ശീലിച്ചിരുന്നത്.

നാവിലായിരുന്നു സിസ്റ്റർ സിസിലിയായ്ക്ക് കാൻസർ ആരംഭിച്ചത്. അത് ക്രമേണ ശ്വാസകോശത്തിലേക്കും പടർന്നു. മരുന്നുകളും ആശുപത്രിയുമായി ദിനരാത്രങ്ങൾ മുന്നോട്ടുപോകുമ്പോഴും അവൾ പ്രാർഥനയ്ക്ക് മുടക്കം വരുത്തിയിട്ടുണ്ടായിരുന്നില്ല. തികഞ്ഞ പ്രത്യാശയോടെയാണ് അവൾ ജീവിച്ചത്. യേശുവുമായി താൻ ഉടനടി മുഖാഭിമുഖം കാണുമെന്ന് അവൾക്ക് ഉറപ്പായിരുന്നു. തന്റെ അന്ത്യാഭിലാഷം ഒരു പേപ്പറിൽ അവൾ കുറിച്ചത് ഇപ്രകാരമായിരുന്നു.

'എന്റെ മൃതദേഹസംസ്കാരം എങ്ങനെയായിരിക്കണമെന്ന് ഞാൻ ആലോചിക്കുകയായിരുന്നു. ആദ്യം എല്ലാവരും നന്നായി പ്രാർഥിക്കണം. അതിനുശേഷം എല്ലാവർക്കും വലിയ തോതിൽ ഒരു പാർട്ടി നല്കണം. പ്രാർഥിക്കാൻ മറക്കരുത്. പക്ഷേ ആഘോഷിക്കാനും മറക്കരുത്' മരണം ആഘോഷമാക്കുകയായിരുന്നു എല്ലാ അർഥത്തിലും സിസ്റ്റർ സിസിലിയ.

2016 ജൂൺ 23 നായിരുന്നു സിസ്റ്റർ സിസിലിയായുടെ അന്ത്യം. പുഞ്ചിരിച്ചുകൊണ്ട് മരിച്ച സിസിലിയായുടെ ചിത്രങ്ങൾ അക്കാലത്ത് സോഷ്യൽ മീഡിയായിൽ വൈറലായിരുന്നു. സിസ്റ്റർ സിസിലിയായുടെ നാമകരണനടപടികൾക്ക് ഇതിനകം തുടക്കം കുറിച്ചിട്ടുണ്ട്, മരിക്കുന്ന നേരത്ത് തീർച്ചയായും സിസിലിയാ ക്രിസ്തുവിനെ കണ്ടിട്ടുണ്ടാവും. ക്രിസ്തുവിനെ നോക്കിയായിരിക്കും അവൾ പുഞ്ചിരിച്ചിട്ടുണ്ടാവുക. അല്ലെങ്കിൽ മറ്റാർക്കു കഴിയും മരിക്കും നേരത്ത് ഇങ്ങനെ പുഞ്ചിരിക്കാൻ? ■

# കുടുംബങ്ങൾക്ക് വേണ്ടി ഒരു കോൺഗ്രിഗേഷൻ

**സി. ഡോ. ആനി കുര്യാക്കോസ് സി. എച്ച്. എഫ്**
**സുപ്പീരിയർ ജനറൽ**

ത്രിത്വകൂട്ടായ്മയിലും തിരുക്കുടുംബചൈതന്യത്തിലും കുടുംബങ്ങളെ വളർത്തുന്നതിന് ദൈവത്താൽ നിയോഗിക്കപ്പെട്ട വി. മറിയം ത്രേസ്യ സ്ഥാപിച്ച സന്ന്യാസിനീസമൂഹമാണ് തിരുക്കുടുംബ സന്ന്യാസിനി സമൂഹം അഥവാ സിഎച്ച്എഫ്. പ്രാർഥനയും കുടുംബകേന്ദ്രീകൃത പ്രവർത്തനങ്ങളുമായി 1913 ഒക്ടോബർ ഏഴിന് മറിയം ത്രേസ്യായും മൂന്നു കൂട്ടുകാരികളും ഏകാന്തഭവനിൽ താമസം തുടങ്ങിയതിൽ നിന്നാണ് തിരുക്കുടുംബസന്ന്യാസിനീ സമൂഹത്തിന്റെ ആരംഭം. 1914 മെയ് 14ന് അന്നത്തെ തൃശൂർ രൂപതാമെത്രാൻ അഭിവന്ദ്യ യോഹന്നാൻ മേനാച്ചേരി പിതാവ് ഈ സമൂഹത്തെ ഹോളി ഫാമിലി സന്ന്യാസിനീ സമൂഹമായി ഉയർത്തി. അന്നേദിനം മറിയം ത്രേസ്യ മേനാച്ചേരി പിതാവിൽ നിന്നും സന്യാസ വസ്ത്രം സ്വീകരിക്കുകയും നിത്യവ്രതവാഗ്ദാനം നടത്തുകയും ചെയ്തു. കൂട്ടുകാരികൾ ആഗ്നസ്, ക്ലാര, വെറോനിക്ക എന്നീ പേരുകളിൽ ശിരോവസ്ത്രം സ്വീകരിച്ച് സന്ന്യാസിനീ സമൂഹത്തിലെ പ്രഥമ അർഥിനികളായി.

വി. മറിയം ത്രേസ്യയുടെ ആധ്യാത്മിക നിയന്താവായിരുന്ന ജോസഫ് വിതയത്തിൽ അച്ച(1902-1926)നാണ് സിഎച്ച് എഫിന്റെ സഹസ്ഥാപകൻ. എറണാകുളം പുത്തംപള്ളി ഇടവകാംഗമായ വിതയത്തിൽ അച്ചൻ സ്ഥാപകയുടെ മരണശേഷം 1942-ൽ പ്രഥമ ജനറൽ കൗൺസിൽ രൂപംകൊള്ളുന്നത് വരെ സമൂഹത്തെ നയിക്കുകയും ജീവിതാന്ത്യം വരെ സന്ന്യാസിനീ സമൂഹത്തിന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയിൽ നിർണായക പങ്കുവഹിക്കുകയും ചെയ്തു. 99-ാം വയസ്സിൽ 1964 ജൂൺ എട്ടിന് ജോസഫ് വിതയത്തിൽ അച്ചൻ നിര്യാതനായി. 2015 ഡിസംബർ 14-ന് അദ്ദേഹം ധന്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.



സ്ഥാപക: വി. മറിയം ത്രേസ്യ



സഹസ്ഥാപകൻ: ഫാ. ജോസഫ് വിതയത്തിൽ

**ദൈവകരം പിടിച്ച് 111 -ാം വർഷത്തിലും കൃപാസമൃദ്ധിയിലൂടെ മുന്നേറുകയാണ് ഹോളി ഫാമിലി സന്ന്യാസിനീസമൂഹം**

ക്രിസ്തുവിന്റെ കരുണാർദ്രസ്നേഹത്തിലൂടെ കുടുംബങ്ങളെ വിശുദ്ധീകരിക്കുക എന്ന കാരിസം ലഭിച്ച ത്രേസ്യ തിരുസഭയെ പടുത്തുയർത്താൻ, ആത്മാക്കളുടെ രക്ഷ ലക്ഷ്യം വച്ച് കുടുംബപ്രേഷിതത്വം എന്ന പുതിയ അപ്പസ്തോലശുശ്രൂഷയ്ക്ക് ഭാരതസഭയിൽ ആരംഭം കുറിച്ചു. ക്രിസ്തുവിനോടുള്ള ഗാഢൈക്യവും തിരുക്കുടുംബത്തോടുള്ള ആത്മീയ സഹവാസവും കുടുംബ പ്രേക്ഷിതത്വത്തിലൂടെയുള്ള വിമോചനദൗത്യത്തിന് വി. മറിയം ത്രേസ്യയെ പ്രാപ്തയാക്കി. കുടുംബമാകുന്ന ഗാർഹികസഭയെ പടുത്തയർത്തുവാൻ കുടുംബപ്രേക്ഷിതത്വം, വിദ്യാഭ്യാസ പ്രേക്ഷിതത്വം, വിശ്വാസപരിശീലനം, ഇടവകസേവനം, സുവിശേഷവൽക്കരണം, ആതുരശുശ്രൂഷ, മിഷൻ പ്രവർത്തനം, സാമൂഹ്യപ്രേക്ഷിതത്വം, ജീവകാരുണ്യ പ്രവർത്തനം, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനം എന്ന് തുടങ്ങി കുടുംബങ്ങളുടെ നാനാവിധ അഭിവൃദ്ധിക്ക് ഉതകുന്ന വിധത്തിൽ ഇന്നത്തെ സമൂഹത്തിന്റെ എല്ലാ ഭാവങ്ങളിലേക്കും സമർപ്പണധീരതയോടെ കടന്നുചെല്ലാനും എല്ലാവരുടെയും ആവശ്യങ്ങൾക്കു ക്രിയാത്മകമായി പ്രത്യുത്തരിക്കാനും അധ്വാനിക്കുന്നു. കുടുംബപ്രേക്ഷിതത്വം കാലോചിതമായും ശാസ്ത്രീയമായും പഠിക്കുവാനും പ്രാവർത്തികമാക്കുവാനും പരിശീലനം നൽകുവാനും വേണ്ടി മാത്രം പ്രവർത്തിക്കുന്ന സ്ഥാപനമായ Family apostolate training and research institute (FATRI)യും കുടുംബവീകരണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന "ഹോംമിഷനും" സി എച്ച് എഫ് തിരുസഭയ്ക്കു നൽകിയ നൂതന സംഭാവനകളാണ്.

1964-ൽ ബീഹാറിൽ ഭഗൽപൂർ രൂപതയിൽ ചർക്കാപാത്തർ എന്ന സ്ഥലത്ത് തുടക്കമിട്ട മിഷൻ പ്രവർത്തനം ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിലും ഇറ്റലി, ജർമ്മനി, അമേരിക്ക, കാനഡ, ഇക്കഡോർ, അയർലൻഡ്, സ്ലൊവാക്യ, പെറു, ഘാന, കെനിയ, സൗത്ത് സുഡാൻ എന്നീ വിദേശ രാജ്യങ്ങളിലും വ്യാപിക്കുവാൻ ദൈവം കൃപയേകി.

1978-ൽ സി.എച്ച്.എഫ് പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ടു. ഹോളി ഫാമിലി സന്ന്യാസിനി സമൂഹത്തിൽ ഇന്ന് ലോകമാസകലം 10 പ്രോവിൻസുകളിലും ഒരു വൈസ് പ്രോവിൻസിലും ഒരു റീജനിലുമായി 3000 ഓളം അംഗങ്ങൾ ഉണ്ട്. കുടുംബങ്ങൾ ഉള്ളിടത്തോളം കാലം പ്രസക്തി നഷ്ടമാകാത്ത ഹോളിഫാമിലി സന്ന്യാസിനീസമൂഹം സമൂഹസ്ഥാപകരുടെ ആത്മീയചൈതന്യത്തിൽ നിന്ന് പ്രചോദനം സ്വീകരിച്ച് സേവന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. ■



# മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

## ജനുവരി 23 മുതൽ ഫെബ്രുവരി 15 വരെ

**ജനുവരി**

- **23 വ്യാഴം :** മൗണ്ട് സെന്റ് തോമസിൽ നടത്തിയ എറണാകുളം-അങ്കമാലി അതിരൂപതയിലെ സാമന്ത രൂപതകളുടെ കൂരിയ അംഗങ്ങളുടെ മീറ്റിംഗിൽ പങ്കെടുത്തു.

  സഭൈക്യവാരാചരണത്തോടനുബന്ധിച്ചു കെ.സി.ബി.സി യും, കെ.സി.സിയും സംയുക്തമായി പാലാ രൂപതയിലെ കടുത്തുരുത്തി സെന്റ് മേരിസ് ഫൊറോന ദൈവാലയത്തിൽ സംഘടിപ്പിച്ച സഭൈക്യവാര പ്രാർഥനകൾക്കു നേതൃത്വം നല്കി. അഭിവദ്യ മാർ ജോസഫ് കല്ലറങ്ങാട്ടും വിവിധ സഭകളിൽ നിന്നുള്ള മറ്റു പിതാക്കന്മാരും സന്നിഹിതരായിരുന്നു.
- **25 ശനി :** ഔദ്യോഗികസന്ദർശനത്തിനായി ഹൊസൂർ രൂപതയിൽ എത്തി പെരിയമല, ചിന്നമല, സാന്തോം കത്തീഡ്രൽ എന്നിവിടങ്ങൾ സന്ദർശിച്ചു.
- **26 ഞായർ :** ഹൊസൂർ രൂപതയിലെ വൈദിക സമർപ്പിത അത്മായ കൂട്ടായ്മകളുമായി സംവദിച്ചു.

  രൂപതാദിനത്തോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ സമൂഹബലിക്ക് കാർമികത്വം വഹിക്കുകയും തുടർന്നു നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.
- **28 ചൊവ്വ :** ആലുവ മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയുടെ നവീകരിച്ച ചാപ്പലിന്റെ പുനഃകൂദാശ നടത്തി, വി. കുർബാനയർപ്പിച്ചു.
- **30 വ്യാഴം :** കോട്ടയം വടവാതൂർ സെമിനാരിയിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര സുറിയാനി സെമിനാർ ഉദ്ഘാടനം ചെയ്തു.

**ഫെബ്രുവരി**

- **1 ശനി :** സീറോമലബാർ മിഷൻ സന്ദർശനത്തിനായി കൽക്കട്ടയിൽ എത്തി.
- **2 ഞായർ :** ഷംഷാബാദ് രൂപതയിൽ പ്രവർത്തിക്കുന്ന സിഎംഐ സന്യാസസമൂഹം നേതൃത്വം കൊടുക്കുന്ന കൽക്കട്ട മിഷൻ സന്ദർശിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് മീറ്റിങ്ങിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു.
- **3 തിങ്കൾ :** ഔദ്യോഗിക സന്ദർശനത്തിനായി രാജ്കോട്ട് രൂപതയിൽ എത്തിചേർന്നു. രൂപതാകേന്ദ്രത്തിനു സമീപമുള്ള ജനറലേറ്റുകൾ, പ്രൊവിൻഷ്യൽ ഹൗസുകൾ, സെമിനാരികൾ, ഹോസ്പിറ്റലുകൾ, എന്നിവിടങ്ങളിൽ സന്ദർശനം നടത്തി.
- **4 ചൊവ്വ :** രാജ്കോട്ട് രൂപതയുടെ മുൻ അധ്യക്ഷൻ അഭിവന്ദ്യ മാർ ഗ്രിഗറി കരോട്ടെമ്പ്രയിലിനെ സന്ദർശിച്ചു.

  രൂപതാദിനത്തോടനുബന്ധിച്ചു കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനക്കു കാർമികത്വം വഹിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു.
- **5 ബുധൻ :** രാജ്കോട്ട് രൂപതയിലെ വിവിധ മിഷൻ സ്റ്റേഷനുകൾ സന്ദർശിക്കുകയും ജനങ്ങളുമായി സംവദിക്കുകയും ചെയ്തു. യാത്രയിലുടനീളം രൂപതാധ്യക്ഷൻ അഭിവന്ദ്യ. മാർ ജോസ് ചിറ്റുപറമ്പിൽ പിതാവു സന്നിഹിതനായിരുന്നു.
- **7 വെള്ളി :** എറണാകുളം ആർച്ചുബിഷപ്പ് ഹൗസിൽ വിവിധ ഗ്രൂപ്പുകളുമായി ചർച്ചകൾ നടത്തി.
- **9 ഞായർ :** എറണാകുളം-അങ്കമാലി അതിരൂപതയിലെ തോപ്പിൽ ഇടവകയിൽ വി. കുർബാന അർപ്പിക്കുകയും ഇടയനടുത്ത സന്ദർശനം നടത്തുകയും ഇടവകാതിർത്തിയിലുള്ള സന്യാസ ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു.

  പത്മഭൂഷൻ അവാർഡു ജേതാവ് ഹൃദ്രോഗ വിദഗ്ധനായ ഡേ. ജോസ് ചാക്കോ പെരിയപ്പുറത്തിന് മൗണ്ട് സെന്റ് തോമസിൽ നല്കിയ സ്വീകരണത്തിൽ പങ്കെടുത്തു ആശംസകളർപ്പിച്ചു.
- **10 തിങ്കൾ :** വി. ചാവറയച്ചന്റെ 220-ാം ജയന്തിയോടനുബന്ധിച്ചു അദ്ദേഹത്തിന്റെ ജന്മദേശമായ കൈനകരിയിലെ ചാവറഭവനിൽ വി. കുർബാനയർപ്പിച്ചു വചനസന്ദേശം നല്കി.
- **12 ബുധൻ :** മാരാമൺ കൺവെൻഷനിൽ സന്ദേശം നല്കി.

  മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിച്ച അല്മായ മിഷനറിമാരുടെ മീറ്റിംഗിൽ സന്ദേശംനല്കി അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ, മാർ ജോസഫ് കൊല്ലംപറമ്പിൽ, മാർ ജോൺ നെല്ലിക്കുന്നേൽ എന്നീ പിതാക്കന്മാരും സന്നിഹിതരായിരുന്നു.
- **13 ബുധൻ :** മൗണ്ട് സെന്റ് തോമസിൽ വിളിച്ചുചേർത്ത സമർപ്പിത സമൂഹങ്ങളുടെ മേജർ സുപ്പിരീയേഴ്സിന്റെ സമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു.
- **15 ശനി :** കോട്ടയം മാങ്ങാനത്തുള്ള പൗരസ്ത്യ വിദ്യാനികേതൻ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടായി പ്രഖ്യാപിച്ചു. തുടർന്നു നടന്ന സമ്മേളനത്തിൽ ബിരുദദാനവും നടത്തി.

# സെന്റ് ജോസഫ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫി ഉദ്ഘാടനം ചെയ്തു




ആലുവ: ഫിലോസഫിയിൽ സഭാപരമായ ബിരുദാനന്തര ബിരുദം (Ecclesiastical Licentiate in Philosophy) നല്കാൻ സാധിക്കുന്ന കേരളത്തിലെ ഏക സ്ഥാപനമായ സെന്റ് ജോസഫ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫിയുടെ ഉദ്ഘാടനം കർദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിർവഹിച്ചു. കെ.സി.ബി.സി. പ്രസിഡന്റ് അധ്യക്ഷനും വൈസ് പ്രസിഡന്റും സെക്രട്ടറി ജനറലും അംഗങ്ങളുമായ സമിതിയാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണം നിർവഹിക്കുന്നത്. കർദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവയാണ് ഇപ്പോൾ ഭരണ സമിതിയുടെ അധ്യക്ഷൻ. ബിഷപ് മാർ പോളി കണ്ണൂക്കാടൻ, ബിഷപ് ഡോ. അലക്സ് വടക്കുംതല എന്നിവർ അംഗങ്ങളാണ്. കത്തോലിക്കാ ഉന്നതവിദ്യാഭ്യാസ രംഗത്ത് ദീർഘനാളത്തെ അനുഭവപരിചയവും വിജയചരിത്രവുമുള്ള പൂനയിലെ ജ്ഞാനദീപ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫി ആൻഡ് തിയോളജിയുമായുള്ള അക്കാദമിക സഹകരണത്തിലൂടെയാണ് (Aggregation) ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത്. 2025 ജൂൺ ആദ്യവാരം മുതൽ ക്ലാസുകൾ ആരംഭിക്കും. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. പോൾ കൊമ്പൻ, ഡോ. നിഷാന്ത് ഇരുദയദാസൻ, ഡോ. ലൂക്ക് തടത്തിൽ, ഡോ. സെബാസ്റ്റ്യൻ പാലമൂട്ടിൽ, ഡോ. ഫ്രാൻസിസ് മരോട്ടിക്കപറമ്പിൽ ഡോ. ഡേവിഡ് നാനാട്ട് എന്നിവർ പ്രസംഗിച്ചു.

# മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പശ്ചിമബംഗാൾ സന്ദർശിച്ചു



കൊൽക്കൊത്ത: സീറോമലബാർ സഭ മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പശ്ചിമബംഗാളിലെ കുര്യാക്കോസ് ഏലിയാസ് കാർമ്മൽ സീറോമലബാർ മിഷൻ സന്ദർശിച്ചു. ഷംഷാബാദ് രൂപതയുടെ കീഴിലുള്ള മിഷൻ പ്രദേശമാണ് ഇവിടം. ബെഹല സെന്റ് തോമസ് സീറോമലബാർ കാത്തലിക് ചർച്ചിന്റെ ആഭിമുഖ്യത്തിൽ നടത്തിയ സ്വീകരണച്ചടങ്ങിൽ കുർബാനസെന്ററുകളായ ബെഹല, ഏക്ബാൽപ്പൂർ, മുകുന്ദപ്പൂർ, ദുർഗാപ്പൂർ, ബരാസത്ത്, സിലിഗുരി എന്നിവിടങ്ങളിൽ നിന്നുള്ള വിശ്വാസികൾ പങ്കെടുത്തു. മിഷൻ സുപ്പീരിയറായ ഫാ. സെബാസ്റ്റ്യൻ ചാമത്തറ സിഎംഐ സ്വാഗതം ആശംസിച്ചു. കുടിയേറ്റക്കാർ മിഷനറിമാരാണെന്ന് അഭിപ്രായപ്പെട്ട മേജർ ആർച്ചുബിഷപ്പ് തങ്ങളുടെ വിശ്വാസപാരമ്പര്യം കാത്തുസൂക്ഷിക്കുന്ന സീറോമലബാർ സഭാംഗങ്ങളെ അഭിനന്ദിക്കുകയും മിഷനറിമാരായിക്കൊണ്ട് പശ്ചിമബംഗാളിൽ ജീവിക്കുമ്പോൾ അവർ പങ്കുവയ്ക്കേണ്ട വിശ്വാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സംസാരിച്ചു. ഫാ. ജോർജ് പനന്തോട്ടം സിഎംഐ, ഫാ. പോൾ താമരശ്ശേരി സിഎംഐ, ഫാ. ബിപിൻ പണിക്കർ ഒഐസി, സിസ്റ്റർ ഗ്രേസ്ലിൻ പാറേക്കാട്ടിൽ എസ്എബിഎസ്, സാബു പി ഫ്രാൻസിസ് തുടങ്ങിയവർ ആശംസകൾ നേർന്നു. നിരവധി കത്തോലിക്കാ സംഘടനകളിൽ നിന്നും ലത്തീൻ, ഓർത്തഡോക്സ്, യാക്കോബായ, സിഎസ്ഐ എന്നീ സഭാവിഭാഗങ്ങളിൽ നിന്നുമുള്ള നിരവധിപേർ മേജർ ആർച്ചുബിഷപ്പിന് നല്കിയ സ്വീകരണച്ചടങ്ങിൽ പങ്കെടുക്കാനെത്തിയിരുന്നു. പശ്ചിമബംഗാളിലെ സീറോമലബാർ വിശ്വാസികൾക്ക് പുത്തൻ ഉണർവും സന്തോഷവും പകർന്നു നല്കാൻ മേജർആർച്ചുബിഷപ്പിന്റെ സാന്നിധ്യം സഹായകരമായി.

# ഫാ. മൈക്കിൾ വെട്ടിക്കാട്ട് രാഷ്ട്രദീപിക മാനേജിംഗ് ഡയറക്ടർ



രാഷ്ട്രദീപിക ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി കോട്ടയം അതിരൂപതാംഗമായ ഫാ. മൈക്കിൾ വെട്ടിക്കാട്ടിനെ നിയമിച്ചു. 2016 മുതൽ രാഷ്ട്രദീപിക ഡയറക്ടർ ബോർഡ് അംഗമായും 2019 മുതൽ എക്സിക്യൂട്ടീവ് ഡയറക്ടറായും പ്രവർത്തിച്ചു വരുകയായിരുന്നു. 2015 മുതൽ കോട്ടയം അതിരൂപതയുടെ പ്രൊപ്രോട്ടോസിഞ്ചെലൂസായി സേവനം ചെയ്തുവരുന്നു. ഡൽഹി സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്നും സാമൂഹ്യ പ്രവർത്തനത്തിൽ ബിരുദാനന്തര ബിരുദവും മൈസൂർ വിനായക യൂണിവേഴ്സിറ്റിയിൽ നിന്നും മനഃശാസ്ത്രത്തിൽ എം.ഫിൽ ഉം നേടിയിട്ടുണ്ട്. സീറോ മലബാർ സഭയുടെ സാമൂഹിക സേവന ഡിപ്പാർട്ട്മെന്റായ സ്പന്ദന്റെ സ്ഥാപക കോർഡിനേറ്ററായും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ജസ്റ്റീസ് പീസ് & ഡെവലപ്പ്മെന്റ് കമ്മീഷന്റെ ജോയിന്റ് സെക്രട്ടറിയായും ആറു വർഷക്കാലം പ്രവർത്തിച്ചിട്ടുണ്ട്.

രണ്ടുവർഷമായി രാഷ്ട്രദീപിക മാനേജിങ്ങ് ഡയറക്ടറായി സേവനം ചെയ്തുവരികയായിരുന്ന ഫാ. ബെന്നി മുണ്ടനാട്ട് തന്റെ കാലാവധി പൂർത്തിയാക്കിയ ഒഴിവിലേക്കാണ് ഫാ. മൈക്കിൾ വെട്ടിക്കാട്ട് നിയമിതനായിരിക്കുന്നത്.

# സമർപ്പിതർ തീക്ഷ്ണമായ പ്രേഷിതാഭിമുഖ്യത്തിൽ ജീവിക്കുകയും പ്രവർത്തിക്കുകയും വേണം: മാർ റാഫേൽ തട്ടിൽ



കാക്കനാട്: സമർപ്പിതർ തീക്ഷ്ണമായ പ്രേഷിതാഭിമുഖ്യത്തിൽ ജീവിക്കുകയും പ്രവർത്തിക്കുകയും വേണമെന്നു മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ. സീറോമലബാർസഭയിലെ സന്ന്യാസിനീ സമൂഹങ്ങളുടെ മേലധികാരികൾക്കായി സഭാ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സമർപ്പിത സമൂഹങ്ങൾ ചെയ്യുന്ന പ്രേഷിതപ്രവർത്തനങ്ങളിൽ സംതൃപ്തി പ്രകടിപ്പിക്കുകയും മിഷൻ പ്രദേശങ്ങളിൽ തങ്ങളുടെ പ്രത്യേക സിദ്ധിയും ദർശനവുമനുസരിച്ചു ധീരതയോടെ ശുശ്രൂഷ ചെയ്യുകയും വേണം. സാമൂഹിക പ്രതിബദ്ധതയോടെ കാര്യങ്ങൾ തുടരുമ്പോൾതന്നെ സുവിശേഷാത്മകമായ ക്രൈസ്തവ സാക്ഷ്യം ജീവിക്കണം. സ്ഥാപനവത്ക്കരണത്തെക്കാൾ ദൈവോന്മുഖമായ ജീവിതത്തെ മറ്റുള്ളവർക്കു പരിചയപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ മുഴുകുകയും നിലവിലുള്ള സ്ഥാപനങ്ങൾ അത്തരം പ്രവർത്തനങ്ങൾക്കു തടസമാകാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. മാർ തട്ടിൽ ഓർമ്മപ്പെടുത്തി.

പ്രേഷിതപ്രവർത്തനങ്ങളിൽ പങ്കുകാരായ സന്ന്യാസിനിമാർ ഭാരതത്തിനകത്തും പുറത്തും തങ്ങൾ നടത്തുന്ന മിഷൻ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുകയും, സീറോമലബാർസഭയുടെ പ്രേഷിതാഭിമുഖ്യങ്ങളോടു ചേർന്ന് കൂട്ടായ്മയിലും സഹകരണ മനോഭാവത്തിലും ദൈവരാജ്യം പടുത്തുയർത്താൻ സഹകരണം വാഗ്ദാനം ചെയ്യുകയും ചെയ്തു. സമർപ്പിത സമൂഹങ്ങളുടെ മദർ ജനറൽമാരും പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സും മിഷൻ പ്രദേശങ്ങളിൽ സേവനം ചെയ്യുന്നവരുടെ പ്രതിനിധികളും യോഗത്തിൽ സംസാരിച്ചു.

സുവിശേഷവത്കരണത്തിനുവേണ്ടിയുള്ള കമ്മീഷൻ ചെയർമാൻ മാർ പ്രിൻസ് ആന്റണി പാണേങ്ങാടന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, കമ്മീഷൻ അംഗങ്ങളായ മാർ ജോസഫ് കൊല്ലംപറമ്പിൽ സി.എം.ഐ, മാർ ജോൺ നെല്ലിക്കുന്നേൽ, സമർപ്പിതർക്കുവേണ്ടിയുള്ള കമ്മീഷന്റെ സെക്രട്ടറി ഫാ. സെബാസ്റ്റ്യൻ മുട്ടംതൊട്ടിൽ എന്നിവർ സംസാരിച്ചു. ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ, സി. മെർലിൻ ജോർജ് എം.എസ്.എം.ഐ എന്നിവർ നേതൃത്വം നൽകി.

# ഫാ. ജെയിംസ് കൊക്കാവയലിൽ പബ്ലിക് അഫയേഴ്സ് കമ്മീഷൻ സെക്രട്ടറി



കാക്കനാട്: സീറോമലബാർസഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ സെക്രട്ടറിയായി ചങ്ങനാശ്ശേരി അതിരൂപതാംഗമായ ഫാ. ജെയിംസ് കൊക്കാവയലിൽ നിയമിതനായി. നിലവിലെ സെക്രട്ടറി ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ അഞ്ചു വർഷം പൂർത്തിയാക്കിയതിനെത്തുടർന്നാണ് പുതിയ നിയമനം. കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്താണ് പെർമനന്റ് സിനഡിന്റെ അംഗീകാരത്തോടെ നിയമനം നടത്തിയത്. 2020 നവംബർ മാസം മുതൽ കമ്മീഷന്റെ അസിസ്റ്റന്റ് സെക്രട്ടറിയായി ഫാ. ജെയിംസ് പ്രവർത്തിച്ചുവരികയായിരുന്നു. 2010ൽ പൗരോഹിത്യപട്ടം സ്വീകരിച്ച ഫാ. ജെയിംസ് കൊക്കാവയലിൽ ചങ്ങനാശ്ശേരി അതിരൂപതയിലെ ദൈവശാസ്ത്ര പഠനകേന്ദ്രമായ മാർത്തോമാ വിദ്യാനികേതന്റെ ഡീൻ ഓഫ് സ്റ്റഡീസ്, സത്യദർശനം മാസികയുടെ ചീഫ് എഡിറ്റർ, പബ്ലിക് റിലേഷൻസ് ജാഗ്രതാവേദിയുടെ ഡയറക്ടർ, എക്യുമെനിസം ആൻഡ് ഇന്റർ റിലീജിയസ് ഡയലോഗിന്റെ ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിറ്റി അവയർനസ് ആൻഡ് റൈസ് പ്രൊട്ടക്ഷൻ ഡിപ്പാർട്ട്മെന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ചുവരുന്നു.

2020 ജനുവരി മാസത്തിൽ നടന്ന സിനഡിന്റെ തീരുമാനപ്രകാരമാണ് സഭയും സമൂഹവുമായി ബന്ധപ്പെട്ട പൊതുകാര്യങ്ങൾ പഠിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി സീറോമലബാർസഭയിൽ പബ്ലിക് അഫയേഴ്സ് കമ്മീഷൻ നിലവിൽ വന്നത്. 2025 ജനുവരി മാസത്തിൽ നടന്ന സിനഡിൽ കമ്മീഷൻ അംഗങ്ങളുടെ കാലാവധി അഞ്ചുവർഷത്തേയ്ക്കുകൂടി നീട്ടിക്കൊണ്ട് മേജർ ആർച്ചുബിഷപ്പ് കല്പന പുറപ്പെടുവിച്ചിരുന്നു. തൃശൂർ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ചെയർമാനും ചങ്ങനാശ്ശേരി ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ കൺവീനറുമായ കമ്മീഷനിൽ തലശ്ശേരി ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, താമരശ്ശേരി ബിഷപ് റെമിജിയൂസ് ഇഞ്ചനാനിയിൽ, കാഞ്ഞിരപ്പള്ളി ബിഷപ് മാർ ജോസ് പുളിക്കൽ എന്നിവർ അംഗങ്ങളാണ്.

# അല്മായ പ്രേഷിത മുന്നേറ്റങ്ങളിൽ സഭ കൂടെയുണ്ട്: മേജർ ആർച്ചുബിഷപ്പ്



കാക്കനാട്: അല്മായർ വ്യക്തിപരമായും സംഘടിതമായും നടത്തിക്കൊണ്ടിരിക്കുന്ന പ്രേഷിത മുന്നേറ്റങ്ങളിൽ സഭ കൂടെയുണ്ടെന്നു മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ. സീറോമലബാർസഭയുടെ സുവിശേഷവത്കരണത്തിനുവേണ്ടിയുള്ള കമ്മീഷന്റെ നേതൃത്വത്തിൽ വ്യത്യസ്തങ്ങളായ മിഷൻ ദൗത്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും ആലോചനയോഗത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭാരതം മുഴുവനിലുമുള്ള സഭയുടെ വളർച്ചയ്ക്ക് അല്മായ മിഷനറിമാരുടെ പങ്ക് വളരെ വലുതാണെന്നും ആത്മപ്രേരണയിൽ വ്യക്തികൾ തനിയെ തുടങ്ങിവച്ചതും പിന്നീടു വളർന്നു വലുതായതുമായ പ്രേഷിത പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്നും മേജർ ആർച്ചുബിഷപ്പ് കൂട്ടിച്ചേർത്തു.

വ്യക്തി, കുടുംബം, ഇടവക, രൂപത, സഭ എന്നീ തലങ്ങളിൽ മിഷൻ പ്രവർത്തനം എങ്ങനെയെല്ലാം ക്രമപ്പെടുത്താമെന്നും ശക്തിപ്പെടുത്താമെന്നും അനുഭവസാക്ഷ്യങ്ങളുടെ വെളിച്ചത്തിൽ പങ്കുവെക്കപ്പെടുകയും മുന്നോട്ടുള്ള കർമ്മപരിപാടികൾക്ക് പദ്ധതിയിടുകയും ചെയ്തു. ഇപ്പോൾ നിലനിൽക്കുന്ന മിഷൻ പ്രവർത്തനങ്ങളുടെ തനിമ നഷ്ടപ്പെടുത്താതെതന്നെ സീറോമലബാർ സഭയുടെ അൽമായ പ്രേഷിതപ്രസ്ഥാനം സംഘടിപ്പിക്കാൻ വേണ്ട നിർദേശങ്ങളും അതിനാവശ്യമായ മാർഗരേഖയും ചർച്ചചെയ്തു എല്ലാ കത്തോലിക്കാ വിശ്വാസികൾക്കും ഒരു പ്രേഷിതദൗത്യമുണ്ടെന്ന അവബോധം വളർത്താനും, മിഷനറി പ്രവർത്തനങ്ങൾക്കായി എല്ലാവരെയും പ്രചോദിപ്പിക്കാനും തീരുമാനമെടുത്തു. സീറോമലബാർ അൽമായ മിഷനറി പ്രസ്ഥാനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം 2025 മെയ് 5ന് സഭാ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്താൻ യോഗം തീരുമാനിച്ചു.

സുവിശേഷവത്കരണത്തിനു വേണ്ടിയുള്ള കമ്മീഷൻ ചെയർമാൻ മാർ പ്രിൻസ് ആന്റണി പാണേങ്ങാടന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കമ്മീഷൻ അംഗങ്ങളായ മാർ ജോസഫ് കൊല്ലംപറമ്പിൽ സി.എം.ഐ, മാർ ജോൺ നെല്ലിക്കുന്നേൽ, കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരക്കൽ, അൽമായ പ്രേഷിത ശുശ്രൂഷകരുടെ പ്രതിനിധികളായ സെബാസ്റ്റ്യൻ തോമസ്, പ്രൊഫ. ആലീസ്കുട്ടി എന്നിവർ സംസാരിച്ചു. വിവിധ പ്രേഷിത മുന്നേറ്റങ്ങളെ പ്രതിനിധീകരിച്ച് എത്തിച്ചേർന്ന മിഷനറിമാരെല്ലാവരും അഭിപ്രായങ്ങൾ പങ്കുവയ്ക്കുകയും ചർച്ചകളിൽ ക്രിയാത്മകമായി പങ്കെടുക്കുകയും ചെയ്തു. കമ്മീഷൻ സെക്രട്ടറി ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ, ഓഫീസ് സെക്രട്ടറി സി. മെർലിൻ ജോർജ് എം.എസ്.എം.ഐ എന്നിവർ സമ്മേളനത്തിനു നേതൃത്വം നൽകി.

# ചെറുപുഷ്പ മിഷൻ ലീഗിന്റെ പരിഷ്ക്കരിച്ച ലോഗോ പ്രകാശനം ചെയ്തു



കാക്കനാട്: ചെറുപുഷ്പ മിഷൻ ലീഗ് എന്ന ഭക്തസംഘടനയുടെ പരിഷ്ക്കരിച്ച ലോഗോ സീറോമലബാർസഭയുടെ ദൈവവിളി കമ്മീഷൻ ചെയർമാനും ചെറുപുഷ്പ മിഷൻ ലീഗിന്റെ സഹ രക്ഷാധികാരിയുമായ മാർ ജോസഫ് അരുമച്ചാടത്ത് സഭാ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ പ്രകാശനം ചെയ്തു. മിഷൻ ലീഗിന്റെ പ്രവർത്തനങ്ങൾ വിവിധ രാജ്യങ്ങളിൽ വ്യാപിച്ച്, ഒരു അന്താരാഷ്ട്ര അൽമായ സംഘടനയായി വളർന്നതിനെ തുടർന്നാണ് ലോഗോ പരിഷ്ക്കരിച്ചത്. കമ്മീഷൻ അംഗങ്ങളായ മാർ വിൻസെന്റ് നെല്ലായിപറമ്പിൽ, മാർ മാത്യു നെല്ലിക്കുന്നേൽ, സെക്രട്ടറി ഫാ. തോമസ് മേൽവെട്ടത്ത്, മിഷൻ ലീഗ് അന്തർദേശീയ പ്രസിഡന്റ് ഡേവിസ് വല്ലൂരാൻ, ജനറൽ സെക്രട്ടറി ബിനോയ് പള്ളിപ്പറമ്പിൽ, സുജി പുല്ലുകാട്ട്, ലുക്ക് പിണമറുകിൽ, സി. ജിൻസി ചാക്കോ എംഎസ്എംഐ എന്നിവർ സന്നിഹിതരായിരുന്നു.

സഭയുടെ പ്രേഷിത പ്രവത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെയും പി.സി എബ്രഹാം എന്ന കുഞ്ഞേട്ടന്റെയും നേതൃത്വത്തിൽ 1947 ഒക്ടോബർ മൂന്നിന് ആരംഭിച്ച ദൈവജന മുന്നേറ്റമാണ് ചെറുപുഷ്പ മിഷൻ ലീഗ്. ഭരണങ്ങാനത്ത് പ്രവർത്തനമാരംഭിച്ച ഈ സംഘടന പിന്നീട് കേരളത്തിലുടനീളവും ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിലും വളർന്നു പന്തലിച്ചു. വർഷങ്ങൾക്കു ശേഷം ഇന്ത്യയ്ക്കു പുറത്തുള്ള വിവിധ രാജ്യങ്ങളിൽ പ്രവർത്തനം വ്യാപിപ്പിച്ച മിഷൻ ലീഗ് അമേരിക്ക, കാനഡ, യു.കെ, അയർലണ്ട്, ഇറ്റലി, ജർമനി, ഓസ്ട്രേലിയ, ഖത്തർ എന്നിവിടങ്ങളിലും സജീവമായി പ്രവർത്തിച്ചുവരുന്നു. ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്ലാറ്റിനം ജൂബിലി സമാപന ആഘോഷങ്ങളോടനുബന്ധിച്ച് രണ്ട് വർഷം മുൻപാണ് ഔദ്യോഗിക അന്തർദേശീയ സമിതിയെ തെരഞ്ഞെടുത്തത്.

# കാട്ടുമൃഗ ആക്രമണങ്ങൾ തടയുന്നതിൽ സർക്കാർ അടിയന്തിരമായി ഇടപെടണം: മാർ ജോസഫ് പാംപ്ലാനി



ഇരിട്ടി: കാട്ടുമൃഗ ആക്രമണങ്ങൾ തടയുന്നതിൽ സർക്കാർ അടിയന്തിരമായി ഇടപെടണമെന്നു തലശേരി ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി. ആറളം ഫാമിലെ കാട്ടാനകളുടെ മനുഷ്യക്കുരുതി അവസാനിപ്പിക്കാൻ ഇടതുപക്ഷ സർക്കാരിന് കഴിയുമായിരുന്നുവെന്നും 2020ൽ ആരംഭിച്ച ആനമതിൽ പൂർത്തിയാക്കാനായില്ലെന്നതു സർക്കാരിന്റെ പരാജയമാണെന്നും ആർച്ചുബിഷപ് പറഞ്ഞു. വന്യമൃഗങ്ങളിൽനിന്നു ജനങ്ങൾക്കും കർഷകർക്കും സുരക്ഷയൊരുക്കണമെന്നാവശ്യപ്പെട്ട് കെ സി വൈ എം തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ എടൂരിൽ സംഘടിപ്പിക്കപ്പെട്ട രാപ്പകൽ ഉപവാസ സമരത്തിൽ മുഖ്യ അതിഥിയായി പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വന്യമൃഗശല്യം ഏതെങ്കിലും മതവിഭാഗക്കാരുടെയോ രാഷ്ട്രീയ കാഴ്ചപ്പാടുകളുടെയോ വിഷയമല്ല. കർഷകർക്കുവേണ്ടിയുള്ള ഇത്തരം സമരത്തിൽനിന്നു കർഷകപുത്രനായ തനിക്ക് മാറിനിൽക്കാനാകില്ലെന്നും ആർച്ചുബിഷപ് പറഞ്ഞു. ജീവിക്കാൻ അവകാശം നിഷേധിക്കപ്പെട്ട കർഷകർ സംഘടിക്കണം. കർഷകന്റെ കൃഷി സ്ഥലത്തിറങ്ങുന്ന വന്യമൃഗങ്ങളെ കൊന്നാൽ കേസെടുത്ത് പീഡിപ്പിക്കാനാണ് ശ്രമമെങ്കിൽ സംഘടിതമായി നേരിടുമെന്ന് ആർച്ചുബിഷപ് പറഞ്ഞു. വനം വകുപ്പിന്റെ ജോലി വനപാലനമാണ്. കർഷകരുടെ വീടുകളിലെ അടുക്കളയിൽ കയറി പരിശോധന നടത്തിയാൽ ഇനി കർഷകർ വെറുതെ ഇരിക്കില്ല. കർഷകരെ ദ്രോഹിക്കാനായി ഉണ്ടാക്കാൻ ശ്രമിച്ച കരിനിയമത്തെ മാറ്റിമറിക്കാൻ മലയോര കർഷകന്റെ ഇച്ഛാശക്തിക്ക് കഴിഞ്ഞിട്ടുണ്ടെങ്കിൽ ഒരു ഭീഷണിക്കും മർദനത്തിനും കർഷകസമൂഹത്തെ ഭയപ്പെടുത്താനാകില്ലെന്ന് അധികാരികൾ ഓർക്കണം.

വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥ തകർത്തത് വനം വകുപ്പ്തന്നെയാണ്. വയനാട്ടിലെ കാടുകളിൽ അക്കേഷ്യ മരങ്ങളും യൂക്കാലിപ്സ് മരങ്ങളും വച്ചുപിടിപ്പിച്ചതിലൂടെ വനംവകുപ്പ് കാടിന്റെ സ്വാഭാവിക ആവാസവ്യവസ്ഥ തകർക്കുകയാണു ചെയ്തത്. കാടിന്റെ സ്വാഭാവിക അവസ്ഥ നശിപ്പിച്ച വനംവകുപ്പോ അതോ കൃഷി ഭൂമിയിൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച കർഷകരോ വനം നശിപ്പിച്ചതെന്ന ചോദ്യത്തിനു സർക്കാർ മറുപടി പറയണം. വൻകിട കുത്തക കമ്പനിയുടെ കാർബൺ ഫണ്ടിനു മുന്നിൽ വീണുപോകുന്ന ചിലർ വന്യമൃഗങ്ങളെ കൃഷിഭൂമിയിലേക്കു കയറൂരി വിട്ട് മലയോര കർഷകരെ നിശബ്ദമായി കുടിയിറക്കാനുള്ള ഗൂഢശ്രമം നടത്തുന്നത് തിരിച്ചറിയണമെന്നും ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി ആവശ്യപ്പെട്ടു.

ആനമതിൽ നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുക, താൽക്കാലിക ഫെൻസിംഗ് സംവിധാനങ്ങൾ കാര്യക്ഷമമാക്കുക, ആറളം ഫാമിന്റെ ഉള്ളിലെ വനഭൂമി വെട്ടിത്തെളിക്കുക, സർക്കാർ നിശ്ചയിച്ചിരിക്കുന്ന ധനസഹായം പൂർണ്ണ തോതിൽ നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം നടന്നത്. ആർച്ചുബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട്, ഇരിക്കൂർ നിയോജക മണ്ഡലം എം.എൽ.എ അഡ്വ.സജീവ് ജോസഫ് എന്നിവർ സമരത്തിന് ഐകദാർഢ്യം അർപ്പിച്ച് സംസാരിച്ചു.

# മോൺ. പയസ് മലേക്കണ്ടത്തിൽ പോർച്ചുഗൽ സർവകലാശാല ഉപദേശക സമിതിയിൽ



മൂവാറ്റുപുഴ: മോൺ പയസ് മലേക്കണ്ടത്തിലിനെ പോർച്ചുഗലിലെ ലിബ്സൺ യൂണിവേഴ്സിറ്റി കലാ, ചരിത്ര വിഭാഗത്തിൽ സയന്റിഫിക് അഡ്വൈസറി കമ്മിറ്റിയിലെ സ്ഥിരാംഗമായി നിയമിച്ചു. 15 വർഷം ഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ ചരിത്രവിഭാഗം പ്രഫസറായി സേവനമനുഷ്ഠിച്ച മോൺ. പയസ് നിലവിൽ കോതമംഗലം രൂപത വികാരി ജനറാളും വാഴക്കുളം വിശ്വജ്യോതി എൻജിനിയറിംഗ് കോളജ്, മൂവാറ്റുപുഴ നിർമല കോളജ്, തൊടുപുഴ ന്യൂമാൻ കോളജ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജരുമണ്.

ഗോവ യൂണിവേഴ്സിറ്റിയിലും കാലടി ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റിയിലും അസോസിയേറ്റ് പ്രഫസറായി സേവനമനുഷ്ഠിച്ചിട്ടുള്ള മോൺ. പയസ് മലേക്കണ്ടത്തിൽ ഇരുപതിലേറെ പുസ്തകങ്ങൾ ജർമൻ, പോർച്ചുഗൽ ഭാഷകളിലും 120ഓളം ഗവേഷണ ലേഖനങ്ങൾ അന്തർദേശീയതലത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാരിടൈം ഹിസ്റ്ററി, ഇന്ത്യൻ സമുദ്രപഠനം, ഇന്ത്യയുടെ കച്ചവട ചരിത്രം, മധ്യകാല നഗര ചരിത്ര പഠനങ്ങൾ എന്നിവയിൽ അന്തർദേശീയതലത്തിൽ അറിയപ്പെടുന്ന ചരിത്രകാരൻകൂടിയാണ്.

# കടൽ മണൽ ഖനനം അംഗീകരിക്കാനാവാത്തത്: കെസിബിസി ജാഗ്രത കമ്മീഷൻ

ആയിരക്കണക്കിന് കോടി രൂപയുടെ ലാഭം ലക്ഷ്യം വച്ച് പരിസ്ഥിതിയെ അപകടത്തിലാക്കി കോർപ്പറേറ്റുകൾക്ക് കടൽ തീറെഴുതിക്കൊടുക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം അത്യന്തം അപലപനീയവും പ്രതിഷേധാർഹവുമാണ്. കടലിന്റെ സ്വാഭാവികതയ്ക്ക് തുരംഗം വയ്ക്കുന്ന ഇത്തരം പദ്ധതികൾ പുരോഗമനപരമായ നിലപാടുകൾ സ്വീകരിക്കുന്ന രാജ്യങ്ങൾ പരിഗണനയ്ക്ക് പോലുമെടുക്കുന്നതല്ലാതിരിക്കെ, ബ്ലൂ ഇക്കോണമി എന്ന അന്താരാഷ്ട്ര സുസ്ഥിര വികസന പദ്ധതിയെന്ന ആശയത്തെ തൽക്കാല കാര്യലാഭത്തിനുവേണ്ടി ദുർവ്യാഖ്യാനം ചെയ്ത് ദുരുപയോഗിക്കാനുള്ള നീക്കം അംഗീകരിക്കാനാവുന്നതല്ല.

സമുദ്രത്തിലെ വർധിത ചൂഷണം വലിയ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കിയിരുന്ന സാഹചര്യത്തിൽ, സമുദ്രത്തിന്റെ ആരോഗ്യവും പ്രതിരോധ ശേഷിയും സംരക്ഷിച്ചുകൊണ്ടുള്ള വരുമാന സമ്പാദനമെന്ന ആശയമാണ് ഐക്യരാഷ്ട്ര സഭയുടെ 2012 ലെ റിയോ ഉച്ചകോടി അംഗീകരിച്ച ബ്ലൂ ഇക്കോണമി എങ്കിൽ, കേന്ദ്ര സർക്കാർ 2021 ഫെബ്രുവരി 17-ന് പുറത്തിറക്കിയ കരട് നയരേഖ ഐക്യരാഷ്ട്രസഭയുടെ തീരുമാനങ്ങൾക്ക് കടകവിരുദ്ധമായിരുന്നു. ആ കരട് നയരേഖയ്ക്ക് മേൽ ശരിയായ വിധത്തിലുള്ള ആശയസ്വരൂപണത്തിന് പോലും സാവകാശം നൽകാതെ 2023 ഓഗസ്റ്റിലെ പാർലമെന്റ് സമ്മേളനത്തിൽ അത് പാസാക്കുകയുമുണ്ടായി. അതിനെ തുടർന്ന് ആദ്യഘട്ടമെന്ന വിധത്തിലാണ് ഇപ്പോൾ സ്വകാര്യ കമ്പനികളുടെ സഹകരണത്തോടെ കടൽ മണൽ ഖനനം ആരംഭിക്കാനുള്ള നീക്കം കേന്ദ്ര സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

കടുത്ത അതിജീവന പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്ന മൽസ്യ തൊഴിലാളികൾ, കടലാക്രമണം, കടലേറ്റം, തീരശോഷണം മുതലായ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്ന തീരദേശവാസികൾ, കടലിന്റെ സ്വാഭാവിക പരിസ്ഥിതിയിൽ കഴിയുന്ന അസംഖ്യം ജീവിവർഗ്ഗങ്ങൾ തുടങ്ങി കാലാവസ്ഥാ മാറ്റം സംബന്ധിച്ച് കടുത്ത പ്രതിസന്ധികൾ നേരിടുന്ന മുഴുവൻ ജനതയും വരെ ഇത്തരമൊരു നീക്കത്തിന് വലിയ വില കൊടുക്കേണ്ടതായി വരും. അതിനാൽ, അശാസ്ത്രീയമായ ഈ നീക്കത്തിൽനിന്ന് കേന്ദ്ര സർക്കാർ നിരുപാധികം പിൻവാങ്ങുകയാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. കടുത്ത അതിജീവന പ്രതിസന്ധികൾ മുന്നിൽ കണ്ടുകൊണ്ട് സമരത്തിനിറങ്ങാൻ നിർബന്ധിതരായിരിക്കുന്ന തീരദേശവാസികൾക്ക് ഐകദാർഢ്യം അറിയിക്കുന്നു.

# സമർപ്പിത ജീവിതം തിരുസഭാഗാത്രത്തിന്റെ തിരുനെറ്റിയിലെ തിലകക്കുറി: മാർ പോൾ ആലപ്പാട്ട്




കോയമ്പത്തൂർ: സമർപ്പിത ജീവിതം തിരുസഭാഗാത്രത്തിന്റെ തിരുനെറ്റിയിലെ തിലകക്കുറിയാണെന്ന് രാമനാഥപുരം രൂപതാധ്യക്ഷൻ മാർ പോൾ ആലപ്പാട്ട്. ആവില കോൺവെന്റ് സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന രാമനാഥപുരം രൂപത സമർപ്പിത സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്രതബദ്ധമായ ആത്മീയസൗന്ദര്യത്താൽ തിരുസഭയെ അലങ്കരിക്കുന്നതിലുള്ള സമർപ്പിതരുടെ പങ്കിനെക്കുറിച്ചും ഈ ആത്മീയ സൗന്ദര്യമാണ് പൗരോഹിത്യസന്യസ്ത വിളിയിലേ്ക്കുള്ള ആകർഷണമെന്നും മാർ ആലപ്പാട്ട് പറഞ്ഞു. സന്ന്യാസ സമൂഹങ്ങളിലെ പരസ്പര സഹായ സഹകരണങ്ങളും പ്രോത്സാഹനങ്ങളും വ്യക്തിപരമായ പുണ്യാഭിവൃദ്ധിക്കും സാമൂഹിക ഉന്നമനത്തിനും അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം പറഞ്ഞു.

# ദെബോറ മീറ്റ് 2K25: കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത വിമൻസ് കൗൺസിൽ സമ്മേളനം



താമരശ്ശേരി: മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപതയുടെ വിമൻസ് കൗൺസിൽ സമ്മേളനം നടന്നു. കത്തോലിക്ക കോൺഗ്രസ് ബിഷപ്പ് ലെഗേറ്റും താമരശ്ശേരി രൂപതാധ്യക്ഷനുമായ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. താമരശ്ശേരി രൂപതയിലെ സമുദായ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് പുത്തൻ ചുവടുവയ്പ് ആണ് ഈ വനിതാ സമ്മേളനം എന്നും, വിശുദ്ധ ബൈബിളിൽ പ്രതിപാദിക്കുന്ന ഇസ്രായേലിന്റെ പ്രതിസന്ധിയുടെ നടുവിൽ പ്രവാചകത്വത്തിന്റെയും ധീരതയുടെയും പ്രതീകമായി മാറിയ ദെബോറയെപ്പോലെ ഈ കാലഘട്ടത്തിൽ സമുദായം നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികളെ പരിഹരിക്കുന്നതിന് ധീരതയോടെ മുന്നിട്ടിറങ്ങാനുള്ള ദൗത്യം സമുദായത്തിലെ സ്ത്രീകൾക്കുണ്ട് എന്നും മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു.

താമരശ്ശേരി രൂപതയിലെ കത്തോലിക്കാ കോൺഗ്രസിന്റെ വിവിധ യൂണിറ്റുകളെ പ്രതിനിധീകരിച്ച് വനിതകളാണ് യോഗത്തിൽ പങ്കെടുത്തത്. ട്രീസ ലിസ് സെബാസ്റ്റ്യൻ മെൽവിൻ സിറിയക്. എം. പി. ജോസഫ്, ഡോ. ചാക്കോ കാളംപറമ്പിൽ എന്നിവർ ക്ലാസുകൾ നയിച്ചു.



മലയോര ജനതയുടെ വിശ്വാസ തീർത്ഥാടനം

# ഇടുക്കി രൂപത

## ഇടുക്കി രൂപത ഒറ്റനോട്ടത്തിൽ



**സ്വർഗീയ മധ്യസ്ഥൻ : മാർ സ്ലീവാ**
**മെത്രാൻ : മാർ ജോൺ നെല്ലിക്കുന്നേൽ**

| | |
|---|---|
| ഇടവക വൈദികർ | : 231 |
| സന്ന്യസ്ത/ മിഷൻ വൈദികർ | : 589 |
| വൈദിക വിദ്യാർത്ഥികൾ | : 93 |
| സന്ന്യാസിനികൾ | : 1050 |
| അത്മായർ | : 153000 |
| കുടുംബങ്ങൾ | : 35442 |
| ഫൊറോനകൾ | : 13 |
| ഇടവകകൾ | : 105 |
| സ്റ്റേഷൻ പള്ളികൾ | : 54 |
| പുരുഷ സന്ന്യാസ സമൂഹങ്ങൾ | : 15 |
| വനിതാ സന്ന്യാസ സമൂഹങ്ങൾ | : 32 |
| ട്രെയിനിംഗ് സെന്ററുകൾ | : 04 |
| ആർട്സ് & സയൻസ് കോളേജുകൾ | : 04 |
| സ്കൂളുകൾ | : 86 |
| കെയർഹോമുകൾ | : 07 |
| ആശുപത്രികൾ | : 03 |
| സ്പെഷ്യൽ സ്കൂളുകൾ | : 05 |
| ബാലഭവനുകൾ | : 13 |
| ബോർഡിങ്ങുകൾ | : 07 |
| കൗൺസിലിംഗ് സെന്ററുകൾ | : 07 |
| ഹോസ്റ്റലുകൾ | : 11 |
| ടെക്നിക്കൽ ട്രെയിനിംഗ് സെന്ററുകൾ | : 03 |
| വെൽഫെയർ സെന്ററുകൾ | : 09 |

## മാർ ജോൺ നെല്ലിക്കുന്നേൽ



**ജനനം :**
1973 മാർച്ച് 22

**പൗരോഹിത്യ സ്വീകരണം :**
1998 ഡിസംബർ 30

**മെത്രാൻ നിയമനം :**
2018 ജനുവരി 12

**മെത്രാഭിഷേകം:**
2018 ഏപ്രിൽ 05

## കുടിയേറ്റത്തിലും ക്ഷയിക്കാത്ത വിശ്വാസം ഇടുക്കിയുടെ പുണ്യം

രണ്ടാം ലോക മഹായുദ്ധം സമ്മാനിച്ച ഭക്ഷ്യ ദാരിദ്ര്യമകറ്റാൻ ഗവൺമെന്റ് കണ്ടെത്തിയ മാർഗ്ഗം ഭലഭൂയിഷ്ടമായ ഹൈറേഞ്ചിന്റെ മണ്ണിൽ കൃഷി ചെയ്യാൻ ആളുകളെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു. ഈ പ്രോത്സാഹനത്തിന്റെ ഫലമായാണ് 1950 കളിൽ നാട്ടിൻപുറങ്ങളിലെ വിശ്വാസത്തിന്റെ ആഴമേറിയ വേരോട്ടമുള്ള കുടുംബങ്ങളിൽ നിന്നും കരബലവും മനബലവുമുള്ള പൂർവ്വീകർ കുടിയേറ്റം ആരംഭിച്ചത്. മലഞ്ചെരുവിലെ കൊടും വനങ്ങൾ വെട്ടി തെളിച്ച് ജീവിതം കരുപ്പിടുപ്പിച്ച ഒരു തലമുറയുടെ ഊർജമാണ് ഇവിടുള്ള ദൈവാലയങ്ങൾ. മലമുകളിൽ തലയെടുപ്പോടെ നിലകൊള്ളുന്ന ദൈവാലയങ്ങളെല്ലാം തലമുറകളുടെ വിശ്വാസത്തിന്റെ സാക്ഷ്യമാണ്. ഹൈറേഞ്ചിൽ വിശ്വാസം അലങ്കാരമോ ജീവിത പരിതസ്ഥിതിയുടെ അടയാളമോ അല്ല. മറിച്ച് വിശ്വാസത്തിൽ മാത്രം പടുത്തുയർത്തിയ ജീവിതങ്ങളുടെ സാക്ഷ്യമാണ്. ഈ സാക്ഷ്യജീവിതങ്ങളുടെ വളർച്ചക്ക് സ്വർഗ്ഗം നൽകിയ അടയാളപ്പെടുത്തലാണ് ഇടുക്കി രൂപത . അവിഭക്ത കോതമംഗലം രൂപതയുടെ പ്രധാന ശ്രദ്ധയും കരുതലും ഹൈറേഞ്ചിലെ ജനതയുടെ വളർച്ചയായിരുന്നു. കോതമംഗലം രൂപതയിലെ ബഹു. വൈദീകരുടെ ത്യാഗപൂർണ്ണവും നിസ്വാർത്ഥവുമായ സേവന ഫലമാണ് ഇടുക്കിയുടെ വളർച്ച. 2002 ൽ കോതമംഗലം രൂപതയിലെ ഹൈറേഞ്ച് പ്രദേശം ഉൾപ്പെടുത്തി ഇടുക്കി രൂപത സ്ഥാപിതമായത് പ്രത്യാശയുടെ ഉണർത്തുപാട്ടായി. രൂപത എല്ലാ കാലത്തും ഇവിടുത്തെ ജനതക്ക് ഒപ്പമാണ്. ആത്മീയ കാര്യങ്ങളിലും സാമൂഹിക വിഷയങ്ങളിലുമെല്ലാം.

ഇടുക്കി രൂപതയുടെ പ്രഥമ ഇടയൻ

## മാർ മാത്യു ആനിക്കുഴിക്കാട്ടിൽ



| | |
|---|---|
| ജനനം | : 1942 സെപ്റ്റംബർ 23 |
| പൗരോഹിത്യ സ്വീകരണം | : 1971 മാർച്ച് 15 |
| മെത്രാൻ നിയമനം | : 2003 ജനുവരി 15 |
| മെത്രാഭിഷേകം | : 2003 മാർച്ച് 02 |
| വിരമിക്കൽ | : 2018 ഏപ്രിൽ 05 |
| മരണം | : 2020 മെയ് 01 |

## രൂപതയിൽ നിന്നുള്ള മറ്റ് മെത്രാന്മാർ



**മാർ ജോസഫ് അരുമച്ചാടത്ത്**
ഭദ്രാവതി



**മാർ മാത്യു നെല്ലിക്കുന്നേൽ**
ഗോരഖ്പൂർ

## ഫൊറോനകൾ

1. വാഴത്തോപ്പ്
2. പാറത്തോട്
3. വെള്ളയാംകുടി
4. നെടുംങ്കണ്ടം
5. അടിമാലി
6. മുരിക്കാശ്ശേരി
7. കൂമ്പൻപാറ
8. ഇരട്ടയാർ
9. കുഞ്ചിത്തണ്ണി
10. രാജാക്കാട്
11. തങ്കമണി
12. ചുരുളി
13. മാങ്കുളം

## നാൾവഴികൾ

15-01-2003 : കോതമംഗലം രൂപത വിഭജിച്ച് ഇടുക്കി രൂപത സ്ഥാപിച്ചുകൊണ്ടുള്ള പ്രഖ്യാപനം. രൂപതയുടെ പ്രഥമ മെത്രാനായി ഫാ. മാത്യു ആനിക്കുഴിക്കാട്ടിൽ.

02-03-2003 : ഇടുക്കി രൂപതയുടെ ഔദ്യോഗിക ഉദ്ഘാടനവും മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ മെത്രാഭിഷേകവും സ്ഥാനരോഹണവും.

09-06-2003 : മാർ എഫ്രേം മൈനർ സെമിനാരി ആരംഭം.

08-05-2005 : പുതിയ കത്തീഡ്രൽ ദൈവാലയ ശിലാസ്ഥാപനം.

05-01-2006 : മാർ എഫ്രേം മൈനർ സെമിനാരിയുടെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം.

01-12-2011 : ക്രിസ്തുജ്യോതി പാസ്റ്ററൽ സെന്റർ ഉദ്ഘാടനം.

27-10-2012 : മാർ സ്ലീവാ കോളേജ് ഉദ്ഘാടനം.

10-11-2014 : വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ദൈവാലയ കൂദാശ

12-01-2018 : മാർ മാത്യു ആനിക്കുഴികാട്ടിൽ പിതാവിന്റെ പിൻഗാമിയായി ഫാ. ജോൺ നെല്ലിക്കുന്നേൽ.

05-04-2018 : മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും.

01-11-2019 : അരുണാചൽ സാന്താ മരിയ മിഷന് സമാരംഭം.

05-01-2020 : മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ദിവംഗതനായി

22-10-2020 : അരുണാചൽപ്രദേശ് സാന്ത മരിയ മിഷന്റെ ഔദ്യോഗിക ഉദ്ഘാടനം.

01-01-2023 : പുതിയ മെത്രാസന മന്ദിരത്തിന്റെ ശിലാസ്ഥാപനം.

08-12-2022 : രാജാക്കാട് സെന്റ് ജോസഫ് ഫോർമേഷൻ സെന്ററിന്റെ ഉദ്ഘാടനം.

11-02-2023 : നെടുംങ്കണ്ടം കരുണ ആനിമേഷൻ & ഡിവൈൻ മേഴ്സി റിട്രീറ്റ് സെന്ററിന്റെ ഉദ്ഘാടനം.

16-05-2023 : പ്രഥമ രൂപതാദിനാഘോഷം വെള്ളയാംകുടിയിൽ.

26-11-2023 - 28-11-2023 : ഇടുക്കി രൂപതയുടെ പ്രഥമ എപ്പാർക്കിയൽ അസംബ്ലി.

18-01-2024 : രൂപതയുടെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ തീർത്ഥാടന ദൈവാലയമായി നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയ കൂദാശ.

27-01-2025 : ഇടുക്കി രൂപതയുടെ ലിറ്റർജിക്കൽ ആർട്ട് & റിസർച്ച് സെന്റർ മോന്തെ മരിയ സാന്തുവാരിയോ ഉദ്ഘാടനം.

## ബേത്‌ലെഹേം കാരിത്താസ്

ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ കഴിഞ്ഞ 11 വർഷങ്ങളായി നടന്നുവരുന്ന ജീവകാരുണ്യ ശുശ്രൂഷയായ ബേത്‌ലേഹം കാരിത്താസ്, ഇടുക്കി മെഡിക്കൽ കോളേജിലും പാറേമാവ് ആയുർവേദ ആശുപത്രിയിലും ചികിത്സയിൽ കഴിയുന്ന പാവപ്പെട്ടവരും നിർധനരുമായ രോഗികൾക്കും അവരെ പരിചരിക്കുന്നവർക്കും എല്ലാ ദിവസവും അത്താഴം നൽകുന്നു.

## സ്ഥാപനങ്ങൾ



മാർ എഫ്രേം മൈനർ സെമിനാരി



ആത്മജ്യോതി പാസ്റ്ററൽ സെന്റർ



കരുണ ആനിമേഷൻ സെന്റർ



പാവനാത്മ കോളേജ്



മാർ സ്ലീവാ കോളേജ്



ജ്യോതിസ് ITC



സെന്റ് മേരീസ് സെൻട്രൽ സ്കൂൾ



മോന്തെ മരിയ സാന്തുവാരിയോ

## സാന്ത മരിയ മിഷൻ അരുണാചൽപ്രദേശ്

സഭ സ്വഭാവത്താലെ പ്രേഷിതയാണ്. മാമ്മോദീസ സ്വീകരിച്ച എല്ലാവരുടെയും കടമയാണ് സുവിശേഷ പ്രഘോഷണം എന്ന വലിയ ബോധ്യത്തിൽ ഉറച്ച് നിന്നുകൊണ്ട് ഇടുക്കി രൂപത 2019-ൽ ആരംഭിച്ചതാണ് അരുണാചൽപ്രദേശിലെ സാന്ത മരിയ മിഷൻ. ഇന്ന് അഞ്ച് സെന്ററുകളിലായി 14 വൈദികരും 5 സന്യസ്തരും 2 വൈദിക വിദ്യാർത്ഥികളും സേവനം ചെയ്യുന്നു.





## പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ



### എഴുംകുംവയൽ കുരിശുമല

കിഴക്കിന്റെ മലയാറ്റൂർ എന്നറിയപ്പെടുന്ന എഴുകുംവയൽ കുരിശുമലയിലേക്ക് എല്ലാവർഷവും നാല്പതാം വെള്ളിയാഴ്ച രൂപതാധ്യക്ഷന്റെ നേതൃത്വത്തിൽ ആയിരക്കണക്കിന് വിശ്വാസികൾ കാൽനട തീർത്ഥാടനം നടത്തുന്നു.



### രാജകുമാരി ദൈവമാതാ പള്ളി

ഹൈറേഞ്ചിലെ പ്രസിദ്ധ മരിയൻ തീർത്ഥാടന കേന്ദ്രമായ രാജകുമാരി ദൈവമാതാ തീർത്ഥാടന ദൈവാലയത്തിലേക്ക് എട്ടുനോമ്പിലെ ശനിയാഴ്ച രൂപതാധ്യക്ഷന്റെ നേതൃത്വത്തിൽ ആയിരങ്ങൾ പങ്കെടുക്കുന്ന കാൽനട ജപമാല തീർത്ഥാടനം നടത്തുന്നു.

# ലോകം മുഴുവന്റെയും പ്രാർഥനകൾക്ക് മധ്യേ മാർപാപ്പ





ഫ്രാൻസിസ് മാർപാപ്പയ്ക്കു വേണ്ടിയുള്ള പ്രാർഥനകളിൽ മുഴുകി ലോകം. ശ്വാസനാള വീക്കത്തെത്തുടർന്നാണ് 2025 ഫെബ്രുവരി 14-ന് മാർപാപ്പയെ റോമിലെ ജെമെല്ലി ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചത്. വിദഗ്ദ്ധപരിശോധനയിൽ പാപ്പയ്ക്ക് ബൈലാറ്ററൽ ന്യുമോണിയ കണ്ടെത്തുകയായിരുന്നു. തുടർന്ന് ശക്തമായ മരുന്നുകൾ അടങ്ങിയ ചികിത്സ ആരംഭിച്ചു. ഇതേതുടർന്നാണ് ലോകം മുഴുവനുമുള്ള വിശ്വാസികളും പാപ്പായെ സ്നേഹിക്കുന്നവരും പാപ്പയ്ക്കു വേണ്ടിയുള്ള ശക്തമായ പ്രാർഥനകൾ ആരംഭിച്ചത്. ലോകം ആകാംക്ഷാപൂർവ്വമാണ് ആശുപത്രിയിൽ നിന്നുള്ള അപ്ഡേഷൻസിനുവേണ്ടി കാത്തിരുന്നത്.

വൃക്കകളുടെ പ്രശ്നം പരിഹരിക്കപ്പെട്ടുവെന്നും സിടി സ്കാൻ പരിശോധന ഫലത്തിലും രക്തപരിശോധനയിലും പുരോഗതിയുണ്ടെന്നും വ്യക്തമാക്കുന്ന റിപ്പോർട്ട് പുറത്തുവന്നിരുന്നുവെങ്കിലും ഫെബ്രുവരി 28 വെള്ളിയാഴ്ച പാപ്പയുടെ ആരോഗ്യനില പെട്ടെന്ന് മോശമായി. ശർദിയും ശ്വാസതടസവും മൂലം ആരോഗ്യനില മോശമായതിനെതുടർന്ന് മെക്കാനിക്കൽ വെന്റിലേഷൻ നല്കി. മാർച്ച് രണ്ടിന് പുറത്തിറക്കിയ റിപ്പോർട്ടുപ്രകാരം പാപ്പയ്ക്ക് നിലവിൽ പനിയോ അണുബാധയുടെ മറ്റ് ലക്ഷണങ്ങളോ ഇല്ല. നോൺ-ഇൻവേസിവ് വെന്റിലേഷനും ഓക്സിജൻ തെറാപ്പിയും മാറിമാറി നടത്തുന്നുമുണ്ട്. ശനിയാഴ്ച വിശുദ്ധ കുർബാന സ്വീകരിച്ച പാപ്പ പ്രാർഥനയിൽ സമയം ചെലവഴിക്കുകയും ചെയ്തു.

ചികിത്സയിൽ കഴിയുമ്പോഴും പാപ്പ പ്രവർത്തനനിരതനായിരുന്നുവെന്ന് തെളിയിക്കുന്ന രണ്ടുസംഭവങ്ങളും ശ്രദ്ധേയമായിരുന്നു. ജപമാലയുടെ അപ്പസ്തോലനായി അറിയപ്പെടുന്ന ബർത്തലോ ലോംഗോയെയും പാവങ്ങളുടെ ഡോക്ടർ എന്ന് അറിയപ്പെടുന്ന ഡോക്ടർ ജോസ് ഗ്രിഗോറിയ ഹെർണാണ്ടസിനെയും വിശുദ്ധരായി പ്രഖ്യാപിക്കുന്നതിനുള്ള അംഗീകാരം പാപ്പ നല്കിയതും മറ്റ് അഞ്ചുപേരെ ധന്യരായി പ്രഖ്യാപിക്കാനുള്ള ഡിക്രിയിൽ ഒപ്പുവച്ചതും ആശുപത്രിദിനങ്ങളിലായിരുന്നു.

ഗാസ മുനമ്പിലെ ഏക കത്തോലിക്കാ ഇടവകയായ ഹോളിഫാമിലി ഇടവക വികാരി ഫാ. ഗബ്രിയേൽ റൊമാനെല്ലിയെ ആശുപത്രിയിൽ നിന്ന് ഫോൺ ചെയ്തതായിരുന്നു മറ്റൊരു സംഭവം. ഗാസയിൽ യുദ്ധം ആരംഭിച്ചതുമുതൽ എല്ലാ ദിവസവും ഫോൺ വിളിക്കാറുണ്ടായിരുന്ന പാപ്പ, ശ്വാസതടസം നേരിട്ട് ആശുപത്രിയിൽ കഴിയുമ്പോഴും മുടക്കം വരുത്തിയില്ല.

ജെമെലി ആശുപത്രിയിൽ പാപ്പായെ പ്രത്യേകം സമർപ്പിച്ച് ദിവ്യകാരുണ്യാരാധനയും വിശുദ്ധ കുർബാനയും നടന്നിരുന്നു. മാത്രവുമല്ല എല്ലാ ദിവസത്തെയും ജപമാലയിലും പാപ്പയുടെ ആരോഗ്യത്തിനുവേണ്ടിയുള്ള പ്രാർഥനകൾ നടക്കുന്നുണ്ട്. ജെമെല്ലി ഹോസ്പിറ്റലിലെ ഡോക്ടർമാരും നേഴ്സുമാരും ആരോഗ്യപ്രവർത്തകരും സെന്റ് പീറ്റേഴ്സ് ബസിലിക്കയിലേക്ക് ജൂബിലി തീർഥാടനം നടത്തിയും പാപ്പയ്ക്കുവേണ്ടി പ്രാർഥിച്ചു.

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയ്ക്കുവേണ്ടി പ്രാർഥിക്കാം

നമുക്കു ലഭിച്ചുകൊണ്ടിരിക്കുന്ന വിവരമനുസരിച്ച്, ന്യുമോണിയ ബാധിതനായി റോമിലെ ജെമെല്ലി ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്ന പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ആരോഗ്യസ്ഥിതി ആശങ്കാജനകമാണ്. അതിനാൽ, പരിശുദ്ധ പിതാവിനുവേണ്ടി പ്രത്യേകം പ്രാർഥിക്കാൻ സീറോമലബാർ സഭയിലെ എല്ലാവരോടും അഭ്യർഥിക്കുന്നു. നമ്മുടെ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനയർപ്പണത്തിന്റെയും മറ്റു പ്രാർഥനകളുടെയും അവസരങ്ങളിലും ഭവനങ്ങളിലെ വൈകുന്നേരമുള്ള പ്രാർഥനകളിലും ആശുപത്രി വിടുന്നതുവരെ പരിശുദ്ധ പിതാവിനെ പ്രത്യേകമായി ഓർക്കേണ്ടതാണ്. ദൈവത്തിന്റെ സ്നേഹമാർന്ന പരിപാലനയിൽ ഫ്രാൻസിസ് മാർപാപ്പയെ നമുക്കു സമർപ്പിക്കാം. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ തോമാശ്ലീഹയുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യം അപേക്ഷിക്കുകയും ചെയ്യാം.

✠ റാഫേൽ തട്ടിൽ
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

# സിനഡൽ മേജർ സെമിനാരികൾക്ക് പുതിയ റെക്ടർമാർ



റവ. ഫാ. ഡോമിനിക് വെച്ചൂർ



റവ. ഫാ. സ്റ്റാൻലി പുൽപ്രയിൽ



റവ. ഫാ. മാത്യു പട്ടമന

കാക്കനാട്: സീറോമലബാർസഭയുടെ കേരളത്തിലെ മൂന്നു സിനഡൽ മേജർ സെമിനാരികൾക്ക് പുതിയ റെക്ടർമാർ നിയമിതരായി. മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയുടെ റെക്ടറായി റവ.ഡോ. സ്റ്റാൻലി പുൽപ്രയിൽ, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ റെക്ടറായി റവ. ഡോ. ഡൊമിനിക് വെച്ചൂർ, കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയുടെ റെക്ടറായി റവ. ഡോ. മാത്യു പട്ടമന എന്നിവരാണ് നിയമിതരായിരിക്കുന്നത്. മംഗലപ്പുഴ സെമിനാരിയുടെ റെക്ടറായി 2024 ഓഗസ്റ്റ് മാസത്തിൽ നടന്ന സിനഡു തിരഞ്ഞെടുത്ത ഫാ. സ്റ്റാൻലിയെ വത്തിക്കാനിലെ പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയമാണ് നിയമിച്ചത്. പൊന്തിഫിക്കൽ സെമിനാരിയായതിനാലാണു സിനഡു തിരഞ്ഞെടുക്കുന്ന വൈദികനെ വത്തിക്കാനിൽനിന്നു നിയമിക്കുന്നത്. വടവാതൂർ, കുന്നോത്ത് മേജർ സെമിനാരികളുടെ റെക്ടർമാരായി 2025 ജനുവരി മാസത്തിൽ നടന്ന സിനഡു തിരഞ്ഞെടുത്ത ഫാ. ഡൊമിനിക്, ഫാ. മാത്യു എന്നിവരെ സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവാണ് നിയമിച്ചത്. അഞ്ചുവർഷത്തേക്കാണ് നിയമന കാലാവധി.

സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ ഫാ. ഡൊമിനിക് വെച്ചൂരിന്റെയും ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരി കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഫാ. മാത്യു പട്ടമനയുടെയും സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ടോണി നീലങ്കാവിൽ ഫാ. സ്റ്റാൻലി പുൽപ്രയിലിന്റെയും നിയമനപ്രഖ്യാപനം നടത്തി.




Syromalabar Vision (Private circulation only), Published by Major Archiepiscopal Curia, Mount St. Thomas, PB No 3110, Kakkanad P.O, Kochi - 682030, Kerala, India
E mail: syromalabarvision@gmail.com, Design & Print at Don Bosco Igact, Ernakulam